# ആക്കനാട്ടുതുണ്ടിൽ തോമസച്ചൻ

## (സത്യ സഭാവിശ്വാസത്തിന്റെ നിത്യപ്രതീകം)

---

**Akkanattu Thundil Thomas Achen**
(Biography)

By **Jacob Jose**
Cherumala Padinjarathil
Mangaram, Pandalam

| | | |
|---|---|---|
| First Edition | : | April 2002 |
| Publisher | : | **Boby Mathews** |
| Cover | : | Equation, Kottayam Ph. 564736 |
| DTP & Printing | : | Sophia Print House, Kottayam Ph. 303237 |

**Rs. 30**

# ആക്കനാട്ടുതുണ്ടിൽ തോമസച്ചൻ

## (സത്യ സഭാവിശ്വാസത്തിന്റെ നിത്യപ്രതീകം)


**ജേക്കബ് ജോസ്, പന്തളം**

പ്രസാധകൻ

**ബോബി മാത്യൂസ് (യു. എസ്. എ)**

**ചെറുമല പടിഞ്ഞാറേതിൽ**

**മങ്ങാരം, പന്തളം**



പ്രസാധകൻ

**ബോബി മാത്യൂസ്**

**സ്വയംസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശസമ്പൂർണ്ണനും**
**ആയ ത്രീയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)**
**വിശുദ്ധ മാർത്തോമ്മാശ്ലീഹായുടെ സിംഹാസനത്തിന്മേൽ**
**ആരൂഢനായിരിക്കുന്ന**
**പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ**
**മോറാൻ മാർ ബസേലിയോസ്**
**മാർ തോമ്മാ മാത്യൂസ് ദ്വിതീയൻ**

# സഭാദ്ധ്യക്ഷന്റെ ആശംസ

**അ**ര നൂറ്റാണ്ടുകാലം പന്തളം അറത്തിൽ സെന്റ് ജോർജ് പള്ളി വികാരിയായിരുന്ന പുണ്യസ്മരണാർഹനായ ആക്കനാട്ടു തുണ്ടിൽ തോമസച്ചന്റെ ഒരു ലഘു ജീവചരിത്രം പ്രസിദ്ധപ്പെടുത്തുന്നതിൽ വളരെ സന്തോഷമുണ്ട്. പഴയകാലത്തു നിലവിലിരുന്ന സാമ്പത്തിക പ്രാരബ്ധങ്ങൾ വക വെയ്ക്കാതെ പന്തളം ഇടവകയേയും ദൂരത്തും ചാരത്തുമുള്ള പല ഇടവകകളെയും നിസ്വാർത്ഥമായി സ്നേഹിക്കുകയും നയിക്കുകയും ചെയ്ത അച്ചന്റെ സ്മരണ നിലനിർത്തേണ്ടത് അത്യാവശ്യമാണ്. അതിന് ഈ ചെറുഗ്രന്ഥം ഉപകരിക്കും എന്നതിനു സംശയമില്ല.

പ്രലോഭനങ്ങൾ ഉണ്ടായിട്ടും സത്യവിശ്വാസം സംരക്ഷിക്കുന്നതിലും സഭാസ്നേഹത്തിലും തോമസ് അച്ചൻ പ്രകടിപ്പിച്ച ആത്മാർത്ഥത, അനുകരണീയവും മഹനീയവുമാണെന്ന് എടുത്തു പറയാൻ നാം ആഗ്രഹിക്കുന്നു.

ഈ സംരംഭത്തിന് എല്ലാ വിജയങ്ങളും നേരുന്നു; ബന്ധപ്പെട്ടവരെ അനുമോദിക്കുകയും ചെയ്യുന്നു.

ദൈവം അനുഗ്രഹിക്കട്ടെ.



**ബസ്സേലിയോസ് മാർത്തോമ്മാ**
**മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവാ**

കോട്ടയം
10 - 4 - 2002


# Malankara Orthodox Syrian Church

(CATHOLICATE OF THE EAST)

**DIOCESE OF CHENGANNUR**

**Most. Rev. Thomas Mar Athanasios**

METROPOLITAN

Res: Othera Dayara
Othera - 689 546
Kerala, India
Ph: 0473-656808

Office: Bethel Aramana
Chengannur-689 121
Kerala, India
Ph: 0479-453310,451331


# ത്യാഗനിർഭരമായ ജീവിതം

നമുക്കെത്രയും വാത്സല്യമുള്ള പന്തളം ചെറുമല പടിഞ്ഞാറേതിൽ ശ്രീമതി കെ. പി. ഏലിയാമ്മയ്ക്ക് വാഴ്വ്.


പ്രിയ മകളെ,

നിത്യ സ്മരണാർഹനായ ആക്കനാട്ട് തുണ്ടിൽ ബഹു. തോമസച്ചന്റെ ത്യാഗനിർഭരമായ ജീവിതത്തെ ആസ്പദമാക്കി ഒരു പുസ്തകം തയ്യാറാക്കുന്നു എന്നറിയുന്നതിൽ നാം വളരെ സന്തോഷിക്കുകയും ഇതിനായി പരിശ്രമിക്കുന്ന ഏവരെയും അനുമോദിക്കുകയും ചെയ്യുന്നു. ബഹു. തോമസച്ചൻ പല സവിശേഷതകളും ഉള്ള വ്യക്തിയായിരുന്നു. ചെങ്ങന്നൂർ ഭദ്രാസനത്തിൽപെട്ട അറത്തിൽ സെന്റ് ജോർജ് ഇടവകാംഗമായ അച്ചന് ഉന്നത ബിരുദങ്ങളോ എടുത്തു പറയത്തക്ക വേദശാസ്ത്ര പാണ്ഡിത്യമോ, നിറഞ്ഞ ഭാവഹാവാദികളോ ഇല്ലായിരുന്നു. എന്നാൽ പ്രാർത്ഥനയാലും നോമ്പുപവാസങ്ങളാലും ഇടവക ജനങ്ങളോടുള്ള സ്നേഹമസൃണമായ പെരുമാറ്റങ്ങളാലും അച്ചന്, ഒരിക്കൽ മാത്രം പരിചയപ്പെട്ടവരുടെ മനസ്സിൽ പോലും മായാത്ത വ്യക്തിമുദ്ര പതിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഇന്നത്തെ വൈദികർക്കുള്ള സേവന വേതന വ്യവസ്ഥകളോ, കൃത്യമായി ശമ്പളം കൊടുക്കുന്ന സമ്പ്രദായമോ, വാഹന സൗകര്യമോ ഒന്നും ഇല്ലാതിരുന്ന ആ കാലഘട്ടത്തിൽ വൈദികവൃത്തി സ്വീകരിക്കുന്നതു തന്നെ വലിയ സാഹസമായിരുന്നു. പക്ഷേ ആ സാഹസത്തിന് അദ്ദേഹം മുതിർന്നു. അത്രയൊന്നും ഉറച്ച സാമ്പത്തികസ്ഥിതി ഇല്ലാതിരുന്ന ഒരു കുടുംബത്തിന്റെ നായകനായ അച്ചന് കിട്ടുന്ന ശമ്പളം തുലോം തുഛമായിരുന്നു. റീത്തു പ്രസ്ഥാനം സ്ഥാപിച്ചു മാർ ഈവാനിയോസ് വേണ്ടതെല്ലാം നൽകാമെന്ന് ഉറപ്പു നൽകിയിട്ടും പ്രസ്തുത പരീക്ഷയിൽ - പ്രലോഭനത്തിൽ - വീഴാതെ പിടിച്ചു നിൽക്കുവാൻ ബഹു. തോമസച്ചനെപ്പോലെ വളരെ

കുറച്ചു പേർക്കെ കഴിയുമായിരുന്നുള്ളൂ.

സഭയ്ക്കും സമൂഹത്തിനും വേണ്ടി ത്യാഗം ചെയ്യാനും വേദന സഹിക്കുവാനും മനസ്സുള്ളവരുടെ സംഖ്യ അനുദിനം കുറഞ്ഞുകൊണ്ടിരിക്കുന്ന ഇന്നത്തെ കാലഘട്ടത്തിൽ ആക്കനാട്ടു തുണ്ടിൽ തോമസച്ചന്റെ ജീവിതവും സഭാപ്രവർത്തനവും ഒരു വെല്ലുവിളിയാണ്. ആധുനിക തലമുറയിൽ പെട്ടവർ പണത്തിനും, പ്രതാപത്തിനും, പദവിക്കും വേണ്ടി നെട്ടോട്ടം ഓടുമ്പോൾ ഇതാ ഒരു വൈദികശ്രേഷ്ഠൻ പണവും പ്രതാപവും പദവിയും തനിക്കു വേണ്ടാ എന്നു പറഞ്ഞു കർത്താവിന്റെ ക്രൂശിൽ മാത്രം പ്രശംസിക്കുവാൻ തയ്യാറായി മുമ്പോട്ടു വന്നു. ഈ ശ്രേഷ്ഠാചാര്യന്റെ മാതൃകായോഗ്യമായ ജീവിതം നമുക്കേവർക്കും ഉത്തമ മാതൃകയാകുന്നു. ബഹു. അച്ചന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കുന്നു.

ദൈവം അനുഗ്രഹിക്കട്ടെ.



**തോമസ് മാർ അത്താനാസിയോസ്**
**മെത്രാപ്പോലീത്താ**



# ST. GEORGE ORTHODOX CHURCH
## ARATHIL, PANDALAM

MUDIYOORKONAM.P.O. PATHANAMTHITTA (DIST)
KERALA. PIN: 689 516, PHONE: 0473 - 451516

# സന്തോഷവും ആശംസയും

മലങ്കരസഭയിലെ പുരാതന ദേവാലയങ്ങളിലൊന്നായ പന്തളം അറത്തിൽ സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളിയിലെ വികാരിയായി ദീർഘകാലം സേവനം അനുഷ്ഠിക്കുകയും സഭയ്ക്കു വേണ്ടി പല നിർണ്ണായക ഘട്ടങ്ങളിലും പതറാതെ അടിയുറച്ച് നിൽക്കുകയും മരണംവരെ മാതൃകാപരമായ ദൈവിക ശുശ്രൂഷയിൽ വ്യാപൃതനാവുകയും ചെയ്ത ബ. ആക്കനാട്ടുതുണ്ടിൽ തോമസ് കത്തനാരുടെ സചിത്ര ജീവചരിത്രം അറത്തിൽ പള്ളി കൂദാശയോടനുബന്ധിച്ച് പ്രകാശനം ചെയ്യുന്നതിൽ ഇടവകക്കാരോടൊപ്പം വികാരിയായ ഞാനും അതിയായി സന്തോഷിക്കുന്നു.

സാമ്പത്തിക ബുദ്ധിമുട്ടുകളും വാഹനയാത്രാ സൗകര്യരാഹിത്യവും ഉണ്ടായിരുന്ന കാലത്ത് മൈലുകൾ നടന്നു വി. കുർബ്ബാന അർപ്പിക്കുവാൻ തയ്യാറായിരുന്ന അദ്ദേഹത്തിന്റെ സഭാസ്നേഹവും ദൈവഭക്തിയും ആർക്കും നിഷ്പ്രയാസം മനസിലാക്കാനാവും. വർഷങ്ങൾക്കു മുമ്പേ ഈ പുസ്തകം രചിക്കേണ്ടതായിരുന്നു. പല കാരണങ്ങളാൽ വൈകിയെങ്കിലും ഇതു പ്രസിദ്ധീകരിക്കാൻ ശ്രമിച്ച ബന്ധപ്പെട്ട എല്ലാവർക്കും എന്റെ പേരിലും, അറത്തിൽ പള്ളിയുടെ പേരിലും സന്തോഷവും ആശംസകളും അറിയിക്കട്ടെ.

സ്നേഹപൂർവ്വം

**ഫാ. സി. പി. ചാക്കോ**
**ചക്കാലയിൽ**



പന്തളം
1 - 3 - 2002

## അവതാരിക

# സഭാ സ്നേഹത്തിന്റെ പര്യായം

**ക**ഴിഞ്ഞ നൂറ്റാണ്ടിൽ മലങ്കര സഭയിൽ എല്ലാ അർത്ഥത്തിലും ധന്യ ജീവിതം നയിച്ചു കടന്നുപോയ ആക്കനാട്ടു തുണ്ടിൽ തോമസ് കത്തനാരുടെ ലഘു ജീവചരിത്രം അല്പം വൈകിയാണെങ്കിലും പ്രസിദ്ധപ്പെടുത്തിക്കാണുന്നതിൽ വളരെയധികം സന്തോഷമുണ്ട്. ഞാൻ 1950 മുതൽ തുമ്പമൺ ഭദ്രാസന സെക്രട്ടറിയായി പ്രവർത്തിച്ച കാലയളവിൽ പന്തളം അറത്തിൽ പള്ളി വികാരിയായിരുന്ന തോമസ് അച്ചനെ നേരിട്ടു പരിചയപ്പെടുന്നതിനും അദ്ദേഹത്തിൽ വിളങ്ങിയിരുന്ന സദ്ഗുണങ്ങൾ മനസ്സിലാക്കുന്നതിനും സാധിച്ചിട്ടുണ്ട്. ഇടവക സംബന്ധമായ പല കാര്യങ്ങൾക്കും പത്തനംതിട്ടയിലെ ഭദ്രാസന കേന്ദ്രത്തിൽ വന്നിരുന്ന അവസരങ്ങളിൽ കഴിവുള്ള ഒത്താശകൾ ചെയ്തു കൊടുത്തിട്ടുള്ളതായും ഓർക്കുന്നു.

ചെറിയ ഒരു പള്ളിയുടെ ചുമതല വഹിച്ചിരുന്ന അദ്ദേഹം സാമ്പത്തികമായി വളരെയധികം ബുദ്ധിമുട്ട് അനുഭവിച്ചിട്ടുണ്ട്. അതേ സമയം സഭയുടെ സത്യവിശ്വാസം അന്യൂനം പാലിക്കുന്നതിലും വിശ്വാസികളുടെ ആധ്യാത്മിക ജീവിതം പരിപോഷിപ്പിക്കുന്നതിലും അദ്ദേഹം പ്രകടിപ്പിച്ച ആത്മാർത്ഥതയും നിഷ്ഠയും അന്യൂനവും അതുല്യവുമായിരുന്നു. ആ സമ്പന്നമായ പാരമ്പര്യത്തിന്റെയും മാതൃകയുടെയും മുമ്പിൽ ആരും കുമ്പിട്ടു പോകും.

ബഥനിയിൽ നിന്നു മാർ ഈവാനിയോസ് മെത്രാപ്പോലീത്താ ധനസമൃദ്ധിയുള്ള റോമൻ കത്തോലിക്കാ സഭയിൽ ചേർന്നപ്പോൾ, സാമ്പത്തിക പ്രാരബ്ധങ്ങളിലൂടെ നീങ്ങിയിരുന്ന തോമസച്ചനെ പല പ്രലോഭന വാഗ്ദാനങ്ങൾ നൽകി വലയിലാക്കാൻ പരമാവധി ശ്രമിച്ചു എങ്കിലും സത്യവിശ്വാസത്തിൽ പാറ പോലെ ഉറച്ചുനിന്ന തോമസച്ചനെ ഒട്ടും ഉലയ്ക്കാൻ സാധിച്ചില്ല. ഈ ഒറ്റക്കാരണത്താൽ അച്ചന്റെ ധന്യജീവിതം എക്കാലവും സഭാന്തരീക്ഷത്തിൽ തിളങ്ങുന്ന നക്ഷത്രം പോലെ പ്രകാശിക്കുമെന്നു പറയുന്നതിൽ അഭിമാനമുണ്ട്.

എൺപതു വർഷം മുമ്പ് അദ്ദേഹം കോഴഞ്ചേരി വഞ്ചിത്ര പള്ളി വികാരിയായിരുന്നു. എന്റെ മാതാവ് വഞ്ചിത്ര കാഞ്ഞിരംപറമ്പിൽ ശോശാമ്മ ആ ഇടവകക്കാരിയും ഞാൻ മൂത്ത പുത്രനും ആയിരുന്നതിനാൽ എന്നെ മാമോദീസാ മുക്കിയത് വഞ്ചിത്ര പള്ളിയിലെ വികാരി തോമസച്ചനാണ്. അങ്ങനെ അദ്ദേഹം എന്റെ ആത്മീയ പിതാവായിത്തീർന്നു. കൂടാതെ എന്റെ മാതൃ സഹോദരനും ഒരു പ്രമുഖ കൃഷിക്കാരനുമായിരുന്ന തോമ്മാച്ചൻ അക്കാലത്തെ സുറിയാനിയിലുള്ള ആരാധന ശരിക്കു വശമാക്കിയിരുന്നതിനാൽ അച്ചനോടൊപ്പം ശുശ്രൂഷയ്ക്കു കൂടുകയും അങ്ങനെ അച്ചനു ഞങ്ങളുടെ കുടുംബവുമായി അടുത്ത ബന്ധം ഉണ്ടാകുകയും ചെയ്ത ഒരു വസ്തുതയും എടുത്തു പറയാനാഗ്രഹിക്കുന്നു. സാമ്പത്തിക



പ്രശ്നങ്ങളൊന്നും അച്ചന്റെ അനുകരണീയമായ സഭാ സേവനത്തെയോ സഭാംഗങ്ങളുടെ ആത്മീയ ആവശ്യ നിർവഹണത്തെയൊ ബാധിച്ചിരുന്നില്ലെന്നുള്ള വസ്തുത എത്ര ഊന്നിപ്പറഞ്ഞാലും അധികമാകുകയില്ല. സഭാസ്നേഹവും ദൈവസ്നേഹവും അജപാലന വ്യഗ്രതയും അച്ചനിൽ ഒരേ സമയം അഭേദ്യമായി സമ്മേളിച്ചിരുന്നു. ഇന്നത്തെ പല വൈദികരിലും ഈ ഗുണങ്ങൾ ദർശിക്കാനാവുന്നില്ലെന്ന അപ്രിയ സത്യം പറയാതിരിയ്ക്കാനും സാധ്യമല്ല. ജനങ്ങളുടെ ആദ്ധ്യാത്മികമായ ഉന്നമനത്തെ സംബന്ധിച്ചിടത്തോളം, സ്ഥാനമാനങ്ങൾക്കും പ്രശംസയ്ക്കും പ്രാധാന്യം നൽകുന്ന ചില മേല്പട്ടക്കാരും പട്ടക്കാരും പലപ്പോഴും സഭയുടെ വളർച്ചയ്ക്ക് ഒരു തടങ്കൽ പാറയാണെന്നു സമർത്ഥിക്കാൻ തെളിവുകൾ തേടേണ്ടി വരുന്നില്ല. ഒരുത്തമ വൈദികനെന്ന നിലയിൽ കർത്താവിന്റെ മുന്തിരിത്തോപ്പിൽ ആത്മാർത്ഥതയോടെ പണിയെടുത്ത തോമസച്ചന്റെ മാതൃകകളും പ്രവർത്തനങ്ങളും കാലത്തിന്റെ കുത്തൊഴുക്കിൽ അപ്രത്യക്ഷമാകുകയില്ലെന്നു ഈ ജീവചരിത്രം സാക്ഷിക്കുന്നു.

തോമസച്ചന്റെ സീമന്ത പുത്രനും സഭാ സ്നേഹിയും സുവിശേഷകനുമായിരുന്ന ബേബി രചിച്ച കുർബ്ബാനയെപ്പറ്റിയുള്ള ഒരു പഠനം രണ്ടാം ഭാഗമായി ഈ പുസ്തകത്തിൽ ചേർത്തിരിക്കുന്നതു എന്തുകൊണ്ടും സമുചിതമായിട്ടുണ്ട്. പിതാവ് വി. കുർബ്ബാന അർപ്പിക്കുന്നു. മകൻ അതിന്റെ സവിശേഷതകളും അർത്ഥവ്യാപ്തികളും ശരിക്കു മനസ്സിലാക്കി ലളിതമായ ഭാഷയിൽ സാധാരണക്കാർക്കു വേണ്ടി അവതരിപ്പിക്കുന്നു. ചിട്ടയോടു കൂടിയ വി. കുർബ്ബാന അർപ്പണവും കുർബ്ബാനയെപ്പറ്റിയുള്ള കൂലങ്കഷമായ ഒരു പഠനവും ഈ പുസ്തകത്തിലെപ്പോലെ മറ്റൊന്നിലും ലഭ്യമല്ലെന്നുള്ളത് ഈ കൃതിയുടെ എടുത്തുപറയേണ്ട ഒരു പ്രധാന പ്രത്യേകതയാണ്. ആദ്ധ്യാത്മിക ജീവിതത്തെ കൂടുതൽ മധുരതരമാക്കുന്ന അട പ്രഥമനും പായസവും ഒരിലയിൽ തന്നെ വിളമ്പിയിരിക്കുന്നു.!

രണ്ടു ഭാഗങ്ങളായി ഈ പുസ്തകം താല്പര്യപൂർവ്വം ഉൾക്കൊള്ളിച്ചു സഭയ്ക്കു സംഭാവന ചെയ്തിരിക്കുന്ന ബ. അച്ചന്റെ സീമന്ത പുത്രൻ പരേതനായ ബേബിയുടെ ഭാര്യയും റിട്ട. അദ്ധ്യാപികയുമായ കെ. പി. ഏലിയാമ്മയെ അനുമോദിക്കുന്നതോടൊപ്പം അച്ചനെപ്പറ്റിയുള്ള ഈ സ്മരണാഞ്ജലി സഭാംഗങ്ങൾക്കു ആത്മപ്രചോദനപ്രദമാകുമെന്നും വിശ്വസിക്കുന്നു.

**റമ്പാൻ തെയോഫോറസ്**
**കോർ എപ്പിസ്കോപ്പാ**

കാതോലിക്കേറ്റ് അരമന

21 – 3 – 2002



# ആമുഖം

**ദി**വംഗതനായ ആക്കനാട്ടു തോമസച്ചന്റെ ലഘുജീവചരിത്രവും അദ്ദേഹത്തെ അടുത്തറിയാവുന്ന ചില പ്രമുഖ വ്യക്തികളുടെ അനുസ്മരണകളും അടങ്ങിയ ഒരു പുസ്തകം പ്രസിദ്ധപ്പെടുത്തണമെന്നു വർഷങ്ങൾക്കു മുമ്പേ ആഗ്രഹിച്ചിരുന്നതാണ്. ബഹു. അച്ചന്റെ പ്രവർത്തനങ്ങൾ മറ്റു വൈദികർക്കും അവൈദികർക്കും സന്മാതൃകകളും സൽപ്രേരണകളും പ്രദാനം ചെയ്യുമെന്നുള്ള പ്രതീക്ഷയാണ് ഈ ഗ്രന്ഥരചനയുടെ പിമ്പിലെ ലക്ഷ്യം. അച്ചന്റെ ദീർഘകാല സേവനങ്ങളെ സംബന്ധിച്ച രേഖകളും കടന്നുപോയ സഹപ്രവർത്തകരുടെ സാക്ഷ്യങ്ങളും യഥാകാലം സമാഹരിക്കാനോ സൂക്ഷിക്കാനോ സാധിച്ചില്ലെന്നുള്ള വസ്തുതയാണു ഈ ജീവചരിത്ര രചന വൈകാനുള്ള മുഖ്യകാരണം. സർവോപരി ഈ കൃത്യം നിർവഹിക്കാൻ ഏറ്റവും യോഗ്യനായ അച്ചന്റെ സീമന്തപുത്രൻ സി. ബേബിയുടെ അകാല നിര്യാണവും പുസ്തക പ്രസിദ്ധീകരണത്തിനു വിഘാതം സൃഷ്ടിച്ചു.

ഈ തടസ്സങ്ങളെ എല്ലാം തട്ടിമാറ്റി ലഭ്യമായ രേഖകളും ഡയറികളും അച്ചനുമായി പരിചയമുള്ളവരുടെ കുറിപ്പുകളും ചേർത്താണ് വളരെ വൈകിയെങ്കിലും ഈ ജീവചരിത്രം പ്രസിദ്ധീകരിക്കുന്നത്. പരിമിതികളുടെ പശ്ചാത്തലത്തിലുള്ള ഈ രചന അച്ചന്റെ വ്യക്തിത്വം, ത്യാഗനിർഭരമായ സേവനം, വിശ്വാസസ്ഥിരത, പ്രാർത്ഥനാ ജീവിതം, സൽപെരുമാറ്റം എന്നിവ ശരിയായ വിധത്തിൽ പ്രതിഫലിപ്പിക്കുന്നില്ലെന്നും ഞങ്ങൾക്കു നല്ല ബോധ്യമുണ്ട്. സമഗ്രവും സമ്പൂർണ്ണവുമായ ഒരു ജീവചരിത്രം ഇനിയും വളരെ അകലെയാണെന്നുള്ള ബോധ്യം ഞങ്ങളെ ശരിക്കു ഭരിക്കുന്നതുകൊണ്ടാണു പ്രായോഗിക ചിന്തയ്ക്കു പ്രാധാന്യം നൽകി ഈ പുസ്തകം ഇത്തരത്തിൽ പ്രകാശിപ്പിക്കുന്നത്. തൽസംബന്ധമായ കുറവുകൾ അനുവാചകർ അവഗണിക്കുകയും അച്ചനെപ്പറ്റിയുള്ള സ്മരണകളുടെ ദീപം അണയാതെ സൂക്ഷിക്കുകയും അദ്ദേഹത്തെ പ്രാർത്ഥനകളിൽ ഓർക്കുകയും ചെയ്യണമെന്ന അഭ്യർത്ഥനയുണ്ട്.

ഒരു വ്യക്തിയുടെ മൂല്യം നിർണ്ണയിക്കുന്നതിനുള്ള പ്രധാന അളവുകോൽ അയാൾക്ക് എത്രമാത്രം സമ്പത്ത് ഉണ്ട് എന്നതല്ല. വെള്ളിയും പൊന്നും ഇല്ലാതിരുന്ന കർതൃ ശിഷ്യന്മാരെ ഓർക്കുക. പണമുള്ള വ്യക്തികളിൽ ഭൂരിപക്ഷവും മറ്റുള്ളവരുടെ ബഹുമാനവും ആദരവും ആർജ്ജിക്കാതെയാണ് കടന്നുപോകുന്നത്. ആത്മാവിന്റെ ഫലം ഉൾക്കൊണ്ടു ജീവിക്കുന്നവരാണ് മഹാത്മാക്കൾ. തന്നിമിത്തം ഉന്നതശീർഷരായ ഒട്ടധികം വൈദികരും മേല്പട്ടക്കാരും പച്ചമേച്ചിലുകൾ കാണാതെ മുൻ കാലങ്ങ



ളിൽ ധന്യമായ ജീവിതം നയിച്ചു കൃതകൃത്യരായി കടന്നുപോയി. ആ പുണ്യസ്മരണാർഹരുടെ നിരയിൽ ആക്കനാട്ടച്ചനും നിലകൊള്ളുന്നു. അച്ചന്റെ സമകാലികരായി എത്രയോ പേർ – സാമ്പത്തിക ഭദ്രതയുള്ളവരും കുറഞ്ഞവരും – ആരും അറിയാതെ തങ്ങളുടെ കാല്പാടുകൾ അവശേഷിപ്പിക്കാതെ – അക്കര കടന്നുപോയി. തന്റെ ജീവിതവും ത്യാഗനിർഭരമായ സേവനങ്ങളും മൂലം അനുകരണീയമായ മാതൃക സൃഷ്ടിച്ച ആക്കനാട്ടച്ചൻ ഇന്നും സജീവനായി നമ്മുടെ മുമ്പിൽ നിൽക്കുന്നു.

ചെറിയ ജീവചരിത്രഗ്രന്ഥത്തിന്റെ കുറവു പരിഹരിക്കുന്നതിനുവേണ്ടി വിശുദ്ധ കുർബ്ബാനയെപ്പറ്റി അച്ചന്റെ സീമന്ത പുത്രൻ സി. ബേബി പഠിച്ചു തയ്യാറാക്കിയ “വിശുദ്ധ കുർബ്ബാനയുടെ അർത്ഥവ്യാപ്തി” എന്ന കൃതി, പുസ്തകത്തിന്റെ രണ്ടാം ഭാഗമായി ചേർക്കുകയാണ്. സാധാരണക്കാരായ സഭാംഗങ്ങൾക്കു പരിപാവനവും പരമപ്രധാനവുമായ വിശുദ്ധ കുർബ്ബാനയുടെ ശരിയായ അർത്ഥം മനസ്സിലാക്കി അതിൽ പങ്കുചേരാനും ആദ്ധ്യാത്മിക അനുഭവം ലഭിക്കാനും ഈ രണ്ടാം ഭാഗം ഉപകരിക്കുമെന്നുള്ളതിനു തർക്കമില്ല.


ഈ പുസ്തകത്തിന് ഹൃദയം നിറഞ്ഞ ആശംസകൾ എഴുതിത്തന്ന മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ പരമാദ്ധ്യക്ഷനായ പ. ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവായോടും ചെങ്ങന്നൂർ ഭദ്രാസന മെത്രാപ്പോലീത്താ തോമസ് മാർ അത്താനാസ്യോസിനോടും ഞങ്ങൾക്കുള്ള ഭക്ത്യാദരങ്ങൾ സവിനയം സമർപ്പിക്കുന്നു. കൂടാതെ തോമസച്ചനെപ്പറ്റി അനുസ്മരണകൾ തയ്യാറാക്കിയ മലങ്കരസഭാ മിഷൻ ബോർഡു ഡയറക്ടർ കെ. ഐ. പീലിപ്പോസ് റമ്പാൻ (യാച്ചാരം), ഫാ. എ. എം. വറുഗീസ് പന്തളം, ഫാ. എ. കെ. ചെറിയാൻ (ന്യൂയോർക്ക്) അറത്തിൽ പള്ളി വികാരി ഫാ. സി. പി. ചാക്കോ, ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ എന്നിവരോടും മുൻ സണ്ടേസ്കൂൾ പന്തളം ഡിസ്ട്രിക്ട് ഇൻസ്പെക്ടർ പി. എം. ജോൺ ആറ്റുവ, കൊച്ചുവടക്കേതിൽ, കെ. സി. വറുഗീസ് എന്നിവരോടുമുള്ള കടപ്പാടു രേഖപ്പെടുത്തട്ടെ. ഈ പുസ്തകം തയ്യാറാക്കുന്നതു സംബന്ധിച്ച് എനിക്കു വേണ്ട പ്രോത്സാഹനം നൽകിയത് എന്റെ വല്യമ്മച്ചിയും തോമസച്ചന്റെ മരുമകളും റിട്ട. അദ്ധ്യാപികയുമായ കെ. പി. ഏലിയാമ്മയാണെന്ന വസ്തുത മറച്ചുവെയ്ക്കേണ്ടതില്ല.

ഈ പുസ്തകത്തിന്റെ അവതാരിക എഴുതിയിരിക്കുന്നത് മലങ്കര സഭയിൽ ഇന്നുള്ള റമ്പാന്മാരിൽ പ്രധാനിയായ ദിവ്യശ്രീ തെയോഫോറസ് റമ്പാച്ചനാണ്. തന്നെ മാമോദീസാ മുക്കിയ – തന്റെ ആത്മീയ പിതാവായ – തോമസച്ചനെപ്പറ്റി റമ്പാച്ചനുള്ള സ്നേഹവും മതിപ്പും അവതാരികയിൽ ഉടനീളം നിഴലിക്കുന്നുണ്ട്.

എല്ലാവരോടും വിശിഷ്യ പുസ്തകത്തിന്റെ എഡിറ്റിംഗിലും പ്രിന്റിംഗിലും സഹായിച്ച മലയാള മനോരമയുടെ മുൻ അസിസ്റ്റന്റ് എഡിറ്റർ കെ. വി. മാമ്മനോടുമുള്ള കൃതജ്ഞത ഇവിടെ അറിയിച്ചുകൊണ്ടു എന്റെ വല്യപ്പച്ചനും സത്യവിശ്വാസത്തിന്റെ നിത്യപ്രതീകവുമായ "ആക്കനാട്ടു തുണ്ടിൽ തോമസച്ചനെ" സഭാംഗങ്ങൾക്കുവേണ്ടി സമർപ്പിക്കുന്നതിൽ അനല്പമായ സന്തോഷമുണ്ട്.

**ജേക്കബ് ജോസ്**

പന്തളം
15 - 4 - 2002



# ഉള്ളടക്കം

## ഒന്നാം ഭാഗം

ആശംസകൾ 5 - 8
അവതാരിക 9
ആമുഖം 11
1. പുരാതന കുടുംബം 15
2. വൈദികൻ 26
3. മരിച്ചാലും മരവിക്കാത്ത സ്മരണകൾ 32
4. അറത്തിൽ പള്ളിയും ആക്കനാട്ടു വല്യച്ചനും 38
5. വിശ്വാസ സ്ഥിരതയുടെ പര്യായം 42
6. സംസാരിക്കുന്ന ഡയറിക്കുറിപ്പുകൾ 46
7. സഭയ്ക്കും വൈദികർക്കും വെല്ലുവിളി 51

## രണ്ടാം ഭാഗം

വി. കുർബ്ബാനയുടെ അർത്ഥവ്യാപ്തി - സി. ബേബി 60

# 1

# പുരാതന കുടുംബം

**പുണ്യ** സ്മരണാർഹനായ ആക്കനാട്ടുതുണ്ടിൽ തോമസച്ചന്റെ ലഘു ജീവചരിത്രത്തിലേക്കു കടക്കുന്നതിനു, സെന്റ് തോമസ് ക്രിസ്ത്യാനികൾ പകലോമറ്റം തറവാടിലൂടെ ആദ്യം കുറവിലങ്ങാട്ടും പിന്നീടു പന്തളത്തും എത്തിച്ചേർന്ന ചരിത്രത്തിലേക്ക് ഒരു വിഹഗ വീക്ഷണം നടത്താതെ സാധ്യമല്ല. മാർത്തോമ്മാ ശ്ലീഹാ രണ്ടു തവണ ഇൻഡ്യയിൽ വന്നിരുന്നു എന്നും അന്നത്തെ ഇന്ത്യയുടെ അതിരുകൾ ഇന്നത്തേക്കാൾ അതിവിശാലമായിരുന്നു എന്നും ചരിത്രകാരന്മാർ കാര്യകാരണ സഹിതം സമർത്ഥിക്കുമ്പോൾ അതു കണ്ടില്ലെന്നു നടിക്കാൻ ചിന്താശക്തിയുള്ളവർക്കു സാദ്ധ്യമല്ലല്ലോ. മാർത്തോമ്മാ ശ്ലീഹാ വടക്കേ ഇന്ത്യയിലെ ഗോണ്ടഫോറസ് രാജാവിന്റെ കൊട്ടാരത്തിൽ ഒരു ശില്പിയായി വന്നതും സ്വർഗ്ഗത്തിൽ കൊട്ടാരം നിർമ്മിച്ചതും മറ്റും കെട്ടുകഥകളുടെ കൂട്ടത്തിൽ തള്ളപ്പെട്ട ഒരു കാലം ഉണ്ടായിരുന്നു. പക്ഷേ ചരിത്രഗവേഷകർ കുഴിച്ചെടുത്ത പുരാതന നാണയങ്ങളിൽ ഗോണ്ടഫോറസിന്റെ ചിത്രവും പേരും കണ്ടപ്പോൾ അദ്ദേഹം ചരിത്രപുരുഷനാണെന്നും മാർത്തോമ്മാ ശ്ലീഹാ അദ്ദേഹത്തെ സന്ദർശിച്ച കാര്യം ചരിത്രസംഭവമാണെന്നും അസന്ദിഗ്ധമായി തെളിഞ്ഞു. മാർത്തോമ്മാ ശ്ലീഹാ ഇന്ത്യയിൽ വന്നില്ലെന്നു വാദിക്കുന്നവർക്കു അതു ചരിത്രാധിഷ്ഠിതമായി തെളിയിക്കാനും ഇവിടെ ക്രിസ്തുമതം ആദ്യ നൂറ്റാണ്ടിൽ തന്നെ പ്രഘോഷിച്ചതും സഭ സ്ഥാപിച്ചതും ആരാണെന്നു സംശയലേശമെന്യേ സ്ഥാപിക്കാനുമുള്ള ബാധ്യതയും ഉണ്ടല്ലോ.

*ആക്കനാട്ടുതുണ്ടിൽ തോമസച്ചൻ*

എന്തായാലും മാർത്തോമ്മാ ശ്ലീഹാ കേരളത്തിൽ വന്നു എന്നും സഭ സ്ഥാപിച്ചു എന്നും ഏതാനും സവർണ്ണ കുടുംബങ്ങളെ മതത്തിൽ ചേർത്തു എന്നും വൈദികരെ വാഴിച്ചു എന്നും വിശ്വസിക്കത്തക്ക ആധികാരിക ചരിത്രത്തേക്കാൾ ശക്തമായ ഐതിഹ്യങ്ങൾ ഉണ്ട്. മാർത്തോമ്മാ ശ്ലീഹാ മതത്തിലേക്കു ചേർത്ത നാലു ബ്രാഹ്മണ കുടുംബങ്ങളിൽ പകലോമറ്റം, ശങ്കരപുരി കുടുംബങ്ങളിലെ പൗരോഹിത്യ പാരമ്പര്യത്തെ കാര്യ



വിവരമുള്ള ആരും തന്നെ ചോദ്യം ചെയ്തിട്ടില്ല. ഈ രണ്ടു കുടുംബങ്ങളിൽ പകലോമറ്റമാണു വൈദിക പരമ്പരകളാൽ കൂടുതൽ ധന്യമെന്നു ചരിത്രം ഒന്നു ഓടിച്ചു നോക്കുന്നവർക്കു പോലും നിഷ്പ്രയാസം കാണാൻ സാധിക്കും.

ക്രിസ്തുമതത്തിൽ ചേർന്ന ഹൈന്ദവ കുടുംബങ്ങൾ സന്താപത്തിന്റെ സായാഹ്നങ്ങളും സന്തോഷത്തിന്റെ ഉഷസ്സുകളും പിന്നിട്ടാണു വളർച്ചയുടെയും പുരോഗതിയുടേയും വഴികളിലൂടെ നാടെങ്ങും വ്യാപിച്ചത്. പീഡകളെ ക്രിസ്തുമാർഗ്ഗത്തിന്റെ ഒരവിഭാജ്യ ഘടകമായി കണക്കിലെടുത്തു കൊണ്ടാണു ആദ്യകാല ക്രൈസ്തവർ നാടോടികളെപ്പോലെ സഞ്ചരിച്ചതെന്നു ബൈബിൾ പറയുന്നു. കൊടുങ്ങല്ലൂരിലും സമീപ സ്ഥലങ്ങളിലും കുടിപാർത്തിരുന്ന ക്രിസ്ത്യാനികൾ മൂന്നും നാലും നൂറ്റാണ്ടുകളിലുണ്ടായ മതപീഡനത്തെ തുടർന്നാണു തെക്കൻ പ്രദേശങ്ങളിലേക്കു പലായനം ചെയ്തതും കുറവിലങ്ങാട്, കടുത്തുരുത്തി, കടമ്പനാട് മുതലായ സ്ഥലങ്ങളിൽ കുടിയേറിയതും. ഇങ്ങനെ കുറവിലങ്ങാട്ടു വന്നുചേർന്ന പകലോമറ്റം കുടുംബാംഗങ്ങൾ നാലര ശതാബ്ദം മുമ്പ് പന്തളത്തു വന്നു താമസ്സമാക്കിയ ചരിത്രം സംഭവബഹുലമായ ഒരു നോവൽ പോലെ രസകരമാണ്. അച്ചൻകോവിലാറ് പന്തളത്തിന്റെ “യോർദ്ദാനാ”ണ്. ഫലപുഷ്ടിയുള്ള കനാൻ നാടു കണക്കെ, ഫലദതരുനി കരങ്ങളാൽ പന്തളം എന്നും പച്ച പിടിച്ചു നിൽക്കുന്നു. മതമൈത്രിയുടെ പാലും തേനും ഒഴുകുന്ന നാട്.

പകലോമറ്റം കുടുംബയോഗത്തിലെ താഴ്‌വഴിയിൽ പെട്ട പന്തളം ശാഖയിലെ പ്രഥമ വൈദികൻ എന്ന ബഹുമതി ലഭിച്ചിട്ടുള്ളത് ആക്കനാട്ടുതുണ്ടിൽ തോമസച്ചനാണ്. പ്രസിദ്ധമായ പന്തളം ശാസ്താ ക്ഷേത്രത്തിലേക്കുള്ള തൈലാദികള തൊട്ടു ശുദ്ധമാക്കുവാൻ അന്നത്തെ പന്തളം രാജാവിന്റെ ക്ഷണമനുസരിച്ച് കുറവിലങ്ങാട്ടെ പകലോമറ്റം ശാഖയിലെ പനങ്കുഴയ്ക്കൽ തറവാട്ടിൽ നിന്നു നാല് ശതാബ്ദം മുമ്പ് ഉമ്മൻ എന്ന പിതാവ് കുടുംബസമേതം പന്തളം ശാസ്താ ക്ഷേത്രത്തിനടുത്തുള്ള ചിറത്തലയ്ക്കൽ താമസമാക്കി.

സത്യവിശ്വാസികളായ ക്രൈസ്തവരെ കേരളത്തിലെ ക്ഷേത്രങ്ങളിലാവശ്യമായ തൈലവും മറ്റും തൊട്ടു ശുദ്ധമാക്കുന്നതിനു മുൻകാലഘട്ടങ്ങളിൽ നിയോഗിച്ചു വന്നിരുന്നു. ഉമ്മന്റെ മൂത്ത പുത്രൻ യോനാ ഇടത്തറയിലേക്കും രണ്ടാമത്തെ മകൻ പന്തളം കവലയ്ക്കടുത്തുള്ള മൂലയിലേക്കും താമസമാക്കി. ഈ രണ്ടു കുടുംബങ്ങൾക്കും – ഇടത്തറ, മൂലയിൽ – ഒൻപതു ശാഖകൾ വീതം ഉണ്ടായി. ഈ പതിനെട്ടു ശാഖകളിലെയും 500–ൽ പരം കുടുംബങ്ങളിൽ പെട്ട അംഗങ്ങൾ പന്തളത്തും പരിസര പ്രദേശങ്ങളിലും കൃഷി, കച്ചവടം, വ്യവസായം മുതലായവയിൽ വ്യാപൃതരായി കഴിയുന്നു. ഒട്ടധികം പേർ ഇന്ത്യയുടെ വിവിധ ഭാഗങ്ങളിലും ഇന്ത്യയ്ക്കു



ആക്കനാട്ടു തോമസ് അച്ചനും പത്നി അന്നമ്മയും



തോമസച്ചന്റെ മൂത്തമകൻ ബേബിയും
ഭാര്യ കെ. പി. ഏലിയാമ്മയും ഇളയ മകൾ ലിസിയും.



ബേബിയുടെ മൂത്തമകൾ മോനി (നടുവിൽ) ഭർത്താവു മാത്യു
(ഇടത്ത്) മക്കൾ ബോബി, ഷെറിൻ, ജൂലി



ബേബിയുടെ രണ്ടാമത്തെ മകൾ ആലീസും (ഇടത്തു നിന്നു
രണ്ടാമത്) ഭർത്താവു രാജനും. മക്കൾ (ഇടത്തുനിന്ന്) ജൂബി,
ജിനു, ജൂലി



ബേബിയുടെ മൂന്നാമത്ത മകൾ രമണി, ഭർത്താവു രാജൻ.
മകൾ റിയ മകൻ റിജു



ആക്കനാട്ടു തോമസച്ചന്റെ ഇളയ മകൻ കുഞ്ഞച്ചനും ഭാര്യ ഗ്രേസിക്കുട്ടിയും



കുഞ്ഞച്ചന്റെ മകൻ ജേക്കബ് ജോസും കുടുംബവും



ആക്കനാട്ടു തോമസച്ചന്റെ മൂത്തമകൾ തങ്കമ്മയും ഭർത്താവു ജോർജും (കിഴക്കുപുറം)




തങ്കമ്മയുടെ മൂത്തമകൻ രാജനും ഭാര്യ മറിയാമ്മയും മക്കളും




തങ്കമ്മയുടെ മകൻ ബാബുവും കുടുംബവും




തങ്കമ്മയുടെ മകൻ കുഞ്ഞുമോനും
ഭാര്യ കുഞ്ഞുമോളും മക്കളും.



തങ്കമ്മയുടെ മകൾ ഷേർലിയും ഭർത്താവും



തങ്കമ്മയുടെ മകൻ ജോസും കുടുംബവും



തങ്കമ്മയുടെ മകൻ വിൽസണനും കുടുംബവും



ആക്കനാട്ടു തോമസച്ചന്റെ രണ്ടാമത്തെ മകൾ ദീനാമ്മയും
ഭർത്താവ് ജോർജും.



ദീനാമ്മയുടെ മൂത്തമകൾ മണിയും ഭർത്താവു പങ്കിയും



ദീനാമ്മയും മകൻ
ജോഷിയും



ദീനാമ്മയുടെ മകൾ
കുഞ്ഞമ്മയും
ഭർത്താവും മകളും



ദീനാമ്മയുടെ മകൾ
പൊന്നമ്മയും
ഭർത്താവും



ദീനാമ്മയുടെ ഇളയ മകൾ കുഞ്ഞുമോളും ഭർത്താവും



ദീനാമ്മയുടെ കൊച്ചുമകളും ഭർത്താവും

വെളിയിലും ജോലി സംബന്ധിച്ചു പോയി താമസിക്കുന്നുണ്ട്. ചുരുക്കത്തിൽ പന്തളത്തെ പകലോമറ്റം ശാഖ പടർന്നു പന്തലിച്ചു എന്നു പറയുന്നതാവും ഏറെ ശരി.

ഇതിൽ ഇടത്ര ശാഖയുടെ ഉപശാഖയിൽ പെട്ട ആക്കനാട്ടുതുണ്ടിൽ ഗീവറുഗീസിന്റെയും അന്നാമ്മയുടെയും ദ്വിതീയ പുത്രനാണു നമ്മുടെ സ്മര്യ പുരുഷനായ തോമസ് കത്തനാർ. കാലക്രമത്തിൽ അച്ചൻ സകുടുംബം ചെറുമല പടിഞ്ഞാറ്റതിൽ താമസമാക്കി എങ്കിലും ആക്കനാട്ടുതുണ്ടിൽ അച്ചൻ എന്നാണു അന്നും ഇന്നും അറിയപ്പെടുന്നത്. പന്തളത്തെ പകലോമറ്റം (മൂല കുടുംബ പാരമ്പര്യത്തിനു വിരുദ്ധമായി) ശാഖയിൽ ദീർഘകാലം വൈദികർ ഉണ്ടായിരുന്നില്ല. ആ ചരിത്രം തിരുത്തിക്കുറിച്ചുകൊണ്ടു വൈദിക സ്ഥാനത്തേക്കു ആദ്യമായി തെരഞ്ഞെടുക്കപ്പെട്ട ആളാണു തോമസച്ചൻ എന്ന അതുല്യ പദവിയും ഇവിടെ പ്രത്യേകം സ്മരണീയമാണ്. പന്തളത്തെ പകലോമറ്റം കുടുംബശാഖകൾ ഇന്ന് ഒട്ടധികം വൈദികരാലും കന്യാസ്ത്രീകളാലും അതിധന്യമാണ്. മലങ്കര കത്തോലിക്കാ സുറിയാനി സഭയുടെ അദ്ധ്യക്ഷനായ **തിരുവനന്തപുരം ആർച്ചുബിഷപ്പ് ഡോ. സിറിൾ മാർ ബസ്സേലിയോസ്** കുടുംബത്തിന്റെ അഭിമാനസ്തംഭവും കുടുംബയോഗത്തിന്റെ രക്ഷാധികാരിയും ആണെന്നുള്ള വസ്തുത എടുത്തു പറയാനാഗ്രഹിക്കുന്നു.



*അറത്തിൽ സെന്റ് ജോർജ് പള്ളി – 1965 ൽ*

# 2

# വൈദികൻ

**ഇ**രുപതാം നൂറ്റാണ്ടിന്റെ രണ്ടാം ദശകത്തിൽ പന്തളം അറത്തിൽ സെന്റ് ജോർജ് ഓർത്തഡോക്സ് ഇടവകയിൽ നിന്നു ആത്മനിറവും ജ്ഞാനവും ഉള്ള ഒരാളെ വൈദികസ്ഥാനത്തു തെരഞ്ഞെടുക്കുന്നതിനു വേണ്ടി ഇടവക പൊതുയോഗം ചേർന്നു. ഒന്നിലധികം വ്യക്തികൾ നിർദ്ദേശിക്കപ്പെട്ടാൽ പേരുകൾ നറുക്കിട്ടെടുക്കുന്ന പുതിയനിയമകാല രീതി സ്വീകരിക്കാനും നിശ്ചയിച്ചു. മൂന്നു വ്യക്തികൾ നിർദ്ദേശിക്കപ്പെട്ടതിനാൽ നറുക്കിട്ടു. നറുക്കു വീണത് ഇടത്ര കിഴക്കേതിൽ വർക്കിയുടെ രണ്ടാമത്തെ മകനായ തോമസിനാണ്. എന്നാൽ നറുക്കുവീണ തോമസിനെ വൈദികനാക്കുവാൻ പിതാവ് വർക്കി വിസമ്മതിച്ചു. കൂടാതെ തന്റെ ഇളയ സഹോദരനായ ആക്കനാട്ടു തുണ്ടിൽ ഗീവറുഗീസിന്റെ മകൻ തോമസിനെ വൈദികനാക്കാൻ ആജ്ഞാസ്വരത്തിൽ നിർദ്ദേശിക്കുകയും ചെയ്തു. അങ്ങനെ നറുക്കിടലിനു വിധേയനാകാത്ത നമ്മുടെ സ്മര്യപുരുഷന്റെ – തോമസിന്റെ – പേരു ഇടവകയോഗം ഏകകണ്ഠമായി അംഗീകരിച്ചു. അങ്ങനെ നറുക്കുവീണ തോമസിനു പകരം അതേ കുടുംബത്തിലെ മറ്റൊരു തോമസ് വൈദികപദവിയിലേക്കു തെരഞ്ഞെടുക്കപ്പെട്ടു. ഇദ്ദേഹത്തിനു ഗീവറുഗീസ് കൊച്ചുകുഞ്ഞു, ചാക്കോ എന്നു രണ്ടു സഹോദരന്മാരും അന്നമ്മ, മറിയാമ്മ എന്നീ സഹോദരികളും ഉണ്ടായിരുന്നു. ഇവരെല്ലാം നിര്യാതരായി. 1900–ാമാണ്ടിൽ ജനിച്ച് സാമാന്യ വിദ്യാഭ്യാസത്തിനു ശേഷം വീട്ടുജോലികളിൽ വ്യാപൃതനായിരുന്ന തോമസ് വൈദിക സ്ഥാനത്തേക്കു തെരഞ്ഞെടുക്കപ്പെട്ട ശേഷം പരുമല സെമിനാരിയിൽ വൈദിക വിദ്യാഭ്യാസം നടത്തി. മകൻ വൈദികനാകണമെന്നുള്ള മാതാപിതാക്കളുടെ അഭിലാഷം അങ്ങനെ പൂവണിഞ്ഞു. പരുമല സെമിനാരിയിലെ ആത്മീയ അന്തരീക്ഷം തോമസിനു വളരെയധികം ഇഷ്ടപ്പെട്ടു. സഭയുടെ അടിസ്ഥാന വിശ്വാസങ്ങളിലും സുറിയാനിയിലും അവഗാഹം നേടുന്നതിനും ചിട്ടയോടും നിഷ്ഠയോടും ആരാധന നടത്തുന്നതിനാവശ്യമായ പരിശീലനം ലഭിക്കുന്നതിനും പരുമല വാസം വളരെ ഉപകരിച്ചു. ഗുരുകുല സമ്പ്രദായത്തിലുള്ള പരിശീലനം നേടിയ ശേഷം, മലങ്കര സഭാ ഭാസുരനായി ഉയർന്ന വട്ടശ്ശേരിൽ ഗീവറുഗീസ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായിൽ നിന്നു 1921 – ൽ വൈദികപട്ടം ഏറ്റു.

പട്ടം ഏറ്റശേഷം പന്തളം അറത്തിൽ പള്ളിയിൽ വികാരിയായി. കരയത്തുപീടികയിൽ ഗീവറുഗീസിന്റെ മകൻ മത്തായിയും ഇദ്ദേഹത്തോടൊപ്പം പട്ടം ഏറ്റു. അക്കാലത്തു അറത്തിൽ പള്ളിയിൽ ഈ വൈദികർക്കു ഒന്നിട

വിട്ട ഞായറാഴ്ചകളിൽ മാത്രമേ വി. കുർബാന ഉണ്ടായിരുന്നുള്ളു. രണ്ടു പേർക്കും കൂടി നൽകപ്പെട്ട ശമ്പളം അഞ്ചു രൂപ. മാസത്തിലെ രണ്ടു ഞായറാഴ്ചകളിൽ തോമസച്ചൻ കോഴഞ്ചേരി വഞ്ചിത്ര, കോന്നി ആമക്കുന്ന്, മതാപ്പാറ, ചെമ്പൻമുഖം, കൂരമ്പാല, തിരുവല്ല ബാലികാമഠം എന്നിവിടങ്ങളിലും സേവനം അനുഷ്ഠിച്ചു. കോഴഞ്ചേരി വഞ്ചിത്രപ്പള്ളിയിൽ 19 വർഷവും ആറ്റുവാ ബർസൗമാ പള്ളിയിൽ ഒന്നര ദശാബ്ദവും സേവനം ചെയ്തു. 1965 നു ശേഷം അറത്തിൽ പള്ളിയിൽ തന്നെ തുടർന്നു. വികാരി എന്ന നിലയിൽ അര ശതാബ്ദക്കാലം ഒരു പള്ളിയിൽ തുടരുകയും ആ പള്ളിയുടെ ബഹുമുഖ പുരോഗതിക്കുവേണ്ടി വിശ്രമരഹിതമായി പ്രയത്നിക്കുകയും ആരുടെയും പരിഭവവും വിമർശനവും കേൾക്കാതെ എല്ലാവരെയും യോജിപ്പിച്ചുകൊണ്ടുപോവുകയും ചെയ്ത തോമസച്ചന്റെ കഴിവും ദൈവാശ്രയവും സഭാസ്നേഹവും അതുല്യമെന്നേ വിശേഷിപ്പിക്കാനാവു. അച്ചന്റെ ഇടവക സേവനത്തെപ്പറ്റി മങ്ങാരം കൊച്ചുവടക്കേതിൽ കെ. എസ്. ആർ. ടി. സി. റിട്ട. ഡപ്യൂട്ടി ചീഫ് അക്കൗണ്ട് ഓഫീസർ കെ. സി. വറുഗീസ് എഴുതി അയച്ചുതന്ന ഒരു കുറിപ്പിൽ ഇങ്ങനെ പറയുന്നു:

"അച്ചൻ സേവനം അനുഷ്ഠിച്ചിരുന്ന കാലയളവിൽ ഇടവകകൾ ഒട്ടുമുക്കാലും സാമ്പത്തികമായും വിദ്യാഭ്യാസപരമായും വളരെ പിന്നോക്കാവസ്ഥയിലായിരുന്നു. ആ കാലങ്ങളിൽ പട്ടക്കാരുടെ വരുമാനം തുലോം തുച്ഛവും. എന്നാൽ വിളിച്ചാക്കിയ ദൈവത്തോട് പരിപൂർണ്ണ വിശ്വസ്തത പുലർത്തി കഷ്ടനഷ്ടങ്ങൾ ഏറ്റുവാങ്ങി അജപാലനം നിർവഹിക്കാൻ, എവിടെയെല്ലാം നിയോഗിക്കപ്പെട്ടുവോ, അവിടെയെല്ലാം അജഗണങ്ങളുടെ മുക്തകണ്ഠമായ പ്രശംസയും ആദരവും പിടിച്ചുപറ്റുവാൻ ബഹു. അച്ചന് സാധിച്ചു. മേല്പട്ടക്കാരായ തിരുമേനിമാരും അച്ചന്റെ പ്രവർത്തനത്തെ ശ്ലാഘിക്കുകയും ചെയ്തിട്ടുണ്ട്.

മലങ്കര സഭാ ഭാസുരൻ പ. വട്ടശ്ശേരിൽ ഗീവറുഗീസ് മാർ ദിവന്നാസ്യോസ് തിരുമേനിയുടെ ഇഷ്ടശിഷ്യനായിരുന്ന തോമസച്ചൻ ആചാരാനുഷ്ഠാനങ്ങളിൽ പ്രകടിപ്പിച്ച ചിട്ടയും നിഷ്ഠയും ആഴത്തിൽ വേരൂന്നിയ സഭയുടെ സത്യ വിശ്വാസവും അന്ത്യശ്വാസം വലിക്കുന്നതുവരെ അഭംഗം കാത്തുസൂക്ഷിച്ചു. സുറിയാനി ആരാധനയിലെ ഗാനമാധുര്യം അച്ചന്റെ സ്വരരാഗസുധയിലൂടെ ആസ്വദിച്ചവർ ഇന്നും ജീവിച്ചിരിപ്പുണ്ട്. ആകാശനീലിമയിൽ അലിഞ്ഞു ചേർന്ന ഈശ്വര സ്തുതിഗീതങ്ങളുടെ ആ മുരളീനാദം – അല്ല സ്വർഗ്ഗീയ കിന്നരം – 1973 ജനുവരി 24 നു നിലച്ചപ്പോൾ ഇടവകജനങ്ങൾ കണ്ണീരുകൊണ്ട് തോമസച്ചന് അന്ത്യാഞ്ജലി അർപ്പിക്കുകയാണുണ്ടായത്.

മാവേലിക്കരയിലെ ഒരു പ്രശസ്ത കുടുംബമായ പൈനുംമൂട്ടിൽ പീടിക



കിഴക്കേതിൽ ഈശോയുടെയും ചേച്ചമ്മയുടെയും പുത്രിയായ അന്നമ്മയായിരുന്നു തോമസച്ചന്റെ സഹധർമ്മിണി. ഇവർക്ക് രണ്ടു പുത്രന്മാരും രണ്ടു പുത്രികളും ജനിച്ചു.

തോമസച്ചൻ ആക്കനാട്ട്തുണ്ടിൽ കുടുംബസമേതം താമസിച്ചുവരവേ അദ്ദേഹത്തിന്റെ പിതാവ് ചിട്ടിക്കടം വരുത്തിയതിനെ തുടർന്ന് കുടുംബസ്വത്തായ ആക്കനാട്ട്തുണ്ടിൽ പുരയിടവും വീടും നഷ്ടപ്പെട്ടു. അതിനുശേഷം ചെറുമല പടിഞ്ഞാറ്റേതിൽ ഇപ്പോൾ കാണുന്ന വസ്തു വാങ്ങി അന്ത്യം വരെയും അവിടെയാണു താമസിച്ചത്.

റീത്തു പ്രസ്ഥാനത്തിന് നേതൃത്വം നൽകിയ ഗീവർഗീസ് മാർ ഈവാനിയോസ് തിരുമേനിയും തോമസച്ചനും തമ്മിൽ നല്ല അടുപ്പത്തിലായിരുന്നു. പലതവണ തോമസച്ചന്റെ വീട്ടിൽ തിരുമേനി വന്നിട്ടുള്ളതിനാൽ ബ. അച്ചന്റെ സാമ്പത്തിക ബുദ്ധിമുട്ട് നേരിൽ കണ്ടു മനസ്സിലാക്കാൻ തിരുമേനിക്കു സാധിച്ചു. അക്കാലയളവിൽ തോമസച്ചന് തിരുവല്ലാ ബാലികാമഠത്തിൽ ആരാധന അർപ്പിക്കുവാൻ ഇടയായി. തന്നിമിത്തം മാർ ഈവാനിയോസ് തിരുമേനിയുമായി കൂടുതൽ സമ്പർക്കത്തിൽ വരാനും സഹവസിക്കാനും സാധിച്ചു. ഒരിക്കൽ തിരുമേനി കൽപ്പിച്ചു: "എന്തിനാണ് അച്ചോ ഇവിടെ കിടന്ന് പട്ടിണി മൂലം മരിക്കുന്നത്. താൻ ഇങ്ങ് വന്നാൽ ഇവിടെ (റീത്ത് സമുദായം) രൂപായും, റൂഹായും സമൃദ്ധിയായിട്ട് ഉണ്ട്." അച്ചന്റെ മറുപടി ഇപ്രകാരം ആയിരുന്നു: "തിരുമേനി ഇവിടെ (ഓർത്തഡോക്സ് സമുദായം) രൂപാ കുറവാണെങ്കിലും റൂഹാ സമൃദ്ധിയായിട്ടുണ്ട്." തിരുമേനിയുടെ നിർബന്ധപ്രകാരം ഫാ. തോമസിനോട് ഒപ്പം പട്ടം ഏറ്റ കരയത്ത് പീടികയിൽ മത്തായി അച്ചനും ഏതാനും വീട്ടുകാരും സഭ വിട്ട് മലങ്കര റീത്ത് സമുദായത്തിൽ ചേർന്നു. മത്തായി അച്ചൻ അവിവാഹിതനായിരുന്നു.

ശാന്തശീലയും ഭർതൃഭക്തയും അതിഥിസൽക്കാരപ്രിയയുമായിരുന്ന അന്നമ്മ, തോമസ് അച്ചന് ഒരത്താണിയായിരുന്നു. 1959 ഏപ്രിൽ മൂന്നിനു അവർ കർത്താവിൽ നിദ്ര പ്രാപിച്ചു. അഭിവന്ദ്യ ഡാനിയേൽ മാർ പീലക്സിനോസ് മെത്രാപ്പോലീത്തായുടെയും പല വൈദികരുടെയും കാർമ്മികത്വത്തിൽ അറത്തിൽ പള്ളിയിൽ പ്രത്യേകം തയ്യാറാക്കിയ കല്ലറയിൽ മൃതദേഹം സംസ്കരിച്ചു.

ബേബി, കുഞ്ഞച്ചൻ എന്നിവർ അച്ചന്റെ ആൺമക്കളും തങ്കമ്മ, ദീനാമ്മ എന്നിവർ പെൺമക്കളും ആണ്. വയലത്തല കരിമ്പിനേത്ത് ഇട്ടി പീലിപ്പോസിന്റെയും ഏലിയാമ്മയുടെയും മകൾ ഏലിയാമ്മ, തുമ്പമൺ മുടക്ക്യമണ്ണിൽ സ്കറിയായുടെയും മറിയാമ്മയുടെയും മകൾ ഗ്രേസിക്കുട്ടി, കിഴക്കു പുറത്ത് അടിയത്ത് ജോർജ്ജ്, ഉളനാട് മണ്ണിൽ ജോർജ്ജ് എന്നി

വർ മരുമക്കളും മോനി, ആലീസ്, രമണി, ലിസിമോൾ, ജോസ്മോൻ, ജെസ്സി മോൾ, രാജൻ, കുഞ്ഞുമോൻ ബാബു, ജോസ്, വിൽസൺ, ഷെർളി, മണി, പൊന്നമ്മ, കുഞ്ഞമ്മ, കുഞ്ഞുമോൾ, ജോഷി എന്നിവർ കൊച്ചുമക്കളും ആണ്.

തോമസച്ചന്റെ മൂത്തമകനായ ബേബി വയലത്തല കരിമ്പിലേത്തു കുടുംബാംഗമായ ഏലിയാമ്മയെയാണു വിവാഹം ചെയ്തത്. ഇവരുടെ പുത്രിമാരായ അന്നമ്മ, ആലീസ്, മേരിക്കുട്ടി, ലിസ്സി എന്നീ നാലുപേരെയും വിവാഹം ചെയ്തയച്ചു.

ബേബി കുറെ വർഷം മിലിട്ടറിയിലും പിന്നീട് കേരള സ്റ്റേറ്റ് ഇലക്ട്രി സിറ്റി ബോർഡിലും ജോലി ചെയ്തു. റിട്ടയർ ചെയ്തശേഷം സഭയിൽ ഒരു സുവിശേഷകനായി പ്രവർത്തിച്ചു. 1988 ൽ ബേബി നിര്യാതനായി. അധ്യാപികയായിരുന്ന ഭാര്യ ഏലിയാമ്മ റിട്ടയർ ചെയ്തശേഷം കുടും ബത്തിൽ വിശ്രമജീവിതം നയിക്കുന്നു.

തോമസച്ചന്റെ രണ്ടാമത്തെ പുത്രനായ കുഞ്ഞച്ചൻ വിവാഹം ചെയ്തതു തുമ്പമൺ പുത്തൻപുരയ്ക്കൽ ഗ്രേസിക്കുട്ടിയെയാണ്. ഇവർക്ക് ജോസ് എന്ന മകനും ജോളി എന്ന മകളുമാണുള്ളത്. ഇരുവരും വിവാ ഹിതരാണ്. കുഞ്ഞച്ചൻ മിലിട്ടറി സേവനത്തിൽ നിന്നു വിരമിച്ചശേഷം കൊച്ചിൻ പോർട്ട് ട്രസ്റ്റിൽ ജോലിനോക്കി. ഇപ്പോൾ വിശ്രമജീവിതം നയി ക്കുന്നു. ഏതാനും വർഷം മുമ്പ് കുഞ്ഞച്ചൻ എറണാകുളത്തു സ്ഥിരതാ മസമായി.

തോമസച്ചന്റെ മൂത്ത മകൾ തങ്കമ്മയെ കിഴക്കുപുറത്തു തൊടിയത്തു കുടുംബത്തിലും ഇളയമകൾ ദീനാമ്മയെ ഉളനാട്ടിൽ കുറ്റിയിൽ കുടുംബ ത്തിലുമാണു വിവാഹം ചെയ്തയച്ചത്.

**ഇടവക സേവനം**


ബഹു. തോമസച്ചൻ വളരെ സാമ്പത്തിക ബുദ്ധിമുട്ടുകൾ അനുഭവിച്ചെ ങ്കിലും ഇടവകയുടെ പുരോഗമനത്തിനായി അദ്ദേഹം അക്ഷീണം പ്രയ ത്നിച്ചു. പള്ളിയുടെ മുഖവാരം പൊളിച്ചു പണിതു. പള്ളിയുടെ ഇരുവശ ത്തെയും ഇടുങ്ങിയ വാതിലുകൾ മാറ്റി വിസ്താരം ഉള്ള ഇന്നത്തെ വാതി ലുകൾ പണിയിച്ചു. മുൻവശം ഭിത്തി കെട്ടി ഗേറ്റ് ഇടുകയും ചെയ്തു. ഗേറ്റിനോട് ചേർന്ന് ഒരു ചെറിയ കുരിശുംതൊട്ടി സ്ഥാപിച്ചു. ഇരുവശ ത്തെയും ഓടുമേച്ചിൽ ഒഴിവാരം അഴിച്ചു പണിയാൻ അടിസ്ഥാനം ഇട്ടു. മുട്ടാറ്റ് മീനത്തേത്തിൽ പാപ്പി ദാനമായി നൽകിയ സ്ഥലത്ത് 4 മുറിയി ലുള്ള ഇരുനില കെട്ടിടം പണിയിച്ചു കടകൾ വാടകയ്ക്ക് കൊടുത്തു. അവിടെയാണു ഇന്നു കാണുന്ന കുരിശും വഞ്ചികയും സ്ഥാപിച്ചത്. അതു




പോലെ പൂളയിൽ കുറ്റിയിൽ മത്തായി മാമ്പോലിൽ ദാനം ചെയ്ത സ്ഥലത്ത് കുരിശും വഞ്ചികയും സ്ഥാപിച്ചു. പള്ളിയിലെ രണ്ട് ത്രോണോസുകൾ വെളി യിലേക്ക് മാറ്റി സ്ഥാപിച്ചു. ഇടവകയിലെ കൺവൻഷനു തുടക്കം കുറിച്ചു. എട്ടുനോമ്പ് ആചരണവും ഇദ്ദേഹത്തിന്റെ ഭരണകാലത്താണ് തുടങ്ങിയത്. 50 വർഷത്തോളം ഇടവക വികാരി ആയിരുന്ന കാലയളവിൽ ഇടവക ഭര ണത്തിലും മുട്ടാറ്റ് കെട്ടിടം പണിയിപ്പിക്കുന്നതിലും അച്ചന് മാർഗ്ഗനിർദേശ ങ്ങൾ നൽകി താങ്ങും തണലും ആയി നിന്നു വേണ്ട പ്രോത്സാഹനം നൽകിയ മാന്യ വ്യക്തിയാണു കൊച്ചുവടക്കേതിൽ ഗീവർഗീസ് ചോന. പിന്നീട് ഇടവക ഭരണത്തിൽ അച്ചനെ അനേകർ സഹായിച്ചു. അവരെ യെല്ലാം പ്രത്യേകം സ്മരിക്കുന്നു. അച്ചന്റെ ഭരണകാലത്ത് ശുശ്രൂഷകനായി വിളയത്തേത്ത് മത്തായിയെ നിയമിച്ചു. സേവനകാലം മുഴുവനും ആത്മാർത്ഥ തയോടും സത്യസന്ധതയോടും കൂടി തന്റെ ജോലി നിവർത്തിച്ചശേഷമാണ് അദ്ദേഹം നിത്യതയിൽ പ്രവേശിച്ചത്.



**തോമസ് അച്ചൻ**



**വിളയത്തേത്ത് മത്തായി**



**ഗീവർഗീസ് ചോന**

1971 ൽ അച്ചൻ രോഗബാധിതനായി പള്ളി ഭരണത്തിൽ നിന്നുമാറി മൂന്നു വർഷക്കാലം സ്വഭവനത്തിൽ കഴിഞ്ഞു. രോഗാവസ്ഥയിൽ അദ്ദേഹത്തെ ധാരാളം ഇടവകാംഗങ്ങളും വൈദികരും സന്ദർശിച്ചിരുന്നു. 1972 ഡിസം ബർ അവസാനം അദ്ദേഹത്തിന് പള്ളിയിൽ വച്ച് ഡാനിയേൽ മാർ പീല ക്സിനോസ് തിരുമേനി അനേകം വൈദികരുടെയും ഇടവക ജനങ്ങളുടെയും ബന്ധുമിത്രാദികളുടെയും സാന്നിദ്ധ്യത്തിൽ കന്തീലാ ശുശ്രൂഷ നടത്തി. അതിനുശേഷം, അദ്ദേഹം ബലി അർപ്പിച്ച മദ്ബഹായോടും ദേവാലയ ത്തോടും യാത്ര ചോദിച്ച് വിടവാങ്ങിയ രംഗം മർമ്മഭേദകം ആയിരുന്നു. 1973 ജനുവരി 24 ബുധൻ വെളുപ്പിന് 5 മണിക്ക് 73 -ാം വയസ്സിൽ അച്ചൻ കർത്താവിൽ നിദ്രപ്രാപിച്ചു. മരണസമയത്ത് മകനും മരുമകളും കൊച്ചു

മക്കളും മറ്റും അദ്ദേഹത്തിന്റെ സമീപം ഉണ്ടായിരുന്നു. അന്ന് വൈകിട്ട് 5 മണിക്ക് അഭിവന്ദ്യ ഡാനിയേൽ മാർ പീലക്സിനോസ് തിരുമേനിയുടെയും അനേകം വൈദികരുടെയും ഇടവക ജനങ്ങളുടേയും സമീപ ഇടവക ജന ങ്ങളുടെയും സാന്നിദ്ധ്യത്തിൽ പള്ളിയുടെ തെക്കു ഭാഗത്ത് പ്രത്യേകം തയ്യാ റാക്കിയ കല്ലറയിൽ ഭൗതികദേഹം സംസ്കരിച്ചു. ബഹു. അച്ചന്റെ മരണ വാർത്ത പത്രത്തിൽ കണ്ട് ഇപ്പോഴത്തെ പ. മാത്യൂസ് ദ്വിതീയൻ ബാവ തിരുമേനി കൊല്ലം അരമനയിൽ നിന്ന് അച്ചന്റെ വീട്ടിൽ എത്തി പ്രാർത്ഥന നടത്തുകയും അച്ചനെ രോഗശയ്യയിൽ വന്ന് കാണാൻ സാധിക്കാത്തതിൽ തിരുമേനി ഖേദം പ്രകടിപ്പിക്കയും ചെയ്തത് ബന്ധുമിത്രാദികൾ നന്ദിയോടെ സ്മരിക്കുന്നു.

# 3

# മരിച്ചാലും മരവിക്കാത്ത സ്മരണകൾ

**ഒരു** വ്യക്തിയുടെ ജീവിതത്തെപ്പറ്റി അദ്ദേഹം അർഹിക്കുന്നതും അല്ലാ ത്തതുമായ വളരെയധികം കാര്യങ്ങൾ എഴുതിക്കൂട്ടിയാലും അദ്ദേഹത്തെ അടുത്തറിയാവുന്നവരുടെ സാക്ഷ്യങ്ങൾക്കാണു വിവരമുള്ളവർ വില കല്പിക്കുന്നത്. പ്രശംസയ്ക്കു പ്രാധാന്യം കൽപിക്കാതെയും ദോഷവ ശങ്ങൾക്കു മറ സൃഷ്ടിക്കാതെയും ആരാധകർ ആത്മാർത്ഥതയോടെ ഒരു വ്യക്തിയെ – വിശിഷ്യ കഴിഞ്ഞ തലമുറയിൽ ജീവിച്ചു കടന്നുപോയ ഒരു ഉത്തമ വൈദികനെ – അനുവാചകരുടെ മുമ്പിൽ അവതരിപ്പിക്കുമ്പോൾ ഭംഗിവാക്കുകൾക്കു ഒട്ടും സ്ഥാനമില്ലാതെ വരുന്നു. നമ്മുടെ സ്മര്യപുരു ഷനായ ആക്കനാട്ടു തുണ്ടിൽ തോമസച്ചനെ അടുത്തുനിന്നു കണ്ടവരും നിരീക്ഷിച്ചു മനസ്സിലാക്കിയവരുമായ ഏതാനും പ്രമുഖ വൈദികരുടെയും അവൈദികരുടെയും സംസാരിക്കുന്ന സാക്ഷ്യങ്ങൾ ചേർക്കുക വഴി ഒരു നല്ല ജീവചരിത്ര വായന കൊണ്ടു ലഭിക്കേണ്ട അറിവും പ്രചോദനവും നേടാ നാവും എന്നതിനും സംശയമില്ല. ഒരാളെപ്പറ്റി പലർ അനുസ്മരിപ്പിക്കുമ്പോൾ അദ്ദേഹത്തിൽ വിളങ്ങിയിരുന്ന ഗുണഗണങ്ങളെപ്പറ്റി എല്ലാവർക്കും എന്തെ ങ്കിലും പറയാനുണ്ടാവും. തന്നിമിത്തം വൈവിധ്യത്തോടൊപ്പം ഒരളവുവരെ ആവർത്തന വിരസതയും കടന്നുകൂടിയിട്ടുണ്ടെന്നു ചൂണ്ടിക്കാണിക്കാനും കഴിഞ്ഞേക്കും. എന്നാൽ അത് ഈ പുസ്തകത്തിന്റെ ഒരു പ്രത്യേകതയായി പരിഗണിക്കുന്ന പക്ഷം തോമസച്ചനെപ്പറ്റി കൂടുതൽ പഠിക്കാനും മനസ്സി ലാക്കാനും താല്പര്യം ജനിക്കും. അദ്ദേഹം നടന്നുപോയ വഴികളും പിന്തു ടർന്ന മാർഗ്ഗങ്ങളും കാലാനുസൃതമായ മാറ്റങ്ങൾക്ക് വിധേയമായി പിന്തുടരാ നാവുന്നതേയുള്ളു.

## ശോഭിച്ച വൈദികൻ


ഫാ. എ. എം. വറുഗീസ്

അജപാലന രംഗത്തു വളരെയധികം ശോഭിച്ച വൈദികനായിരുന്നു ആക്ക നാട്ടുതുണ്ടിൽ തോമസച്ചനെന്നാണു ഒരു പ്രമുഖ വൈദികനായ ഫാ. എ. എം. വറുഗീസ് പന്തളം അനുസ്മരിപ്പിക്കുന്നത്. അര ദശാ ബ്ദത്തെ അനുഭവ പരിചയങ്ങളെ മുൻനിർത്തി വർഗീസ് അച്ചൻ പറയുന്ന കാര്യങ്ങൾ സംശ

യലേശമെന്യേ മുഖവിലയ്ക്കെടുക്കാവുന്നതുമാണ്. വർഗീസ് അച്ചൻ ഇങ്ങനെ തുടരുന്നു:

വാക്കും നോക്കും നന്നായി ഉപയോഗിച്ച ഒരു ഉത്തമ വൈദികനായിരുന്നു പന്തളം അറത്തിൽ ആക്കനാട്ടുതുണ്ടിൽ തോമസച്ചൻ. അര നൂറ്റാണ്ടു നീണ്ട അജപാലനരംഗത്ത് അദ്ദേഹം ശോഭിച്ചത് അതിസാമർത്ഥ്യം കൊണ്ടോ അഭിനവ വിജ്ഞാനം കൊണ്ടോ ഒന്നുമല്ലായിരുന്നു. വിളിക്കപ്പെട്ട വിളിയിൽ വിനയാനിതനായും വിശുദ്ധിയുള്ളവനായും തന്റെ കടമകൾ വിശ്വസ്തതയോടെ നിർവഹിച്ച് കടന്നുപോയി. പുരോഹിതനെപ്പറ്റിയും പുരോഹിതന്റെ കടമകളെപ്പറ്റിയുമോർക്കുമ്പോൾ എന്റെ മനസ്സിൽ വരുന്നത് “കാണാതെ പോയതിനെ ഞാൻ അന്വേഷിക്കുകയും ഓടിച്ചുകളഞ്ഞതിനെ തിരിച്ചുവരുത്തുകയും ഒടിഞ്ഞതിനെ മുറിവു കെട്ടുകയും ദീനം പിടിച്ചതിനെ ശക്തീകരിക്കുകയും ചെയ്യും” (യിരെ. 34:16). ആക്കനാട്ടുതുണ്ടിൽ അച്ചന്റെ ഇടവക സേവനത്തിനിടയിൽ മേൽക്കാണിച്ച നാലു വിഭാഗം ആടുകൾക്കും വേണ്ടി സ്വന്തം താൽപര്യങ്ങൾ വിസ്മരിച്ച് വിശ്രമം കൂടാതെ സേവനം ചെയ്തു. പ്രവാചകൻ പറഞ്ഞതുപോലെ തന്നെത്തന്നെ മേയിക്കുവാൻ തുനിയാതെ തന്റെ ആടുകളെ മേയിക്കുവാൻ താഴ്മയോടെ തയ്യാറെടുത്തു. സ്വന്തം കടമകൾ നിർവ്വഹിക്കുവാൻ കഷ്ടപ്പാടുകൾ സഹിച്ച കർമ്മയോഗിയായിരുന്നു അദ്ദേഹം.

സാമ്പത്തികനേട്ടത്തെ സംബന്ധിച്ചിടത്തോളം സേവനരംഗം ആകർഷകമല്ലാതിരുന്ന കഴിഞ്ഞ നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ വളരെ കുറച്ചു പേർ മാത്രമേ ഈ രംഗത്തേയ്ക്ക് എത്താറുണ്ടായിരുന്നുള്ളു. അന്നൊക്കെ കത്തനാരന്മാരുടെ കാര്യമായ അഭാവം ഇടവകകളിൽ അനുഭവപ്പെട്ടിരുന്നതുമൂലം ഒരാൾ തന്നെ പല ഇടവകകളിൽ പോയി കർമ്മാദികൾ നടത്തിവന്നു. ആക്കനാട്ടുതുണ്ടിലച്ചൻ ആക്കം ഉൾക്കൊണ്ട് സ്വന്തം സ്ഥലമായ പന്തളത്തും ചുറ്റുപാടുമുള്ള ഇടവകകൾ കൂടാതെ കോഴഞ്ചേരി, കോന്നി, മതാപ്പാറ, അട്ടച്ചാക്കൽ, തിരുവല്ലാ ബാലികാമഠം തുടങ്ങിയ സ്ഥലങ്ങളിലും പോയി സേവനം ചെയ്തിരുന്നു.

നൈസർഗികമായ ശബ്ദഭംഗിയും ആരാധനയിൽ ആഴ്ന്നിറങ്ങിയ ഭക്തിയും പാരമ്പര്യശൈലിയും എല്ലാം കൂടിച്ചേർന്ന് നമ്മുടെയാളുകൾക്കു കിട്ടിയ നല്ല ഭക്ഷണമായിരുന്നു തോമസച്ചന്റെ ബലിയർപ്പണം. ദൂരെയുള്ള പള്ളികളിൽ തലേ ദിവസമേ പോയി താമസിക്കും. ആരാധന കഴിഞ്ഞാൽ ഇടവകയിലെ ആദ്ധ്യാത്മിക പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിച്ചും രോഗികളെ ആശുപത്രിയിലും വീടുകളിലും സന്ദർശിച്ചും തന്റെ കടപ്പാടുകൾ നിർവഹിക്കും. മേൽപ്പറഞ്ഞ കാര്യങ്ങൾക്കെല്ലാം പോകുന്നതും വരുന്നതുമൊക്കെ നടന്നാവും. വിയർത്തൊലിച്ചും, വിശന്നും, ദാഹിച്ചും വിവശനായി വീട്ടിൽ എത്തിയാലോ? ആരെങ്കിലും എത്തിക്കൊള്ളും. “അച്ചോ! തൈലാ



ഭിഷേകം. ശവസംസ്കാരം.” ആകെ കൂടിയുള്ള അന്നത്തെ മാസ വരുമാനം അഞ്ചുരൂപയെന്നു കേട്ടാൽ ഇന്ന് ആരും അഞ്ചിപ്പോകും.

ചെങ്ങന്നൂർ ഭദ്രാസനത്തിലെ ഒരു പ്രധാന ഇടവകയായ പന്തളം അറത്തിൽ സെന്റ് ജോർജ് പള്ളിയെ ആദ്ധ്യാത്മിക തലത്തിൽ ഉയർത്തിക്കൊണ്ടുവരാൻ അശ്രാന്തം പരിശ്രമിച്ച വന്ദ്യ ദേഹമായിരുന്നു അച്ചൻ. അത് ഇദ്ദേഹത്തിന്റെ മാതൃഇടവകയുമായിരുന്നു. പ്രായമായവരും അല്ലാത്തവരുമായ അറത്തിൽ ഇടവകാംഗങ്ങൾ ആ സേവനങ്ങളെ നന്ദിയോടെ ഓർക്കുകയും ചെയ്യുന്നുണ്ട്.

എന്റെ മാതൃ ഇടവകയായ കൂരമ്പാല സെന്റ് തോമസ് പള്ളിയിലും കുറെ നാൾ സ്മര്യപുരുഷൻ തവണകൾ നടത്തിയിട്ടുണ്ട്. അന്നും അതിനു ശേഷവുമുള്ള പരിചയക്കണ്ണികൾ ദീർഘമാണ്. ഞാൻ ഏകദേശം 20 വർഷം അക്കാലത്ത് കേരളത്തിനു വെളിയിൽ ആയിരുന്നതുകൊണ്ട് അന്ന് അധികം അടുത്ത് ഇടപെടുവാൻ ഇടയായില്ല. എങ്കിലും ബഹു. അച്ചൻ രോഗക്കിടക്കയിലായിരുന്ന രണ്ടു മൂന്നു വർഷങ്ങൾ ഞാൻ നാട്ടിലെത്താൻ ഇടയാകുകയും കൂടെക്കൂടെ അദ്ദേഹത്തെ സന്ദർശിച്ച് സമാശ്വസിപ്പിക്കുകയും ചെയ്തിട്ടുണ്ട്. അദ്ദേഹത്തിന്റെ അന്ത്യനാളുകളിലും ശവസംസ്കാരച്ചടങ്ങുകളിലും സംബന്ധിക്കുവാൻ സാധിച്ചു.

ആക്കനാട്ടുതുണ്ടിലച്ചന്റെ മൂത്തമകൻ ഇലക്ട്രിസിറ്റി ബോർഡിലെ ഉദ്യോഗസ്ഥനായിരുന്ന ബേബി സാർ നേരത്തെ മരിക്കാതിരുന്നുവെങ്കിൽ ഇതിനു വളരെ മുമ്പു തന്നെ അച്ചനെ സംബന്ധിക്കുന്ന ഒരു ഗ്രന്ഥം ഉണ്ടാകുമായിരുന്നു. പക്ഷേ ആ കൃത്യനിർവഹണത്തിന് അച്ചന്റെ മരുമകൾ ഏലിയാമ്മ സാറിനെയാണ് ദൈവം നിയോഗിച്ചത്. അമ്മാവിയപ്പനായിരുന്ന വൈദികനോടും പരേതനായ ഭർത്താവിനോടും ഉള്ള ഇരട്ടക്കടപ്പാടാണ് ഏലിയാമ്മ സാർ നിർവഹിക്കുന്നത്.

## ഒരു ദൈവ മനുഷ്യൻ


ഫാ. എ. കെ. ചെറിയാൻ

ആക്കനാട്ടു തോമസച്ചനെ അടുത്തറിയാവുന്ന മറ്റൊരു വൈദികനായ എ. കെ. ചെറിയാന്റെ ഓർമ്മക്കുറിപ്പുകൾ വിജ്ഞാനപ്രദവും വ്യക്തിബന്ധാധിഷ്ഠിതവുമാണ്. മൂന്നു ദശാബ്ദമായി ന്യൂയോർക്കിൽ വൈദികനായി സേവനം ചെയ്യുന്ന ചെറിയാനച്ചൻ പന്തളത്തുള്ള മറ്റേതൊരു വൈദികനേക്കാളും ഉൾക്കാഴ്ചയോടെ നടത്തുന്ന നിരീക്ഷണങ്ങൾ വളരെയധികം വ്യക്തവും സ്നേഹനിർഭരവുമാണെന്നു പറയുന്നതിൽ ഏറെ സന്തോഷമുണ്ട്. ഫാ. എ. കെ. ചെറിയാൻ ഇങ്ങനെ എഴുതുന്നു:

"എന്റെ ബാല്യ – യൗവന കാലഘട്ടങ്ങളിൽ ആദർശപുരുഷനായി ഞാൻ സ്വീകരിച്ചിരുന്ന ഒരു പുണ്യവാനായിരുന്നു ബഹുമാനപ്പെട്ട ആക്കനാട്ടുതുണ്ടിൽ തോമസച്ചൻ. എന്റെ മാതൃ ഇടവകയായ കൂരമ്പാല സെന്റ് തോമസ് പള്ളിയിൽ അദ്ദേഹത്തിനു തവണ അനുവദിച്ചു കിട്ടിയതിനു ശേഷമായിരുന്നു ഞങ്ങൾ തമ്മിലുള്ള ആത്മീയമായ ബന്ധത്തിന് അടിസ്ഥാനമിട്ടത്. കൂരമ്പാലപ്പള്ളി ഇടവകയിൽ രണ്ടു വൈദികർ തവണ നടത്തിയിരുന്നു. ശങ്കരത്തിൽ മാത്യൂസ് കോറെപ്പിസ്കോപ്പായും, പുലിത്തിട്ട ഏബ്രഹാം കത്തനാരുമായിരുന്നു ഇടവകയ്ക്കു വേണ്ടി പട്ടമേറ്റ ഈ രണ്ടു പട്ടക്കാർ. ഇതിൽ പുലിത്തിട്ട ഏബ്രഹാം അച്ചനെ ബാഹ്യകേരള ഭദ്രാസനത്തിലുള്ള മലയ – സിംഗപ്പൂർ ഇടവകയിലേക്ക് കുറെക്കാലം നിയമിച്ചതിന്റെ ഒഴിവിൽ വന്ന തവണയിലാണ് ബ. ആക്കനാട്ടുതുണ്ടിലച്ചനെ നിയമിച്ചത്. അങ്ങനെ മാസം രണ്ടു തവണ അദ്ദേഹം കൂരമ്പാലപ്പള്ളിയിൽ നടത്തിയിരുന്നു. ശങ്കരത്തിൽ, പുലിത്തിട്ട കുടുംബങ്ങൾ ഒന്നു തന്നെയായിരുന്നുവെങ്കിലും കിടമത്സരങ്ങൾ ഈ വൈദികർ തമ്മിൽ ഉണ്ടായിരുന്നു. തന്നിമിത്തം ഇടവകയിൽ അതു പ്രതിഫലിക്കുകയും ഇടവകയുടെ ആത്മീയവും ഭൗതികവുമായ വളർച്ചയെ ബാധിക്കയും ചെയ്തിരുന്നു.

ആരാധന നടത്തിയിരുന്ന കൂരമ്പാലപ്പള്ളി ഓലമേഞ്ഞ കെട്ടിടവും ഒട്ടും സുരക്ഷിതത്വമില്ലാത്തതുമായിരുന്നു. 1951 –ൽ ഒരു പുതിയ പള്ളിക്കുവേണ്ടി കല്ലിടുകയും പണി ആരംഭിക്കുകയും ചെയ്തു. അതിന് അടിസ്ഥാന ശില യിട്ടത് പുത്തൻകാവിൽ കൊച്ചുതിരുമേനിയായിരുന്നു. ഈ സമയത്താണ് പുലിത്തിട്ട ഏബ്രഹാം അച്ചൻ മലയായിൽ പോയതും. ആക്കനാട്ടുതുണ്ടിലച്ചൻ ഈ പള്ളിയിൽ വന്നതും.

കോളജു വിദ്യാഭ്യാസമോ, സ്വാധീനമോ, മറ്റ് ധാടിമോടികളോ ഒന്നും എടുത്തു പറയുവാനില്ലായിരുന്നുവെങ്കിലും തോമസച്ചൻ ഇടവകയിൽ വന്നതിനുശേഷം ആത്മീയമായ ഒരു നവോത്ഥാനം ഉണ്ടായി. സൺഡേ സ്കൂൾ, മർത്തമറിയം സമാജം, യൂത്ത് ലീഗ് തുടങ്ങിയ ആത്മീയ സംഘടനകൾ ശക്തിപ്രാപിക്കയും ദൈവകൃപയിൽ മുതിർന്നു വരുവാൻ തക്കവണ്ണം ഇടവക രൂപാന്തരപ്പെടുകയും ചെയ്തു. തോമസച്ചന്റെ മാധുര്യമേറിയ ആരാധനയും, ദൈവിക ദൂത് നിഴലിക്കുന്ന ലഘു പ്രസംഗങ്ങളും ഇടവകയെ ഉത്തേജിപ്പിച്ചു. വളരെ പ്രായം ചെന്നതിനു ശേഷവും അച്ചന്റെ ആരാധനയിൽ ആത്മനിറവ് ഉണ്ടായിരുന്നു.

എത്രമാത്രം ത്യാഗം അനുഷ്ഠിച്ചാണ് നമ്മുടെ വൈദികരിൽ ചിലർ ഒരു കാലത്ത് ദൈവിക ശുശ്രൂഷകൾ നടത്തിയിരുന്നത് എന്ന സത്യം ഇന്നു പലരും മറന്നുപോയിരിക്കുന്നു. കാലം മാറി, ജീവിതരീതികൾ മാറി; വ്യത്യസ്ത ജീവിത സാഹചര്യങ്ങൾ സഭാ ജീവിതത്തേയും വ്യത്യാസപ്പെടുത്തിയിരിക്കുന്നു. 1963 –ൽ ഞാൻ തിരുവല്ല എം. ജി. എം. ഹൈസ്കൂളിൽ അദ്ധ്യാപകനായിരുന്നപ്പോൾ ബോർഡിംഗിന്റെ ചുമതല ലഭിച്ചതിനാൽ അവിടെത്തന്നെ താമസിക്കുകയും കുട്ടികളുടെ ആത്മീയ കാര്യങ്ങളിൽ ശ്രദ്ധപതിപ്പിച്ചു വരികയും ചെയ്തിരുന്നു. ഒരു ശനിയാഴ്ച സന്ധ്യാനമസ്കാരത്തിന് പതിവനുസരിച്ച് അടുത്തുള്ള ബഥനി അരമനപ്പള്ളിയിൽ പോയി. ദിവംഗതനായ സൈമൺ മാത്യൂസച്ചനായിരുന്നു അവിടുത്തെ വികാരി. നമസ്കാരം കഴിഞ്ഞ് ഞങ്ങൾ തെക്കുവശത്തെ വരാന്തയിൽ സംസാരിച്ചു കൊണ്ടു നിൽക്കുമ്പോൾ സഭാസ്നേഹിയായിരുന്ന പുരയ്ക്കൽ ചാക്കോച്ചനും പങ്കുചേർന്നു.



സംസാരമദ്ധ്യേ ഞാൻ പന്തളത്തുകാരനെന്നു മനസ്സിലായപ്പോൾ ആക്കനാട്ടുതുണ്ടിൽ തോമസച്ചനെ അറിയുമോ എന്നു ചോദിച്ചു. അച്ചനെ ഞാൻ വളരെ ബഹുമാനിക്കയും സ്നേഹിക്കയും ചെയ്യുന്നു എന്നു മറുപടി നൽകി. പല കാര്യങ്ങൾ അച്ചനെക്കുറിച്ചു സൂചിപ്പിച്ച കൂട്ടത്തിൽ ഒരു സംഭവകഥ അദ്ദേഹം പറഞ്ഞത് ഇന്നും – 38 വർഷങ്ങൾക്കു ശേഷവും – എന്റെ സ്മരണയിൽ നിന്നു മാഞ്ഞുപോയിട്ടില്ല. തോമസച്ചൻ വൈദികനായി കുറെക്കാലത്തേക്ക് ദൂരെ ഇടവകകളിൽ ശുശ്രൂഷിച്ചിരുന്നു എന്നു ഞാൻ അനുമാനിക്കുന്നു. ചാക്കോച്ചൻ പറഞ്ഞു: "പള്ളി സംബന്ധമായ ഒരു കാര്യം സംസാരിക്കാൻ ഒരു ശനിയാഴ്ച വൈകിട്ട് അദ്ദേഹത്തിന്റെ വീട്ടിൽ ഞങ്ങൾ ചെന്നു. ഉരലിൽ എന്തോ ഇട്ട് ഇടിക്കുന്ന ശബ്ദം കേട്ടപ്പോൾ ഞങ്ങൾ തമാശയായി ചോദിച്ചു, ഞങ്ങളുടെ ഭക്ഷണത്തിനാണോ ഉരൽ പ്രയോഗം നടത്തുന്നത് എന്ന്. അച്ചൻ ചിരിച്ചുകൊണ്ട് മറുപടി പറഞ്ഞു. അത് ഇവിടുത്തെ ബസ്ക്യാമ്മയാണ്. നാളെ രാവിലെ വിശുദ്ധ കുർബാന അപ്പം ഉണ്ടാക്കാനുള്ള ഗോതമ്പ് ഇടിച്ചു പൊടിക്കുകയാണ്. ഞാൻ കടയിൽ പോയി ഇപ്പോൾ വാങ്ങിക്കൊണ്ടുവന്നതാണ്. നിങ്ങൾ ഭക്ഷണം കഴിച്ചിട്ടേ പോകാവൂ. അല്പം താമസിച്ചേക്കും. ഞങ്ങൾ സാധാരണ കഴിക്കുന്ന ഭക്ഷണം വിരുന്നുകാരായ നിങ്ങൾക്ക് തരുന്നത് ശരിയല്ലല്ലോ." തിരുവല്ലായിൽ നിന്ന് അച്ചനെ കാണാൻ പോയവർ പരസ്പരം നോക്കി നിശ്ശബ്ദരായി ഇരുന്നു. എന്നിട്ട് അച്ചൻ പറഞ്ഞു: 'ഞാൻ അതിരാവിലെ എഴുന്നേറ്റു പ്രാർത്ഥനയും കഴിഞ്ഞ് വിശുദ്ധ കുർബാന അപ്പവും ഉണ്ടാക്കി ഇറങ്ങി നടക്കും. വണ്ടി കിട്ടിയാൽ കയറും, ഇല്ലെങ്കിൽ പള്ളിയിൽ നടന്ന് എത്തും. അപ്പോഴേക്കും 8 മണിയായിരിക്കും. വിശുദ്ധ കുർബാനയും കഴിഞ്ഞു മീറ്റിംഗുകളോ മറ്റു വല്ലതുമുണ്ടെങ്കിൽ അതും കഴിഞ്ഞ് വീട്ടിൽ എത്തുമ്പോഴേക്കും സന്ധ്യയായിരിക്കും.'

ഗൽഗദകണ്ഠനായി ചാക്കോച്ചൻ പറയുകയാണ്, "ഈ അച്ചനാണ് എന്റെ ആത്മീയ ഗുരു. നസറായനായ യേശുവിനെ പിൻപറ്റിയയാൾ."

ബ. തോമസച്ചൻ തന്നെ ചാക്കോച്ചനോടു പറഞ്ഞ മറ്റു ചില വസ്തുതകളും അദ്ദേഹം അപ്പോൾ അറിയിച്ചു. റീത്തു പ്രസ്ഥാനം ആരംഭിച്ച്

ശക്തിയായി മുന്നേറുകയാണ്. റോമാ സഭയുടെ ധനസമൃദ്ധിയുടെ മുഷ്ക്ക് മലങ്കര സഭയോടു കാട്ടുവാൻ മാർ ഈവാനിയോസും കൂട്ടരും ബദ്ധശ്ര ദ്ധരാണ്. സാമ്പത്തിക പ്രയാസമുള്ള പട്ടക്കാരേയും ജനങ്ങളെയും അവർ ലക്ഷ്യമിട്ടു. അങ്ങനെ വാഗ്ദാനങ്ങളും പണക്കിഴികളുമായി അനേകർ തോമ സച്ചനെയും സമീപിച്ചു. വലിയ വീട്, ധാരാളം പണം, മക്കൾക്ക് വിദ്യാഭ്യാസം തുടങ്ങിയവയെല്ലാം വാഗ്ദാനങ്ങളുടെ കൂട്ടത്തിൽ വന്നിരുന്നു. പക്ഷേ തന്റെ തലയിൽ കൈവെച്ച പിതാക്കന്മാരെ വേദനിപ്പിക്കുവാനോ നിർമ്മലമെന്നു കരുതിയിരുന്ന വിശ്വാസം വിട്ടുകളയുവാനോ ലൗകിക പ്രലോഭനങ്ങൾ മതി യായവ ആയിരുന്നില്ല. തനിക്കു ദൈവം നൽകിയതെല്ലാം നല്ലതു എന്നു എണ്ണി ഇല്ലായ്മയിലും സമൃദ്ധിയിലും അദ്ദേഹം സന്തോഷിച്ചു ജീവിച്ചു. തന്റെ ജീവിതസഖി മുന്നോടിയായി നിത്യരാജ്യത്തിലേക്കു പോയിയെങ്കിലും പ്രിയപുത്രനോടും മരുമകളോടും കൊച്ചുമക്കളോടും ചേർന്ന് ദൈവത്തെ സ്തോത്രം ചെയ്ത് തന്റെ ജീവിത സായാഹ്നം കഴിച്ചു. ഒരു കഷ്ടാനുഭവ വാരത്തിൽ ഒരു രാത്രി ഞാൻ ആ കുടുംബത്തോടൊത്തു രാപാർത്തു. കൊച്ചുമക്കൾ നാലുപേർ അപ്പച്ചന്റെ ചുറ്റുംനിന്നു മാറുകയില്ല. അപ്പച്ചന് കൊച്ചുമക്കൾ 'സ്വർണ്ണക്കട്ടി' പോലെയാണ്. മരുമകൾ സ്വന്ത മകളെക്കാൾ കാര്യമായി അപ്പച്ചനെ സ്നേഹിച്ച് ശുശ്രൂഷിച്ചുകൊണ്ടിരുന്നു.

ബഹുമാനപ്പെട്ട അച്ചന് എന്നോടു വലിയ സ്നേഹമായിരുന്നു. അതു പോലെ മൂത്ത പുത്രൻ ബേബിച്ചാ യനും കുടുംബത്തിൽപ്പെട്ട എല്ലാവരും എന്നെ സ്നേഹിച്ചിരുന്നു. 1972 –ൽ ഞാൻ അമേരിക്കയിലേക്കു പോരു മ്പോൾ അച്ചൻ രോഗിയായി കഴിഞ്ഞി രുന്നു. ഏതാനും വർഷം കഴിഞ്ഞ് ഞാൻ അമേരിക്കയിൽ നിന്ന് മടങ്ങി എത്തിയപ്പോഴേക്കും അച്ചൻ അക്കര കടന്നിരുന്നു."

**പുതുക്കിപ്പണിത അറത്തിൽ പള്ളി**

# 4

# അറത്തിൽ പള്ളിയും ആക്കനാട്ടു വല്യച്ചനും



**ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ**

ആക്കനാട്ടു വല്യച്ചനെപ്പറ്റി കൊച്ചച്ചനും അയൽവാസിയും പണ്ഡിതനും ഗ്രന്ഥകാരനുമായ ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ ഒരു അനു സ്മരണയിൽ ഇങ്ങനെ പറയുന്നു:

പന്തളം അറത്തിൽ പള്ളി മൂന്നു നൂറ്റാണ്ടിന്റെ ദീർഘമായ ചരിത്രമുള്ള അവിടുത്തെ ഏക ദേവാ ലയമാണ്.

പന്തളത്തെ ക്രൈസ്തവർ തുമ്പമണ്ണിൽ നിന്നും കടമ്പനാട്ടു നിന്നും കുടിയേറിയവരാണ്. കടമ്പനാട്ടു നിന്നു തുമ്പമണ്ണിലേക്കും അവിടെ നിന്നു പന്തളത്തേക്കും ക്രൈസ്തവ കുടിയേറ്റം നടന്നു.

ആരാധനയ്ക്കായി പന്തളത്തെ ക്രിസ്ത്യാനി കൾ പോയത് തുമ്പമൺ സെന്റ് മേരീസ് പള്ളിയിലായിരുന്നു. അതിന് മുമ്പ് കിലോമീറ്ററുകൾ നടന്ന് കടമ്പനാട്ടു പള്ളിയിൽ പോയി ആരാധന നടത്തിവന്നു. അതിനാൽ തുമ്പമൺ, കടമ്പനാട് പള്ളികൾ അറത്തിൽ പള്ളി യുടെ മാതൃ ദേവാലയങ്ങളാണ്.

പന്തളത്തേക്ക് കുടിയേറിയ ക്രൈസ്തവർ ആരാധനയ്ക്കും പ്രാർത്ഥന യ്ക്കുമായി പള്ളി പണിതുയർത്തിയത് അറത്തിൽ ആയിരുന്നു. പന്തളത്തു നിന്നു രണ്ട് കിലോമീറ്റർ പടിഞ്ഞാറാണ് അറത്തിൽ. വിശുദ്ധ ഗീവറുഗീസ് സഹദായുടെ നാമത്തിലാണ് പള്ളി സ്ഥാപിച്ചത്. ചരിത്ര രേഖകളുടെ അടി സ്ഥാനത്തിൽ 1809–ൽ പന്തളത്ത് പള്ളി ഉണ്ടായിരുന്നതായി കാണുന്നു. ഇത് പുത്തൻകാവ് പള്ളിയിൽ കബറടങ്ങിയ എട്ടാം മാർത്തോമ്മായുടെ (1809 – 1816) കാലഘട്ടമായിരുന്നു. 'പന്തളത്തെപ്പള്ളി' എന്നാണ് ആദ്യകാ ലത്ത് അറിയപ്പെട്ടത്. പന്തളം പ്രദേശത്തിന്റെ മദ്ധ്യഭാഗങ്ങൾ എല്ലാം പന്തളം രാജാവിന്റെ അധീനതയിലായിരുന്നു. രാജാവ് പള്ളി പണിയുന്നതിനായി പന്തളത്തിന് പടിഞ്ഞാറ് സൗകര്യങ്ങൾ ക്രമീകരിച്ചു നൽകി. അതിനാൽ പന്തളത്തിന് പടിഞ്ഞാറാണെങ്കിലും 'പന്തളം പള്ളി' എന്ന് നാമകരണം ചെയ്തു.

'പന്തളത്തെ പള്ളിയിൽ' നിന്നുമാണ് സമീപപ്രദേശങ്ങളിലേക്ക് ക്രൈസ്തവ കുടിയേറ്റം ഉണ്ടായത്. 1876 ജൂൺ 27 – 29 വരെ എറണാകുളം ജില്ലയിലെ മുളന്തുരുത്തിയിൽ നടന്ന സുന്നഹദോസിൽ പന്തളത്തെ പള്ളി യുടെ പ്രതിനിധിയായി വികാരി കിഴക്കേവീട്ടിൽ തോമ്മാ കത്തനാർ ഒപ്പു വെച്ചിട്ടുണ്ട്. മുളന്തുരുത്തി സുന്നഹദോസ് കാനോനകൾ, രേഖ പേജ്

18-ൽ ഇതു രേഖപ്പെടുത്തിയിട്ടുണ്ട്.

പന്തളം പ്രദേശത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് ക്രൈസ്തവർ സൗകര്യാർത്ഥം മാറി താമസിക്കുകയും ആ സ്ഥലങ്ങളിൽ പുതിയ പള്ളികൾ സ്ഥാപിക്കുകയും ചെയ്തു. അതോടെ 'പന്തളം പള്ളി' അറത്തിൽ പള്ളിയായി അറിയപ്പെടുവാൻ തുടങ്ങി. പന്തളം പ്രദേശത്തെ എല്ലാ പള്ളികളും പിന്നീട് ഉണ്ടായതാണെന്ന് ചരിത്രം വെളിപ്പെടുത്തുന്നു.

മാന്തുക സെന്റ് തോമസ് (1863), കുടശ്ശനാട് സെന്റ് സ്റ്റീഫൻസ് (1873), വെൺമണി ചാപ്പൽ (1896), ഉള്ളന്നൂർ സെന്റ് മേരീസ് (1898), കൂരമ്പാല സെന്റ് തോമസ് (1906), ആറ്റുവാ മാർ ബർ സൗമ്മാ (1912), പറന്തൽ സെന്റ് ജോർജ് (1912) തുടങ്ങിയ പള്ളികൾ അറത്തിൽ പള്ളിക്ക് ശേഷം പന്തളം പ്രദേശത്ത് ഉണ്ടായവയാണ്.

അറത്തിൽ പള്ളിയുടെ രണ്ടാം ഘട്ടം ആരംഭിക്കുന്നത് പത്തൊമ്പതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിലാണ്. കേരളത്തിന്റെ സമഗ്രമായ നവോത്ഥാനം ആരംഭിക്കുന്നതും ഈ കാലഘട്ടത്തിലാണ്. മിഷനറിമാരുടെ വിവിധ പ്രവർത്തനങ്ങൾ, ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ പ്രചാരം, പത്രപ്രവർത്തനം എന്നിവ സാമൂഹിക നവോത്ഥാന പ്രക്രിയയ്ക്ക് അടിത്തറയിട്ടു. മതരംഗത്തും വിവിധങ്ങളായ പരിവർത്തനങ്ങളുണ്ടായി. 19-ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധമായിരുന്നു പരുമല ഗീവറുഗീസ് മാർ ഗ്രീഗോറിയോസിന്റെ (1848 – 1902) കർമ്മകാണ്ഡം.

പരിശുദ്ധ പരുമല തിരുമേനി തുമ്പമൺ ഭദ്രാസനത്തിലെ 21 പള്ളികളുടെ മെത്രാപ്പോലീത്തായായി 1884 ൽ ചുമതല ഏറ്റതു മുതൽ അറത്തിൽ പള്ളിക്കും വികസനത്തിന്റെ രജതരേഖ തെളിഞ്ഞു. പരുമല തിരുമേനിക്ക് തുമ്പമൺ ഭദ്രാസനത്തിന്റെ ചുമതല ഏല്പിച്ചുള്ള സ്ഥാത്തിക്കോനിലും അറത്തിൽ പള്ളിയുടെ പേര് ഉൾപ്പെടുത്തിയിട്ടുണ്ട്.

പരുമല തിരുമേനി ഭദ്രാസന ഭരണം നടത്തിയത് തുമ്പമൺ കേന്ദ്രീകരിച്ചായിരുന്നു. തിരുമേനിയുടെ പരുമല – തുമ്പമൺ യാത്രയിലെ പ്രധാന കേന്ദ്രമായിരുന്നു പന്തളം. അന്ന് പന്തളത്ത് അറത്തിൽ പള്ളി മാത്രമേ ഉണ്ടായിരുന്നുള്ളു. അതിനാൽ അറത്തിൽ പള്ളിയുടെ പ്രവർത്തനങ്ങളിൽ പരുമല തിരുമേനി പ്രത്യേകം ജാഗ്രത പുലർത്തി. ജീർണ്ണാവസ്ഥയിലായ അറത്തിൽ പള്ളി പുനർ നിർമ്മിക്കുന്നതിനായി മുൻകൈ എടുത്തു. 1893 ൽ പരുമല തിരുമേനി അറത്തിൽ പള്ളിക്ക് ശിലാസ്ഥാപനം നടത്തി. ഇത് പരുമല തിരുമേനിയുടെ സ്വന്തം ഡയറിക്കുറിപ്പിൽ എഴുതിയിട്ടുണ്ട്. പരുമല തിരുമേനിയുടെ ശിഷ്യനായ തുമ്പമൺ കരിങ്ങാട്ടിൽ സ്കറിയാ കത്തനാരാണ് അന്ന് അറത്തിൽ പള്ളി നയിച്ചിരുന്നത്.

പരുമല തിരുമേനിയുടെ സാന്നിധ്യവും നേതൃത്വവും അറത്തിൽ പള്ളിയുടെ സമഗ്രമായ വികസനത്തിന് പ്രാരംഭം കുറിച്ചു. കാലക്രമത്തിൽ പല പ്രാവശ്യം പള്ളി വലുതാക്കുകയും പുതുക്കിപ്പണിയുകയും ചെയ്തിട്ടുണ്ട്.

അറത്തിൽ പള്ളിയുടെ മൂന്നാം ഘട്ടം ആരംഭിക്കുന്നത് ആക്കനാട്ടുതുണ്ടിൽ തോമസ് അച്ചൻ വികാരിയായി സേവനം അനുഷ്ഠിച്ചപ്പോഴാണ് (1921 – 1973). അറത്തിൽ പള്ളിയുടെ സർവ്വവിധമായ വികസന മാർഗ്ഗരേഖകളും ഫലപ്രദമാക്കിയത് ഈ ഘട്ടത്തിലാണ്. നല്ല കാര്യവിചാരകനായി ഇടയപരിപാലനത്തിൽ ത്യാഗപൂർവ്വം ശുശ്രൂഷിച്ചതിനാൽ ദീർഘകാലം ഇടവകയെ നയിക്കുവാൻ സാധിച്ചു. അത് സാമൂഹിക ആദ്ധ്യാത്മിക രംഗങ്ങളിൽ ഇടവകയുടെ പുരോഗതിക്ക് സഹായിച്ചു.



1965 –ൽ പ്രസിദ്ധീകരിച്ച തുമ്പമൺ ഭദ്രാസന ഡയറക്ടറിയിൽ അറത്തിൽ പള്ളിയിൽ സേവനം അനുഷ്ഠിച്ച വൈദികരെക്കുറിച്ച് പറയുന്നുണ്ട്: "ആദ്യഘട്ടത്തിൽ ഇവിടെ കർമ്മാദികൾ നടത്തിയത് ചെന്നിത്തല അച്ചനായിരുന്നു. പിന്നീട് ക്രമത്തിന് കരിങ്ങാട്ടിൽ സ്കറിയ കത്തനാർ, അറത്തിൽ വലിയച്ചൻ, വരമ്പേലച്ചൻ, അറത്തിൽ കിഴക്കേതിലച്ചൻ എന്നിവർ തവണ നടത്തി. ഇവരിൽ ഒടുവിലത്തെ മൂന്നു പട്ടക്കാരും നവീകരണ സഭയിൽ ചേർന്നു. ദീർഘകാലം വികാരിയായി സേവനം അനുഷ്ഠിച്ചത് ഇടവകാംഗമായ ആക്കനാട്ടുതുണ്ടിൽ തോമസച്ചനാണ്.

ഒരു ഇടവകയിൽ 50 –ൽപ്പരം വർഷം സേവനം അനുഷ്ഠിക്കുക ഭാഗ്യകരമാണ്. ഇത് അപൂർവ്വമായി ലഭിക്കുന്ന അവസരമാണ്. ആക്കനാട്ടുതുണ്ടിൽ തോമസ് അച്ചൻ അറത്തിൽ പള്ളിയെ നയിച്ച കാലഘട്ടത്തിൽ (1921 – 1971) ദൈവകൃപയുടെ നീർച്ചാലുകൾ ഇടവകക്കാർ അനുഭവിച്ചറിഞ്ഞിരുന്നു.

ആക്കനാട്ടുതുണ്ടിലച്ചൻ ഇടയപരിപാലനം നടത്തുന്ന കാലഘട്ടത്തിൽ പന്തളത്തിന് സമീപം 10 –ൽ പരം പള്ളികൾ ഉണ്ട്. തുമ്പമൺ, അറത്തിൽ, മാന്തുക, കുടശ്ശനാട്, വെൺമണി ചാപ്പൽ, ഉള്ളന്നൂർ, കുരമ്പാല, ആറ്റുവ, പറന്തൽ, കുളനട ചാപ്പൽ എന്നിവിടങ്ങളായി 2291 ഓർത്തഡോക്സ് കുടുംബങ്ങൾ ഉണ്ടായിരുന്നു. സ്ത്രീ പുരുഷന്മാരും കുട്ടികളും ഉൾപ്പെടെ 14824 ഓർത്തഡോക്സുകാർ ഈ പ്രദേശത്ത് താമസിച്ചിരുന്നു. തുമ്പമൺ ഭദ്രാസന ഡയറക്ടറിയിലെ 1965 ലെ കണക്കിൻപ്രകാരം അറത്തിൽ പള്ളിയിൽ 143 വീടുകളിൽ 233 പുരുഷന്മാരും 200 സ്ത്രീകളും 443 കുട്ടികളും ഉൾപ്പെടെ 876 പേർ അംഗങ്ങളായുണ്ടായിരുന്നു. അന്നും ഇടവകയെ നയിക്കുന്നത് ആക്കനാട്ടുതുണ്ടിൽ തോമസച്ചനാണ്. അറത്തിൽ പള്ളിയുടെ ആദ്ധ്യാത്മിക നേതൃത്വത്തിന് സർവ്വവിധ ത്യാഗങ്ങളും ചെയ്ത ആക്കനാട്ടുതുണ്ടിൽ തോമസ് അച്ചൻ തുമ്പമൺ ഭദ്രാസനത്തിലെ വിവിധ പള്ളികളിലും നിസ്തുലമായ ആത്മീയ നേതൃത്വം നൽകിയിരുന്നു.

അറത്തിൽ പള്ളിയുടെ നാലാമത്തെ ഘട്ടം ആരംഭിക്കുന്നത് 1996 മെയ് 6–നാണ്. പഴയ പള്ളിയുടെ വടക്കുവശത്തെ വസ്തുവിൽ പുതിയ പള്ളിയുടെ ശിലാസ്ഥാപനം പ. ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവാ നിർവ്വഹിച്ചു. അദ്ദേഹം തന്നെ 2002 മെയ് 3, 4 തീയതികളിൽ പുതിയ പള്ളിയുടെ കൂദാശയും നിർവ്വഹിച്ചു. പുതുതായി പണിത അറത്തിൽ പള്ളിയുടെ രൂപശില്പം ക്രൈസ്തവ പാരമ്പര്യം, സംസ്കാരം എന്നിവയുടെ പ്രതിഫലനമാണ്. ഇത് ശില്പ വൈദഗ്ധ്യത്താൽ അനുഗൃഹീതവും ആകർഷകവുമാണ്. ഇപ്പോൾ പന്തളത്തുള്ള ഏറ്റവും വലിയ ദേവാലയമായി അറത്തിൽ പള്ളി ഉയർന്നു. അങ്ങനെ അറത്തിൽ പള്ളിയുടെ വിവിധങ്ങളായ അഭിവൃദ്ധിക്ക് വഴിതെളിച്ചതിന്റെ പ്രാരംഭം ആക്കനാട്ടുതുണ്ടിൽ തോമസച്ചനിൽ നിന്നുമാണ്.

എന്റെ മനസ്സിൽ ആക്കനാട്ടുതുണ്ടിൽ തോമസച്ചന്റെ നിരവധി ചിത്രങ്ങൾ തിങ്ങിനില്പുണ്ട്: രാവിലെയും വൈകിട്ടും തോമസ് അച്ചൻ നടക്കുവാൻ എത്തും. തൂവെള്ള കമ്മീസ്, ദീർഘമായ താടി, പ്രസന്നവദനം, എല്ലാവരോടും കുശലാന്വേഷണം നടത്തിയാണ് യാത്ര. കുത്തിനടക്കുവാനായി

കൈയിൽ ഒരു വളഞ്ഞ വടിയും ഉണ്ടാകും.

വല്യച്ചന്റെ സാന്നിധ്യം കുട്ടികളായ ഞങ്ങൾക്ക് വലിയ സന്തോഷമാണ്. രാവിലെ നടക്കുവാൻ വീട്ടിൽ നിന്നു തെക്കോട്ട് പോകുമ്പോൾ കുട്ടികൾ സ്കൂളിലേക്ക് വടക്കോട്ട് പോകും. വഴിയിൽ വല്യച്ചനെ കണ്ടുമുട്ടും. വല്യച്ചനെ കണ്ടാൽ സ്കൂൾ കുട്ടികൾ കൈ നീട്ടിക്കൊണ്ടു ചെല്ലും. കൈ നീട്ടുന്നവരുടെ കൈത്തലത്തിൽ വല്യച്ചൻ ഓരോ അടി കൊടുക്കും.

സ്കൂൾ കുട്ടികൾക്ക് ഇത് വലിയ ഇഷ്ടമാണ്. വല്യച്ചൻ അടിച്ചാൽ അന്ന് സ്കൂളിൽ സാറന്മാരിൽ നിന്ന് അടി കിട്ടത്തില്ല!

വല്യച്ചന് കുട്ടികളോട് വലിയ ഇഷ്ടം ആയിരുന്നു. അതിന്റെ സ്നേഹ പ്രകടനമായിരുന്നു കുട്ടികൾക്ക് വല്യച്ചൻ നല്കുന്ന വാത്സല്യപൂർവ്വമായ അടി, അല്ല തലോടൽ.

വല്യച്ചനിൽ എനിക്ക് ആകർഷകമായി തോന്നിയത് തലയിലെ കറുത്ത തൊപ്പിയാണ്. തൊപ്പിയിൽ വളരെ നേരം ഞാൻ നോക്കിയിരുന്നിട്ടുണ്ട്. ഞാൻ ട്യൂഷൻ പഠിച്ചിരുന്ന വീട്ടിൽ അച്ചൻ എത്തുമായിരുന്നു. അവിടെവച്ച് പഠന കാര്യങ്ങൾ എല്ലാം അന്വേഷിക്കും. ഒരിക്കൽ വല്യച്ചൻ തലയിൽ നിന്നു തൊപ്പി എടുത്ത് മേശപ്പുറത്തു വച്ചു. നല്ല ഉഷ്ണകാലമായിരുന്നു.

തൊപ്പി ഇരിക്കുന്നതു കണ്ടപ്പോൾ എനിക്ക് ആഹ്ലാദം തോന്നി. ഞാൻ അടുത്തു ചെന്ന് തൊപ്പി എടുത്ത് വിശാലമായി നിരീക്ഷിച്ചു. ഇതുകണ്ട് വല്യച്ചൻ എന്നെ അടുത്ത് വിളിച്ചിട്ട് പറഞ്ഞു:

"നീയും പഠിച്ച് അച്ചനായിത്തീരണം." ആ ശബ്ദം എന്റെ ഹൃദയത്തിൽ തട്ടി. അത് സ്നേഹത്തിന്റെ സ്പർശമായിരുന്നു. ഈ ശബ്ദം എന്നെ തുടർന്നുകൊണ്ടേയിരുന്നു. കാലം കറങ്ങി, കലണ്ടറുകൾ മാറി മാറി വന്നു. അച്ചൻകോവിലാറ്റിലൂടെ കോടിക്കണക്കിനു ഘനയടി വെള്ളവും ഒഴുകി. ദൈവം എന്നെ 1992 ആഗസ്റ്റ് 31 ന് വൈദികനായി ഉയർത്തി.


വൈദികനായിത്തീരണമെന്ന് ആദ്യമായി ഉപദേശിച്ച ആക്കനാട്ടുതുണ്ടിൽ തോമസച്ചന്റെ ശബ്ദം പിന്നീട് പലർ വഴിയായി എന്നിൽ പ്രതിധ്വനിച്ചു. ആ ശബ്ദം നിരന്തരമായി എന്നെ പിന്തുടർന്നു. അത് യാഥാർത്ഥ്യമായത് ഓർക്കുമ്പോൾ വല്യച്ചന്റെ മുമ്പിൽ ആദരപൂർവ്വം ശിരസ്സ് മടങ്ങുന്നു.

വല്യച്ചൻ ഏവരേയും പ്രോത്സാഹിപ്പിച്ചിരുന്നു. കഴിവുകൾ അംഗീകരിച്ചിരുന്നു. ഏവർക്കും സൗമ്യവും ആത്മാർത്ഥവുമായ സ്നേഹം പകർന്നിരുന്നു. സഭയെക്കുറിച്ച് അത്യഗാധമായ പ്രതിബദ്ധതയും വിശ്വസ്തതയും പുലർത്തി. സഭയ്ക്കെതിരെയുള്ള എല്ലാ പ്രലോഭനങ്ങളേയും അതിജീവിക്കുവാൻ കഴിഞ്ഞ വ്യക്തിപ്രഭാവം ആക്കനാട്ടുതുണ്ടിൽ തോമസ് അച്ചന് ഉണ്ടായിരുന്നു.

അറത്തിൽ പള്ളിയുടെ വികസനത്തിന് ആജീവനാന്തം കഠിനാദ്ധ്വാനം ചെയ്ത കർമ്മയോഗിയും വിശുദ്ധനുമാണ് ആക്കനാട്ടുതുണ്ടിൽ തോമസ് അച്ചൻ. വിശുദ്ധിയുടെ തേജസ്സും സ്നേഹത്തിന്റെ ഭാവവും ഇന്നും ആ ധന്യ വ്യക്തിത്വത്തിൽ നിന്നു പ്രകാശം പരത്തുന്നു.

# 5

# വിശ്വാസ സ്ഥിരതയുടെ പര്യായം



ഫാ. ജോസഫ് വടശ്ശേരിയത്ത്

**ഒ**രു ബാലനായിരിക്കുമ്പോൾ തന്നെ തോമസച്ചനെ കാണാനും അദ്ദേഹത്തിന്റെ വ്യക്തിമാഹാത്മ്യം മനസ്സിലാക്കാനും കഴിഞ്ഞ ഫാ. ജോസഫ് വടശ്ശേരിയത്തിന്റെ സാക്ഷ്യം വായിക്കുമ്പോൾ ജോസഫ് അച്ചനും അനുവാചകരും തോമസച്ചന്റെ കൂടെത്തന്നെ കുറച്ചുനാൾ നടക്കുന്ന ഒരു പ്രതീതിയാണു ജനിക്കുന്നത്. ജോസഫ് അച്ചൻ ഇങ്ങനെ അനുസ്മരിക്കുന്നു:

"എനിക്ക് എട്ടൊമ്പതു വയസ്സുള്ളപ്പോൾ മുതൽ ഞങ്ങളുടെ കിഴക്കൻ പ്രദേശത്ത് പന്തളത്തച്ചൻ എന്ന് അറിയപ്പെട്ടിരുന്ന ബഹു. ആക്കനാട്ടു തുണ്ടിൽ തോമസച്ചൻ വന്ന് പല പള്ളികളിലും സേവനം അനുഷ്ഠിച്ചിരുന്നു. ഇത്രയധികം അകലെ നിന്ന് വന്നിരുന്നതുകൊണ്ട് ഇടയാവശ്യങ്ങൾ നടത്താനായി ബഹു. അച്ചന് പ്രയാസമായിരുന്നതിനാൽ എല്ലാ പള്ളികളിലും അച്ചൻ അസിസ്റ്റന്റ് വികാരിയായിരുന്നു. എന്റെ വല്യപ്പൻ കാട്ടൂരച്ചൻ എന്ന് അറിയപ്പെട്ടിരുന്ന വടശ്ശേരിയത്ത് യൗസേഫ് കത്തനാരും അദ്ദേഹത്തിന്റെ മകൻ ഗബ്രിയേൽ കോർഎപ്പിസ്കോപ്പായും ഞങ്ങളുടെ ആ പ്രദേശത്തെ മിക്ക പള്ളികളിലും വികാരി ആയിരുന്നു. ബഹു. ആക്കനാട്ടുതുണ്ടിലച്ചൻ അവരുടെ അസിസ്റ്റന്റ് വികാരിയായി വീട്ടിൽ വന്ന് താമസിച്ച കാലത്തു ബഹു. അച്ചനുമായി അടുത്തിടപെടുവാനും സഹകരിക്കാനും എനിക്കു സൗകര്യം കിട്ടിയിരുന്നു.

പ്രാർത്ഥനാ ജീവിതം, നോമ്പ്, ഉപവാസം ഈ കാര്യങ്ങളിൽ വിട്ടുവീഴ്ച ഇല്ലാത്ത ആളായിരുന്നു അദ്ദേഹം. പന്തളത്തു നിന്നു കാട്ടൂരേക്ക് 20 മൈൽ എങ്കിലും ദൂരം കാണും. അക്കാലത്ത് അതിലെ ബസ്സില്ല. പന്തളത്തു നിന്നു കുളനട വഴി കോഴഞ്ചേരിയിൽ എത്തി അവിടെ നിന്നു ഞങ്ങളുടെ നാട്ടിൽ നടന്നു വരികയായിരുന്നു ബഹു. അച്ചൻ. സഭാ സേവനത്തിനു വേണ്ടി ഇത്രയധികം ക്ലേശിച്ച് പ്രവർത്തിച്ച വൈദികർ വളരെ വിരളമാണ്. ഒരു അസിസ്റ്റന്റ് വികാരിക്ക് പള്ളിക്കാർ പ്രതിമാസം കൊടുത്തിരുന്നത് വെറും 5 രൂപ

മാത്രം. സാമ്പത്തിക ബുദ്ധിമുട്ടിന്റെ കാലമായിരുന്നതിനാൽ അതും കൃത്യമായി പള്ളിയിൽ നിന്ന് കൊടുക്കാതെ വരും.

കൈക്കാരന്മാർക്ക് അച്ചന്മാരോട് എന്തെങ്കിലും നീരസം ഉണ്ടെങ്കിൽ അത് തീർക്കാൻ ബഹു. അച്ചന്മാരെ കൈക്കാരന്റെ വീട്ടിൽ പല തവണ നടത്തി ബുദ്ധിമുട്ടിപ്പിക്കുന്ന ചിലരും ഉണ്ടായിരുന്നു. പുത്തൻകാവ് കൊച്ചു തിരുമേനിയോടു കൂടി ഒരിക്കൽ ഞാനും ഇടവക സന്ദർശനത്തിനു പോയി. അവിടുത്തെ വികാരി അച്ചന് മൂന്നാലു മാസമായി ശമ്പളം കിട്ടാതെയിരിക്കുന്ന സമയമാണ്. തിരുമേനി ഇതറിഞ്ഞുകൊണ്ടാണ് ഇടവക സന്ദർശനം നടത്തിയത്. അന്ന് കൊച്ചുതിരുമേനിക്ക് കാർ ഉണ്ടായിരുന്നില്ല. ഞങ്ങൾ എട്ടു സീറ്റുള്ള ഒരു ബസ്സിൽ കയറി പള്ളിയിൽ നിന്ന് മൂന്നു നാല് മൈൽ അകലെയുള്ള ഒരു ബസ്സ് സ്റ്റോപ്പിൽ ഇറങ്ങി. തിരുമേനിയെ സ്വീകരിക്കാൻ കുറെ ആളുകൾ ഉണ്ടായിരുന്നു. പള്ളിയിലെ സന്ധ്യാനമസ്കാരത്തിനു മുമ്പായി ബഹു. അച്ചന്റെ പ്രശ്നത്തെക്കുറിച്ച് അവിടെ ഉണ്ടായിരുന്നവരോട് സംസാരിച്ചു. അവർക്ക് ബഹു. അച്ചന്റെ ശമ്പളം കൊടുക്കുവാൻ ബുദ്ധിമുട്ടാണത്രെ. തിരുമേനി ചോദിച്ചു "ശമ്പളം കിട്ടാതെ അച്ചൻ എങ്ങനെ ജീവിക്കും. ഇനിയും ഞാൻ റൂഹായെ ഭക്ഷിച്ച് ജീവിക്കുന്ന ഒരു അച്ചനേയും കുടുംബത്തേയും കണ്ടെത്തി നിങ്ങൾക്ക് അയച്ചുതരാൻ നോക്കാം." റൂഹാ എന്ന വാക്കിന് ആത്മാവെന്നും കാറ്റ് എന്നും അർത്ഥമുണ്ട്. ഇതു പറഞ്ഞിട്ട് തിരുമേനി ഉടൻ തിരിച്ചുപോകാൻ ഒരുങ്ങി. സംഗതി ഇത്രയും ആയപ്പോഴേക്കും ട്രസ്റ്റിയോട് കുറെ ആളുകൾ കയർത്ത് സംസാരിക്കാൻ തുടങ്ങി. ട്രസ്റ്റി പള്ളിപ്പെട്ടി തുറന്ന് 15 വെള്ളി രൂപ എടുത്ത് തിരുമേനിയുടെ മുമ്പിൽ വച്ച് അച്ചന്റെ കൈയിൽ കൊടുത്ത് പ്രശ്നം പരിഹരിച്ചു. തിരുമേനി അന്ന് അവിടെ താമസിച്ച് ഞായറാഴ്ച വി. കുർബാന ചൊല്ലി. എല്ലാ ആത്മീയ സംഘടനകളും സന്ദർശിച്ചശേഷം ഞങ്ങൾ തിരിച്ചുപോന്നു. ഇന്ന് രണ്ടും മൂന്നും കാറും കൊട്ടാര സമാനമായ അരമനയുമൊക്കെ ആയി കഴിയുന്ന ചില മെത്രാന്മാർക്ക് പുത്തൻകാവ് കൊച്ചു തിരുമേനിയുടെ ക്ലേശപൂർണ്ണമായ ജീവിതവും പാവപ്പെട്ട അച്ചന്മാരുടെ ബുദ്ധിമുട്ടും മനസ്സിലാക്കാനാവില്ല.

ഒരു ദിവസം ബഹു. തോമസച്ചൻ പന്തളത്ത് ജംഗ്ഷനിൽ നിൽക്കുമ്പോൾ റീത്ത് സഭയുടെ മാർ ഈവാനിയോസ് മെത്രാച്ചൻ അതുവഴി വന്നു. വണ്ടി അല്പം മുന്നോട്ടുപോയ ശേഷമാണ് തിരുമേനി ബഹു. അച്ചനെ കാണുന്നത്. വണ്ടി നിർത്തി. വണ്ടി പുറകോട്ട് എടുത്ത് അച്ചൻ നിന്ന സ്ഥലത്ത് എത്തി. അച്ചനെ വിളിച്ചു സംസാരിച്ചു. ബഹു. അച്ചൻ തിരുവനന്തപുരത്തിന് തിരുമേനിയോടൊപ്പം ചെല്ലാൻ നിർബന്ധിച്ചു. ബഹു. അച്ചൻ കൂട്ടാക്കിയില്ല. അച്ചന്റെ കൈക്ക് പിടിച്ച് നിർബന്ധപൂർവ്വം വണ്ടിയിൽ കയറ്റി തിരുവനന്തപുരത്തിന് കൊണ്ടുപോയി. വീട്ടിലെ ബുദ്ധിമുട്ടുകളും പ്രയാസങ്ങളും



തിരുമേനിക്കറിയാമായിരുന്നു. അച്ചൻ റോമൻകത്തോലിക്കാ സഭയിലേക്കു ചേർന്നാൽ അച്ചന്റെ കുടുംബത്തേയും അച്ചനേയും വേണ്ടവിധം സഹായിക്കാമെന്ന് തിരുമേനി ഉറപ്പു പറഞ്ഞു. അദ്ദേഹം തന്റെ സഭ വിട്ട് പോകുകയില്ല എന്ന് തീർത്തു പറഞ്ഞു പിരിയുകയാണുണ്ടായത്.

1958 – 61 കാലഘട്ടം. അന്നു ഞാൻ തുമ്പമൺ വലിയ പള്ളിയിൽ വികാരിയായിരിക്കുമ്പോഴാണ് ആദ്യമായി ബഹു. അച്ചന്റെ വീട്ടിൽ പോയത്. ആറ്റുവ, അറത്തിൽ എന്നീ പള്ളികളിൽ അദ്ദേഹം വികാരിയായിരുന്നു. ആ പള്ളികളിലെ കൺവൻഷനിൽ പ്രസംഗിക്കാൻ പോയപ്പോഴാണ് ബഹു. അച്ചന്റെ വീട്ടിൽ കയറിയത്. വളരെ വൃത്തിയായി സൂക്ഷിച്ചിരുന്ന ഒരു ചെറിയ വീടായിരുന്നു. കൊച്ചമ്മ സുഖമില്ലാതെയിരിക്കുന്ന കാലം. മക്കൾ ആരും തന്നെ അവിടെ ഉണ്ടായിരുന്നില്ല. സ്നേഹം കൊണ്ട് വീർപ്പുമുട്ടിച്ച അച്ചന്റെയും കൊച്ചമ്മയുടെയും ഓർമ്മ എന്റെ സ്മരണയിൽ ഇന്നും പച്ച പിടിച്ച് നില്ക്കുകയാണ്. ബഹു. അച്ചനും അന്ന് ക്ഷീണിതനായിരുന്നു. അധികം താമസിയാതെ സ്നേഹം നിറഞ്ഞ ആ മാതാവ് ഇഹലോകവാസം വെടിഞ്ഞു.

കൊച്ചമ്മയുടെ വേർപാടോടു കൂടി അച്ചൻ കുറെക്കൂടി ക്ഷീണിച്ചു. ഞാൻ അന്ന് തുമ്പമൺ ഭദ്രാസന കൗൺസിൽ അംഗമായിരുന്നു. കൊച്ചമ്മ മരിച്ചശേഷം ബ. അച്ചൻ 14 വർഷം മകന്റെയും കൊച്ചുമക്കളുടെയും കൂടെ താമസിച്ചു.

പിന്നീട് 1971 –ൽ അദ്ദേഹം രോഗബാധിതനായി ഇടവക ഭരണം വിട്ടു. ചികിത്സയ്ക്കും, വീട്ട് ആവശ്യത്തിനും മറ്റുമായി ബഹു. അച്ചന് പെൻഷൻ നൽകണമെന്ന് തിരുമേനിയോട് ഞാൻ നിർബന്ധമായി അപേക്ഷിച്ചു. അതിൻപ്രകാരം അടുത്ത ഭദ്രാസന കൗൺസിലിൽ ഈ വിഷയം തിരുമേനി പറയുകയും അച്ചന് പെൻഷൻ കൊടുക്കാൻ തീരുമാനിക്കുകയും ചെയ്തു. ആവശ്യങ്ങൾ മനസ്സിലാക്കിയ സ്നേഹനിധിയായ തിരുമേനി ബഹു. അച്ചന് പ്രതിമാസം 100 രൂപാ അനുവദിച്ചു (അന്ന് സീനിയർ അച്ചന്മാർക്കു പോലും 70 രൂപായിൽ കൂടുതൽ ശമ്പളമില്ലായിരുന്നു). സഭയെ ആത്മാർത്ഥമായി സ്നേഹിക്കുകയും സേവിക്കുകയും ആത്മാർപ്പണം ചെയ്ത് ശുശ്രൂഷിക്കുകയും ചെയ്ത വൈദികരോട് അഭിവന്ദ്യ പുത്തൻകാവിൽ കൊച്ചു തിരുമേനിയും ഡാനിയേൽ മാർ പീലക്സിനോസ് തിരുമേനിയും മറ്റും കാട്ടിയ പിതൃസഹജമായ വാത്സല്യം ഓർത്തുപോവുകയാണ്.

## പ്രാർത്ഥനയ്ക്ക് പ്രഥമ സ്ഥാനം നൽകി

ആക്കനാട്ടുതുണ്ടിൽ തോമസ് അച്ചൻ പ്രാർത്ഥനയ്ക്കു പ്രഥമ സ്ഥാനം നൽകി. ആറ്റുവാ പള്ളിയിൽ ചെയ്ത സേവനങ്ങളെപ്പറ്റി പന്തളം ഡിസ്ട്രിക്ട് സൺഡേസ്കൂൾ ഇൻസ്പെക്ടറായിരുന്ന ആറ്റുവാ പി. എം. ജോൺ

ഇപ്രകാരം എഴുതുന്നു:

“രണ്ടാം ലോക മഹായുദ്ധം അവസാനിച്ച 1948 മുതൽ 1967 വരെ ആറ്റുവാ പള്ളി വികാരിയായി തോമസച്ചൻ സേവനം അനുഷ്ഠിച്ചിരുന്നു. നാടെങ്ങും വലിയ ക്ഷാമവും പ്രയാസവും നടമാടിയിരുന്ന കാലഘട്ടം. അൻപതിൽ താഴെ കുടുംബങ്ങൾ മാത്രമുള്ള ചെറിയ ഇടവക ചെറിയ ശമ്പളക്കാരായ ഏതാനും ഉദ്യോഗസ്ഥന്മാർ മാത്രം. വി. കുർബാന അർപ്പിച്ചശേഷം വരുമ്പോൾ ഭക്ഷണം കൊടുക്കാൻ പോലും കഴിവില്ലാത്ത കാലഘട്ടത്തെപ്പറ്റി ഇന്നുള്ളവർക്കു ചിന്തിക്കാൻ തന്നെ കഴിയില്ല. പക്ഷേ അതെല്ലാം സഹിച്ചു സ്നേഹപൂർവ്വം ഇടവക ജനങ്ങളെ നയിക്കാനുള്ള അച്ചന്റെ കഴിവ് ഒന്നു വേറെ തന്നെയായിരുന്നു.

ഭവന സന്ദർശന വേളകളിൽ അച്ചൻ ഓരോ വീടിന്റെയും ആത്മീയ ഉണർവിനും സാമ്പത്തിക പുരോഗതിക്കും വേണ്ടി കണ്ണീരോടെ പ്രാർത്ഥിക്കുമായിരുന്നു. രണ്ടു ദശാബ്ദക്കാലത്തെ അച്ചന്റെ പ്രാർത്ഥന കൊണ്ടാണ് ആറ്റുവാ പള്ളിയേയും ജനങ്ങളേയും ദൈവം ഇത്രമാത്രം അനുഗ്രഹിച്ചുയർത്തിയതെന്നു ഞാൻ വിശ്വസിക്കുന്നു. സാമ്പത്തിക ബുദ്ധിമുട്ടിനു അവധി പ്രഖ്യാപിച്ചുകൊണ്ടാണു അച്ചൻ കഠിന പ്രയത്നം ചെയ്ത് ഇടപ്പോൺ കവലയിൽ സ്ഥലം വാങ്ങിയതിനാലാണ് 1952 –ൽ ഒരു കുരിശടി അവിടെ സ്ഥാപിക്കാൻ സാധിച്ചത്. ഈശ്വരചിന്തയുള്ള സകല ജാതിമത വിഭാഗക്കാരും ഇന്നു കുരിശടിയിൽ നേർച്ചകൾ സമർപ്പിച്ചുവരുന്നു. ജീവിതത്തിൽ ലാളിത്യത്തിന് ഇത്രയധികം സ്ഥാനം കല്പിക്കുകയും ഭക്ഷണം, വസ്ത്രം എന്നീ കാര്യങ്ങളിൽ പ്രമാണവും പ്രവൃത്തിയും അണുവിട വ്യത്യാസം കൂടാതെ യോജിപ്പിച്ചു കൊണ്ടു പോകുകയും ചെയ്ത അച്ചൻ വൈദികർക്കു മാത്രമല്ല അവൈദികർക്കും മാതൃകയായിരുന്നു. വിശുദ്ധ ജീവിതത്തിന്റെ പ്രതീകമായ വെള്ള വസ്ത്രം ധരിക്കുന്നതിലും ഇടവകയുടെ വിശിഷ്യ യുവജനങ്ങളുടെ ആദ്ധ്യാത്മിക ജീവിത പരിപോഷണത്തിലും പ്രത്യേകം ശ്രദ്ധിച്ചിരുന്നു. അദ്ദേഹത്തിന്റെ ആരാധനയിലും വി. കുർബാന അർപ്പണത്തിലും സംബന്ധിച്ചു വന്നവർക്ക് ആഴമായ ആത്മീയ ഉൾക്കാഴ്ച അനുഭവവേദ്യമാക്കാൻ കഴിഞ്ഞിട്ടുണ്ടെന്നു എന്നോടൊപ്പം സാക്ഷിക്കുന്ന പലരുണ്ട്. അഭൗമികമായ ആത്മീയതയിൽ ചാലിച്ച് അദ്ദേഹം നടത്തിയിട്ടുള്ള വിവാഹ കൂദാശയിലെ കിരീടം വാഴ്‌വു ശുശ്രൂഷയും കർത്താവിന്റെ കബറടക്ക ശുശ്രൂഷയും അവയിൽ സംബന്ധിച്ചിട്ടുള്ളവർക്ക് അവിസ്മരണീയമായ അനുഭവങ്ങളായി അവശേഷിക്കും.

# 6

# സംസാരിക്കുന്ന ഡയറിക്കുറിപ്പുകൾ

ആക്കനാട്ടുതുണ്ടിൽ തോമസച്ചൻ കൃത്യമായി ഡയറി എഴുതുന്ന വ്യക്തി ആയിരുന്നു. വരവു ചെലവുകൾ മാത്രമല്ല വീട്ടിലെ അംഗങ്ങളുടെ ജനനം, പോക്കുവരവ്, പ്രസവം മുതലായ പ്രധാനപ്പെട്ട പല വ്യക്തിപരമായ കാര്യങ്ങളും സഭാംഗങ്ങളുടെ ആത്മിക ആവശ്യങ്ങളെ നിറവേറ്റുന്നതും, പള്ളിയിലെ ആരാധനാ സംബന്ധവുമായ കാര്യങ്ങളും തനിക്കു ലഭിച്ച പണത്തെപ്പറ്റിയുള്ള വിവരങ്ങളും എല്ലാം ഡയറിയിൽ അന്നന്നു കുറിച്ചുകൊണ്ടിരുന്നു. അയൽക്കാരിൽ നിന്നും അടുത്തിടപെടുന്നവരിൽ നിന്നും ലഭിക്കുന്ന വിവരങ്ങളേക്കാൾ സത്യസന്ധമായ കാര്യങ്ങളാണു ഡയറിയിൽ കാണുന്നത്. മറ്റുള്ളവർക്കു നിസ്സാരമെന്നു തോന്നുന്ന കാര്യങ്ങൾ പോലും ഡയറിയിൽ കടന്നുകൂടിയിട്ടുണ്ട്. ഉദാഹരണമായി ഒരു പശുവിനെ വിലയ്ക്കു വാങ്ങിയതും അതു പ്രസവിച്ചതും ഏതാനും മാസം കഴിഞ്ഞു അതിനെ വീണ്ടും ഇണ ചേർത്തതുമെല്ലാം തീയതി വെച്ച് അച്ചന്റെ ഡയറിയിൽ ഉണ്ട്.

ചരിത്രം പഠിക്കാത്തവർക്കും അതു സൂക്ഷിക്കാത്തവർക്കും ഡയറികളുടെ വില അറിഞ്ഞുകൂടാ. നമ്മുടെ സഭയിലെ ആദ്യകാല മെത്രാപ്പോലീത്താമാർ ഡയറി എഴുതിയിരുന്നു എങ്കിൽ അത് ഇരുളടഞ്ഞ സഭാ ചരിത്രത്തിൽ കൂടുതൽ വെളിച്ചം വീശുമായിരുന്നു. ആക്കനാട്ടുതുണ്ടിലച്ചന്റെ ഗുരുവായിരുന്ന മലങ്കര സഭാ ഭാസുരൻ പ. വട്ടശ്ശേരിൽ ഗീവറുഗീസ് മാർ ദീവന്നാസ്യോസ് തിരുമേനി ഡയറി എഴുതുന്ന സ്വഭാവക്കാരനായിരുന്നു. ഒരു പക്ഷേ തന്റെ ഗുരുവിന്റെ മാതൃക തോമസച്ചനും പിന്തുടർന്നതായിരിക്കാം. പാറേട്ടു മാത്യൂസ് മാർ ഈവാനിയോസ് തിരുമേനി ചെറുപ്പം മുതലേ ഡയറി എഴുതി വന്നു. ഇരുപതാം നൂറ്റാണ്ടിലെ പ്രധാനപ്പെട്ട സഭാചരിത്ര സംഭവങ്ങൾ എല്ലാം തന്നെ ആ ഡയറികളിൽ ഉണ്ട്. തന്റെ സഹോദരനും സുപ്രസിദ്ധ സഭാ ചരിത്രകാരനുമായ ഇസ്സഡ്. എം. പാറേട്ട് *മലങ്കര നസ്രാണികൾ* എന്ന ശ്രദ്ധേയമായ പരമ്പരയിലുള്ള പുസ്തകങ്ങൾ രചിച്ചപ്പോൾ ഈ ഡയറിക്കുറിപ്പുകൾ മിക്കതും പ്രയോജനപ്പെടുത്തി. ചരിത്രത്തിന്റെ സത്യസന്ധമായ അവതരണത്തിന് ഈ ഡയറിയിലെ രേഖകൾ വളരെയധികം സഹായിച്ചു. ആക്കനാട്ടുതുണ്ടിൽ തോമസച്ചന്റെ 1957 – ലെയും (1132) 1964– ലേയും (1139) ഡയറികളിൽ നിന്നുള്ള ഏതാനും ഉദ്ധരണികളാണ് ചുവടെ ചേർക്കുന്നത്. അവയിൽ നിന്നു ഒരു വൈദികന് 50 വർഷം മുമ്പ് ലഭിച്ച വരുമാനത്തിന്റെ നഗ്നചിത്രം

വ്യക്തമാകും.

**1957 (1132 കുംഭം 17 മുതലുള്ള ചില്ലറ വരുമാനത്തിന്റെ കണക്ക്)**

കുംഭം 23. ആറ്റുവാ കല്ലുവീട്ടിൽ ചാത്തം 2 രൂപ.

കുംഭം 27. ആറ്റുവാ പാറപ്പാട്ട് ചാത്തം 5 രൂപ.

1138 മേടം 24. പള്ളിപ്പെരുന്നാൾക്കു എനിക്കു കുർബാനപ്പണം കിട്ടിയതു 21 രൂപ. അതിൽ കപ്പിയാർക്കു 2 രൂപ കൊടുത്തു. എനിക്കു കൈയ്യസ്തൂരി 10 രൂപ തന്നു. ജോർജ് അച്ചന് 20 രൂപ. മാവേലിക്കര അച്ചന് 10 രൂപ. കുടശ്ശ നാടു കപ്പിയാർക്കു 3 രൂപ.

1138. ദീനാമ്മയും തങ്കമ്മയും (പുത്രിമാർ) ഇടവത്തിൽ വന്നിട്ട് തിരിച്ച് അവർ ഇടവം 7-നു ചൊവ്വാഴ്ച പോയി.

1138 കർക്കടകം 19. ഞായറാഴ്ച പുറത്തെ വഞ്ചിയിൽ നിന്നു 74 രൂപയും അകത്തെ വഞ്ചിയിൽ നിന്നു 36 രൂപയും എടുത്തു.

**1138 വൃശ്ചികം ഒന്നു മുതലുള്ള വരുമാനം**

3. തിങ്കളാഴ്ച അറത്തി കല്യാണം മല്ലാശ്ശേരിൽ 3 രൂപ.

6. അറത്തി കല്ലുംപുറത്തും കരിങ്ങാട്ടിലും ചാത്തം 2 ക്ക് 3 രൂപ.

10. ഞായർ ചാത്തം 4 രൂപ 8 അണ.

11. ആറ്റുവാ കല്യാണം 2 രൂപ.

1140 ഇടവം 15 -നു വെള്ളിയാഴ്ച ആറ്റുവാ തൈക്കൂട്ടത്തിൽ ചാക്കോ ച്ചന്റെ ഇളയ മകനോടു 60 രൂപ കൊടുത്തു വാച്ചു വാങ്ങിച്ചു. 1140 മേടം 25 നു ചിട്ടിയിൽ ചേർന്നു.

138 തുലാം 9. മുണ്ടക്കയത്തുകാർ രമണിക്കുട്ടിയെ പ്രസവത്തിനായി വിളി ക്കുവാൻ ചെങ്ങന്നൂർക്കു പോയി. അന്നു തന്നെ അവർ പന്തളത്തു തിരി ച്ചെത്തി.

മകരം 7. മാമോദീസാ 1 ക്ക് 1 രൂപ.

മകരം 25. ചക്കാലക്കുഴി ശവമടക്കിയതിനു അച്ചന്റെ വരുമാനം 5 രൂപ.

മകരം 21. മാമോദീസാ 1 ക്ക് 1 രൂപ.

മകരം 22. ശമ്പളം അച്ചന് 50 രൂപ.

മകര മാസത്തെ പിടിയരി 20 രൂപ.

മകര മാസത്തെ പീടികക്കൂലി 30.

1143 -ാമാണ്ട് മകര മാസം 5 - നു പശു ഒരു പശുക്കിടാവിനെ പ്രസവിച്ചു.
1141 -ാമാണ്ട് ധനു 8 - നു പായും, കസേരയും, ചെരിപ്പും വിരിയും വാങ്ങി.

ചെരിപ്പിന് 6 രൂപ.



പായിക്ക് 25 രൂപ.

കസേരക്ക് 30 രൂപ.

വിരിക്ക് 10 രൂപ.

ആകെ 71 രൂപ.

1141 ധനു 1 - നു ശനിയാഴ്ച ആക്കനാട്ടുതുണ്ടിൽ നിന്നു ക്ലോക്കു കിട്ടി.

**1138 മകരം ഒന്നു മുതൽ ആറ്റുവാ പള്ളിയിൽ നിന്നുള്ള വരുമാനങ്ങൾ**

1138 മകരം 28. ശമ്പളം 30 രൂപ.

1964 (1139)

ജനുവരി 3. ബാവാ തിരുമേനി (കുറിച്ചി) കബറടങ്ങി. അതിനു ഞാൻ പോയിരുന്നു.

1964 ജനുവരി 27. ആറ്റുവാ ചാമക്കാലായിൽ കല്യാണം. അറത്തിൽ പുതിയോട്ടിൽ കല്യാണം.

ജനുവരി 31. ബാവായുടെ അടിയന്തിരത്തിനു കോട്ടയത്തിനു പോയി. ബാവായുടെ 30 -ാം അടിയന്തിരം അറത്തിൽ 50 രൂപ. ആറ്റുവായിൽ 25 രൂപ.

ഫെ. 2. അറത്തിൽ പള്ളിയിലെ പൊതുയോഗം നടന്നു. കണക്കൻ ജോണിയും മുതൽപിടി ചെറുകോലിൽ തോമസും തെരഞ്ഞെടുക്കപ്പെട്ടു. അറത്തിൽ തവണ നടത്തി. മാമൂദീസാ 1 നടത്തി. അന്നത്തെ പൊതുയോഗ ത്തിൽ വച്ചു മുതൽപിടിയെ ഏല്പിച്ച തുക 268 രൂപ.

ഫെ. 3. കുടശ്ശനാട്ട് മൂന്നുമ്മേൽ കുർബ്ബാന 5 രൂപ.

6. ചക്കാലക്കുഴി അടിയന്തിരം കുർബ്ബാന നടത്തി 5 രൂപ.

8. കുടശ്ശനാട്ടു പെരുന്നാൾ, മൂന്നുമ്മേൽ 10 രൂപ.

9. ആറ്റുവാ തവണ നടത്തി. അന്നു നോമ്പു തുടങ്ങിയ ദിവസമായി രുന്നു. നോമ്പിനെപ്പറ്റി പ്രസംഗിച്ചു. കൂടാതെ തറേക്കിഴക്കേതിൽ പോയി രോഗിയായി കിടക്കുന്ന ചാക്കോച്ചനു വേണ്ടി പ്രാർത്ഥിച്ചു.

10. ആറ്റുവാ പെരുന്നാൾ സംബന്ധിച്ചുള്ള കാര്യത്തിനു വേണ്ടി പ്രസം ഗകനെ വിളിക്കാൻ മാക്കാംകുന്നിൽ പോയി.

11. മുട്ടാറ്റെ കെട്ടിടത്തിൽ പ്രാർത്ഥനയ്ക്കു പോയി അതു നടത്തി.

15. ആറ്റുവാ പെരുന്നാൾ നടത്തി. കുർബ്ബാന ചൊല്ലി പ്രസംഗിച്ചു. 7 രൂപാ.

16. അറത്തിൽ കുർബാന ചൊല്ലി പ്രസംഗിച്ചു. മാമൂദീസാ മുക്കി - 1 മാമൂദീസ. പൂയംവേലിൽ ചാത്തം നടത്തി. പമ്പൂരു സ്തോത്ര കുർബാന

ഉൾപ്പെടെ 2 1/2 രൂപ.

25. മെഡിക്കൽ കോളജിൽ പോയി മീനത്തേതിൽ പാപ്പിക്കു വേണ്ടി പ്രാർത്ഥിച്ചു.

27. ആറ്റുവാ തറേകിഴക്കേ ചാക്കോയുടെ തൈലാഭിഷേകം നടത്തി. രൂപ 3.

29. തിരുവല്ലാ ആശുപത്രിയിൽ പോയി രോഗിയെ കണ്ടു. 15 രൂപ ചെലവായി.

മാർച്ച് 11. ആറ്റുവാ പോയി ഒരു പെൺകുട്ടിയെ അടക്കി. 2 രൂപ.

മാർച്ച് 11. അറത്തിൽ കുർബാന ചൊല്ലി. 12 പേർ കുമ്പസാരിച്ചു. അവർക്ക് കുർബാന കൊടുത്തു.

മാർച്ച് 15. അറത്തിൽ കുർബാന ചൊല്ലി. പൊട്ടക്കണ്ണനെപ്പറ്റിയും കാതോലിക്കാ ദിനത്തെപ്പറ്റിയും പ്രസംഗിക്കുകയും സഭയ്ക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുകയും ചെയ്തു. അന്ന് 45 പേർ കുമ്പസാരിച്ചു കുർബാന കൈക്കൊണ്ടു. അന്നു മുട്ടാറ്റെ കെട്ടിടത്തിൽ പോയി പ്രാർത്ഥന കഴിച്ചു. പ്രാർത്ഥന കഴിഞ്ഞതിന്റെ ശേഷം പ്രക്കാണത്തെ ജോർജ് അച്ചൻ പ്രസംഗിച്ചു. ഞാനും പ്രസംഗിച്ചു. 1 രൂപ 6 അണ കിട്ടി.

മാർച്ച് 22. ആറ്റുവാ പള്ളിയിൽ കുർബാന ചൊല്ലി. ഊശാനയുടെ ക്രമം നടത്തി പ്രസംഗിച്ചു. 100 പേർ കുമ്പസാരിച്ചു. അവർക്കു കുർബാന കൊടുത്തു. 12 1/2 മണിക്കു എല്ലാം തീർന്നു.

മാർച്ച് 26. അറത്തിൽ കുർബാന ചൊല്ലി. 85 പേർ കുമ്പസാരിച്ചു. ആകെ പെസഹാ ഭക്ഷിച്ചവർ 200.

മാർച്ച് 29. അറത്തിൽ ഉയർപ്പു കുർബ്ബാന ചൊല്ലി പ്രസംഗിച്ചു. മൈക്കു ണ്ടായിരുന്നു. വെടിക്കു 10 രൂപയും മൈക്കിനു 20 രൂപയും ചിലവായി. ദുഃഖ വെള്ളിയാഴ്ചത്തെ കാണിക്ക ആകെ 15 രൂപ ഉണ്ടായിരുന്നു. ഏതാനും ചിലരുടെ സമ്മതത്തോടു കൂടി 15 രൂപ കാണിക്കയിൽ തോമസു കത്ത നാർക്ക് 12 രൂപയും കപ്യാർക്കു 3 രൂപയും കൊടുത്തു. മാമോദീസാ ഒരെണ്ണം ഉണ്ടായിരുന്നു. വിശേഷാൽ പ്രാസംഗികർ ആരും തന്നെ ഉണ്ടാ യിരുന്നില്ല. കാണിക്ക എണ്ണിത്തിട്ടപ്പെടുത്താതെ വഞ്ചിയിൽ ഇട്ടു.

ജൂലൈ 26. ആറ്റുവാ കുർബ്ബാന ചൊല്ലി. തരകൻ സാർ വന്നിരുന്നു. അയാൾ പ്രസംഗിച്ചു. സ്ത്രീ സമാജത്തിനും അയാൾ പ്രസംഗിച്ചു. ഞാൻ ആദ്ധ്യക്ഷ്യം വഹിച്ചു. അഞ്ചു മണിക്കു തിരിച്ചുപോന്നു. സ്ത്രീ സമാജ ത്തിനു 21 അംഗങ്ങൾ ഉണ്ടായിരുന്നു. അന്നു പിടിയരി ഉണ്ടായിരുന്നു.

27. അഞ്ചു മണിക്കു ചക്കിട്ടടത്തു അച്ചൻ മരിച്ചു. തിരുമേനിമാരായ കാതോലിക്കായും പീലക്സിനോസും വന്നു. 1 1/2 മണിക്കു അടക്കി. ഞാനും പോയിരുന്നു.



ആഗസ്റ്റ് 16. അറത്തിൽ കുർബ്ബാന ചൊല്ലി പ്രസംഗിച്ചു. എട്ടു നോമ്പിന്റെ കാര്യം ആലോചിച്ചു. സ്ത്രീ സമാജക്കാർ തന്നെ പണം പിരിച്ചു എട്ടു നോമ്പിൽ എട്ടു ദിവസവും കുർബ്ബാന ചൊല്ലുന്നതിനും മറ്റുമായി തീർച്ച പ്പെടുത്തി. ചാത്ത കുർബ്ബാനയ്ക്ക് ആകെ 2 1/4 രൂപ കിട്ടി.

അച്ചന്റെ വലിയ സേവനങ്ങളുടെയും സംതൃപ്തിയോടെ സ്വീകരിച്ച ചെറിയ പ്രതിഫലത്തിന്റെയും ചിത്രങ്ങളാണു ഈ ഡയറിക്കുറിപ്പുകൾ സ്വയം പ്രതിഫലിപ്പിക്കുന്നത്.

# 7

# വൈദികരും സഭയും ഇന്നു നേരിടുന്ന വൻ വെല്ലുവിളി



**യൂഹാനോൻ മാർ മിലിത്തിയോസ്**

സഭയിലെ ചില സ്ഥാനങ്ങളും വൈദിക വൃത്തിയും ഇന്നു "സുഖജീവിത സരണിയിലെ മോക്ഷയാത്ര"യായി മാറിയിരിക്കുന്നു എന്ന വിമർശനം അസ്ഥാനത്താണെന്നു പറഞ്ഞു തള്ളാനാവില്ല. തന്നിമിത്തം സഭയും വൈദികരും നേരിടുന്ന വൻ വെല്ലുവിളികൾ വിഭിന്ന രീതിയിൽ ശക്തമായി നേരിടേണ്ടതുമാണ്. വലിയ പള്ളികൾ ലഭിക്കുന്നതിനും പച്ച മേച്ചിലുകളായ വിദേശ ഇടവകകളിൽ ജീവാവസാനം വരെ ഇടയനെ പേടിക്കാതെ മേയാനും ചില വൈദികർ ആഗ്രഹിക്കുമ്പോൾ അവർ വൈദിക ശുശ്രൂഷയുടെ ഉന്നത തലങ്ങളിൽ നിന്നു കാതങ്ങൾ അകലെയാണെന്നു സ്ഥാപിക്കാൻ ഗവേഷണം നടത്തി തെളിവുകൾ ശേഖരിക്കേണ്ടതില്ല. സെമിനാരിയിലെ പഠനം കഴിഞ്ഞു പുറത്തിറങ്ങി ഇടവക ഭരണം ലഭിക്കുമ്പോൾ മിക്ക വൈദികരും മുരടിച്ചു വരളുകയാണ്. വളരുന്നില്ല. വായനയും പഠനവും എല്ലാം അരുചികരമായിത്തീരുന്നു. ആധുനിക സംഭവ വികാസങ്ങളും പലപ്പോഴും അവരുടെ ശ്രദ്ധയിൽ എത്തിച്ചേരുന്നില്ല. തന്നിമിത്തം കുഞ്ഞാടുകളും ആദ്ധ്യാത്മിക ജീവിത പരിപോഷണത്തെ സംബന്ധിച്ചിടത്തോളം ചിതറിപ്പോകുകയാണ്. ഈ യാഥാർത്ഥ്യം വൈദിക സെമിനാരി മേധാവികൾക്കും അജ്ഞാതമല്ല. പക്ഷെ അവർ നിസ്സഹായകരാണ്. ഈ പശ്ചാത്തലത്തിൽ യൂഹാനോൻ മാർ മിലിത്തിയോസ് മെത്രാപ്പോലിത്ത (തൃശൂർ) കോട്ടയത്തെ ഓർത്തഡോക്സ് വൈദിക സെമിനാരിയുടെ അലുമ്നൈ അസോസിയേഷൻ യോഗത്തിൽ 2001 ഫെബ്രുവരി 20 നു ചെയ്ത ശ്രദ്ധേയമായ പ്രസംഗം സഭാംഗങ്ങളെ ഇരുത്തിച്ചിന്തിപ്പിക്കാൻ പര്യാപ്തമാകയാൽ അത് ചുവടെ ചേർക്കുകയാണ്.

1 മതങ്ങളും, സഭയും വൈദികവൃത്തിയുമെല്ലാം വർദ്ധിച്ച വെല്ലുവിളി നേരിടുന്ന ഒരു കാലത്താണ് നാം ജീവിക്കുന്നത്. ഈ പറഞ്ഞവയ്ക്കൊക്കെ കാലാതീതവും, മാനവികവുമായ ഒരു ലക്ഷ്യവും ഭാവവും ഉണ്ട് എന്നതിനാലാണ് ഇങ്ങനെ വെല്ലുവിളി ഉയരുന്നത്. അതുകൊണ്ടുതന്നെ കാലത്തെയും കാലഗതിയിലെ സംഭവഗതികളെയും പ്രതിഭാസങ്ങളെയും വിമർശനത്തിനു വിധേയമാക്കുക എന്നൊരു കർമ്മ പരിപാടിയുമുണ്ടാകും. ഈ



പരിപാടിയുടെ ഭാഗമായിട്ടാണ് പ്രാരംഭത്തിൽ ഞാൻ പറഞ്ഞ പ്രസ്താവനയെ കാണേണ്ടത്. കാലവിമർശനം നടത്തുന്നത് ദൈവരാജ്യം എന്ന ആത്യന്തിക സ്വപ്നത്തിന്റെ ഉള്ളടക്കത്തെ മാനദണ്ഡ മാക്കിയുമാണ്.

2. ദൈവരാജ്യം എന്ന ചിന്തയ്ക്ക് സമാനമായതും, കുറെക്കൂടെ മതനിരപേക്ഷവുമായ പദങ്ങളിൽകൂടെത്തന്നെയാണ് മറ്റു സമൂഹങ്ങളിലും പ്രത്യയ ശാസ്ത്രങ്ങളിലും മനുഷ്യൻ ഭാവിയെ നോക്കി കാണുന്നത്. ഈ ലക്ഷ്യം നമ്മുടെ മാത്രം കുത്തകയല്ല എന്ന് സാരം. അതു കൊണ്ട് ആ തലത്തിലെ സഹകരണം ലക്ഷ്യപ്രാപ്തിയിൽ നിർണ്ണായകമാണ് എന്ന് സാന്ദർഭികമായി പറയട്ടെ. പക്ഷെ നമ്മെ സംബന്ധിച്ചിടത്തോളം ഈ സ്വപ്ന സാക്ഷാത്കാരത്തിന്റെ സഭയ്ക്കുള്ളിലെ കാര്യവിചാരകത്വ ചുമതല പൗരോഹത്യത്തിനുണ്ട് എന്നാണ് നാം അവകാശപ്പെടുന്നത്. അത് നിർവ്വഹിക്കുന്നത് സഭാവൈജ്ഞാനീയത്തിന്റെയും ദൈവശാസ്ത്ര തത്വങ്ങളുടെയും പരിധിയിൽ നിന്നുകൊണ്ടായിരിക്കും എന്നുമാത്രം. എന്നാൽ ഇന്നത്തെ പ്രശ്നം ഈ ലക്ഷ്യത്തിന്റെ സ്വഭാവം ഭക്ഷണ പാനീയങ്ങളാൽ പ്രതിനിധീകരിക്കപ്പെടുന്ന സമൃദ്ധിയുടെയും വിജയത്തിന്റെയും (Prosperity and success) ഭാവങ്ങളാണ് ഉൾക്കൊള്ളുന്നത് എന്നാണ് (റോമ. 14:17). അവിടെ നീതിയും സമാധാനവും പരിശുദ്ധാത്മാവിലെ സന്തോഷവും വിസ്മരിക്കപ്പെടുകയോ അവഗണിക്കപ്പെടുകയോ ചെയ്യുന്നു.

ഇതാണിന്നത്തെ പ്രതിസന്ധി: ഒരുവന്റെ സന്തോഷവും പുരോഗതിയും മറ്റൊരുവന്റെ സന്തോഷത്തെയും പുരോഗതിയെയും നിഹനിക്കുന്നില്ല എന്ന് ഉറപ്പുവരുത്തണം എന്ന അവസ്ഥ (ഏശായ 11) മാറിയിട്ട് ഒരുവന്റെ വളർച്ച മറ്റുള്ളവരുടെ മേലുള്ള വിജയമായിരിക്കണം എന്ന് നിർബന്ധിക്കുന്നു ഇന്ന്. ഇതാണ് ആഗോളവല്കരണത്തിന്റെ ആത്മീയ പ്രതിസന്ധികളുടെ ഉള്ളടക്കം. ശരിയായ താല്പര്യം തെറ്റായ സ്ഥലത്തും ശൈലിയിലും നടപ്പാക്കുന്നതിന്റെ പ്രശ്നമാണിത്. സഭയിലും സഭാപ്രവർത്തന ശൈലിയിലും ഇന്നീ പ്രവണത പ്രകടമാണ്. സൺഡേസ്കൂൾ വിദ്യാഭ്യാസ പദ്ധതിയിൽ പോലും ഇത് കടന്നുകൂടിയിട്ടുണ്ട്.

ഒരു കാലത്ത് സേവനപരവും വിമോചനത്തിന് സഹായവുമായി വർത്തിച്ചിരുന്ന പ്രതീകങ്ങളും പ്രസ്ഥാനങ്ങളും ഇന്ന് "ഭക്ഷണ-പാനീയങ്ങളുടെ" പ്രാതിനിധ്യം സ്വീകരിച്ചിരിക്കുന്നു. പള്ളികൾ, ആശുപത്രികൾ, പള്ളിക്കൂടങ്ങൾ, സെമിനാരികൾ, പൗരോഹിത്യം എല്ലാം ഈ തരത്തിലായിരിക്കുന്നു. സഭയുടെ അഭിമാനം, കോടികൾ മുടക്കിയ പള്ളികളും, പള്ളിയുടെ ഉത്തുംഗമായ മിനാരത്തിനു മുകളിൽ രക്ഷയുടെയും വിമോചനത്തിന്റെയും സംരക്ഷണത്തിന്റെയും പ്രതീകമായ കുരിശും, കുരിശിന്റെ മുകളിൽ കുരിശിനെ സംരക്ഷിക്കുന്ന കാന്തവുമാണ്. ഈ കുരിശാണ് ഭൂകമ്പത്തിൽ തകർന്ന് താഴെ കിടക്കുന്നത്. (ഭൂമിക്കുമുകളിൽ നിന്നുള്ള അപകട സാദ്ധ്യതയെ നേരിടാൻ കാന്തം സ്ഥാപിച്ച് സംതൃപ്തരായി എങ്കിൽ ഭൂമിക്കടിയിൽ നിന്നുള്ള അപകടത്തെ നേരിടാൻ നാമെവിടെ കാന്തം വെയ്ക്കും! ആവോ?.) കുരിശിനെ കാന്തം കൊണ്ട് രക്ഷിക്കാൻ പറ്റാത്ത ഒരു കാലം വന്നിരിക്കുന്നു

എന്നത് നമ്മുടെ ധാരണയാകാം.

ഇതുതന്നെ നാം നട്ടുവളർത്തി വലുതാക്കാൻ ശ്രമിക്കുന്ന ആശുപത്രികളുടെയും പള്ളിക്കൂടങ്ങളുടെയും ഗതി. ഇന്ന് സർവ്വമാനപേരും ഇവയെ കച്ചവടസ്ഥാപനങ്ങൾ ആക്കിയിരിക്കുമ്പോൾ സഭയും അതേ ശൈലി തന്നെ പിന്തുടരുന്നു.

വണ്ടി നയിക്കേണ്ട കാളയ്ക്ക് വണ്ടിക്ക് പിന്നിലാണ് സ്ഥാനം. ഇവയൊന്നും സഭയിൽ ഇന്ന് സേവന-വിമോചന മാദ്ധ്യമങ്ങളല്ല. രാഷ്ട്രീയ സ്വാധീനത്തിന്റെ ശക്തമായ അധികാര കേന്ദ്രങ്ങളാണ്. സഭയുടെ സമ്പന്നതയുടെ പ്രതീകങ്ങളാണ്. നിന്റെ സമ്പത്ത് വിറ്റ് ദരിദ്രർക്ക് നൽകുക (മത്തായി 19:21) എന്ന നിർദ്ദേശത്തിന് മറ്റുള്ളവരുടെ ഇടപെടൽ കൊണ്ട് സമ്പന്നമായ പ്രവർത്തന മേഖലകൾ വിട്ട് ദരിദ്രമായ മേഖലകളെ സമ്പന്നമാക്കുക എന്നും അർത്ഥമാകാം എന്നറിയാൻ നമുക്ക് കഴിയുന്നില്ല. ഇവിടെ സഭയ്ക്കു പോലും വിമോചനം ആവശ്യമായി വരുന്നു.

ഈ പശ്ചാത്തലത്തിലാണ് ഓരോ വർഷവും സെമിനാരിയിൽ നിന്ന് പുതിയ ബാച്ചുകൾ പുറത്തിറങ്ങുന്നതും അതുമൂലം അലുമ്നൈ അസോസിയേഷന്റെ വലിപ്പം വർദ്ധിപ്പിക്കുന്നതും. ഈ വലുതാക്കൽ സങ്കീർണ്ണമായ ഇന്നത്തെ കാലാവസ്ഥയെ ഏതെങ്കിലും തരത്തിൽ സ്വാധീനിക്കുകയോ പരുവപ്പെടുത്തുകയോ ചെയ്യുന്നുണ്ടോ എന്നാണ് കാതലായ ചോദ്യം. ഇല്ല എന്ന ഉത്തരമാണ് നൽകേണ്ടി വരുന്നത് എന്ന് ഖേദത്തോടെ പറയേണ്ടിയിരിക്കുന്നു. പതിവിൻ പടിയുള്ള അനുഷ്ഠാന കർമ്മങ്ങൾക്കപ്പുറത്ത് സമൂഹത്തിന്റെ പരിവർത്തനത്തിന് ഇത് പിൻതുണയാകുന്നില്ല എന്നതാണ് സത്യം. പ്രാപിച്ചിരിക്കുന്ന അനുഗ്രഹ പ്രസാദങ്ങളോടെ സമാധാനത്തോടെ പോവുക എന്നു പറഞ്ഞ് പിരിച്ചയയ്ക്കപ്പെടുന്ന ജനം സമാധാനത്തിലാണോ വസിക്കുന്നത് എന്ന അന്വേഷണം നടക്കുന്നില്ല. അവരുടെ ജീവിതത്തെ ദുരിതപൂർണ്ണമാക്കുന്ന കാലിക യാഥാർത്ഥ്യങ്ങൾക്കെതിരേ ചെറുത്തു നില്പിനോ അതിജീവനത്തിനോ ശക്തി ലഭിക്കാനുള്ള മാർഗ്ഗം ഒരുക്കപ്പെടുന്നുമില്ല. ഈ പശ്ചാത്തലത്തിലാണ് വൈദിക ശുശ്രൂഷയുടെ കാലിക വെല്ലുവിളികളെക്കുറിച്ച് പൗരസ്ത്യ ഓർത്തഡോക്സ് ദൈവ വൈജ്ഞാനീയത്തിന്റെ വെളിച്ചത്തിൽ നാം ഗൗരവമായി ചിന്തിക്കേണ്ടി വരുന്നത്.

3. വളരെ വിശാലമായും വിപുലമായും കൈകാര്യം ചെയ്യാവുന്ന വിഷയമാണെങ്കിലും രണ്ട് ചോദ്യങ്ങളെ മാത്രം സ്പർശിക്കാനേ ഞാൻ മുതിരുന്നുള്ളു. ഈ രണ്ടു കാര്യങ്ങളുടെ പരിഗണന ഒരു മെതഡോളജിയെ നിർദ്ദേശിക്കുകയും മറ്റ് ചോദ്യങ്ങളെ അഭിമുഖീകരിക്കാൻ സഹായിക്കുകയും ചെയ്യും എന്നാണ് ഞാൻ കരുതുന്നത്.

ഒന്നാമത് കൗദാശികത്വത്തെക്കുറിച്ചുള്ള ധാരണയുടെ പശ്ചാത്തലത്തിലുള്ള ചോദ്യമാണ്. കൂദാശ എന്ന വാക്ക് കേൾക്കുമ്പോൾ തന്നെ ഓർമ്മയിലെത്തുന്നത് ഏഴ് എന്നെങ്ങിനെയോ നിജപ്പെടുത്തപ്പെട്ടുപോയ വി. സ്നാനം മുതലുള്ള അനുഷ്ഠാനങ്ങളുടെ കാര്യമാണ്. ഇവിടെ കൂദാശയെ



ത്തന്നെ നാം തെറ്റിദ്ധരിക്കുന്നു എന്നതുകൂടാതെ കൂദാശയും മനുഷ്യനും തമ്മിലുള്ള ബന്ധത്തെ നാം വിസ്മരിക്കുകയും ചെയ്യുന്നു. സൃഷ്ടിയുടെ (കൂട്ടത്തിൽ മനുഷ്യന്റെയും) വിമോചനാത്മക സന്ദർഭങ്ങളെല്ലാം തന്നെ കൗദാശിക സന്ദർഭങ്ങളാണ് എന്നതാണ് കപ്പദോക്യൻ പിതാക്കന്മാരുടെ നിലപാട് (സൃഷ്ടിക്കു മുഴുവനും മോചനവും ക്ഷമയും ഞാൻ യാചിക്കുന്നു എന്ന് വി. കുർബാനയിലെ പ്രാർത്ഥന ഓർക്കുക). ഓരോ സന്ദർഭത്തെയും വിമോചനാത്മകമാക്കുന്നത് അതിനോടുള്ള സമീപനം എന്ത് എന്നതിന്റെ അടിസ്ഥാനത്തിലായിരിക്കുമ്പോൾ സകല സന്ദർഭങ്ങളും കൗദാശികത്വമുള്ളത് എന്നതിന്റെ അടിസ്ഥാനത്തിലായിരിക്കുമ്പോൾ സകല സന്ദർഭങ്ങളും കൗദാശികമുള്ളത് എന്നു വരുന്നു. ഇങ്ങനെ നോക്കിയാൽ വി. മാമ്മോദീസ മാത്രമല്ല അതിനു മുൻപുള്ള ജനിപ്പിക്കൽ പ്രക്രിയയും, ജനനവും, അതിനു ശേഷമുള്ള ജീവിതവും കൗദാശികമാണ് എന്നു കാണാം. ജനനത്തെയും ജീവിതത്തെയും നിയന്ത്രിക്കാൻ ശ്രമിക്കുന്ന വിഷയങ്ങളെ – പ്രതിഭാസങ്ങളെ കൗദാശികതയോടെ നേരിടാൻ സഭയ്ക്ക് വൈദിക ശുശ്രൂഷയ്ക്ക് കഴിയണം എന്നാണിവിടുത്തെ ദൈവശാസ്ത്ര നിർദ്ദേശം.

വി. മാമ്മോദീസ നൽകി അയക്കുന്ന ശിശു എങ്ങിനെ വളരുന്നു എന്നുള്ള അന്വേഷണം, കുറെ വേദകഥകളും കുഞ്ഞുങ്ങളെ വർഗ്ഗീയ-മൗലിക വാദികളാക്കുന്ന ചരിത്രപാഠങ്ങളും അടങ്ങുന്ന സൺഡേസ്കൂൾ, ബാലസമാജം, പ്രവർത്തനങ്ങളിൽ ഒതുക്കുകയാണ്. അവന്റെ സ്കൂളും ഇവിടുത്തെ പഠനവും, ടെലിവിഷനും, അതിലെ കോമാളിത്തങ്ങളും പരസ്യങ്ങളും, അവന്റെ അയൽപക്കവും, അവിടവുമായിട്ടുള്ള ബന്ധവും, ഉപയോഗ-ഉപഭോഗ വസ്തുക്കളും വിഷയങ്ങളും, മാതാപിതാപരിചരണവും പുത്രത്വ ധാരണകളും വലിയ സ്വപ്നങ്ങളും, കൊച്ചു കൊച്ചു മോഹഭംഗങ്ങളും നമ്മുടെ പരിഗണനയിൽ വരുന്നതേ ഇല്ല. വന്നാൽ തന്നെ എല്ലാറ്റിനോടുമുള്ള അയഥാർത്ഥമോ നിഷേധപരമോ ആയ അഭിപ്രായങ്ങൾ മാത്രം.

വിവാഹ കൂദാശ നടത്തിവിടുന്ന വധുവരന്മാരുടെ തുടർ ജീവിതത്തിന്റെ കൗദാശികത്വം നമ്മുടെ പരാമർശ വിഷയം ആകുന്നില്ല. അവരുടെ സ്വപ്നങ്ങളും സ്വപ്ന സാഫല്യങ്ങളും, നെടുവീർപ്പുകളും, നിലവിളികളും, കൊച്ചു സ്വകാര്യതയും, വലിയ പ്രശ്നങ്ങളും, അവർ കാണുന്ന സിനിമയും, നടക്കുന്ന വഴികളും ഒന്നും നമ്മുടെ പ്രസംഗത്തിന്റെ ഉള്ളടക്കമാകുന്നില്ല. ഭർത്താവിനാൽ ബലാത്സംഗം ചെയ്യപ്പെടുന്ന ഭാര്യമാരുടെ വേദനകളും, സ്ത്രീധനം കിട്ടിയത് സൂക്ഷിച്ചുവച്ച ബ്ലെയിഡ് കമ്പനിയെ പൊട്ടിച്ച സഭാസ്നേഹി സൃഷ്ടിച്ച സാമ്പത്തിക പ്രതിസന്ധിയും, ഒന്നിച്ചു കണ്ട് ടെലിസീരിയലിലെ ജീവിതം അനുകരിക്കാൻ ശ്രമിച്ചുണ്ടാകുന്ന പ്രശ്നങ്ങളും, പരസ്യത്തിലെ ബന്ധങ്ങളെക്കുറിച്ചുള്ള ധാരണപിശകുകൾ ധാരണയാക്കിയതിന്റെ പ്രതിസന്ധിയും ഒന്നും നാം അറിയുന്നതേ ഇല്ല. മനുഷ്യജീവിതത്തിന്റെ നിർണ്ണായക തുടിപ്പുകളൊന്നും നമ്മുടെ കൂദാശകളുടെ പട്ടികയിൽ വരുന്നില്ല. അവ നമ്മുടെ സുവിശേഷത്തിന്റെ ഭാഗമാകുന്നില്ല.

നസറായന്റെ കാര്യത്തിൽ പക്ഷെ-ചുങ്കക്കാരന്റെ ജീവിതവും, കരം

കൊടുക്കാൻ കാശില്ലാത്തവന്റെ സാമ്പത്തിക പ്രശ്നങ്ങളും, വേശ്യയുടെ വഴിമുട്ടിയ ജീവിതവും, ഏകതുണയായിരുന്ന സഹോദരന്റെ വേർപാടിൽ ദുഃഖിക്കുന്ന സഹോദരിമാരുടെയും നാട്ടുകാരുടെയും വിലാപവും, അനേകായിരങ്ങളുടെ അത്താഴക്കഞ്ഞിയുടെ പ്രശ്നവും, കുട്ടികളുടെ ജിജ്ഞാസയും, സെബദി മക്കളുടെ ഉൽക്കർഷേച്ഛയും, അമ്മമാരുടെ പുത്ര സ്വപ്നങ്ങളും, ഭാര്യാ-ഭർത്തൃബന്ധത്തിലെ പ്രശ്നങ്ങളും, ധനാഢ്യന്റെ അഹന്തയും, മടിശ്ശീല വാഹകന്റെ ആർത്തിയും, പത്രോസിന്റെ നിഷ്കളങ്കമായ സ്വസ്ഥ ജീവിതത്വരയും മുഖസ്തുതിക്കാരൻ ഉപദേഷ്ടാവിന്റെ നിത്യജീവൻ പ്രശ്നവും, കുരുടന്റെ സ്വപ്നങ്ങളും തുടങ്ങി സകലതും ഗൗരവ പരിഗണന അർഹിക്കുന്ന കാര്യങ്ങളാണവന്. യേശുവിന് അതെല്ലാം കൂദാശകളായിരുന്നു. തന്റെ സാന്നിദ്ധ്യത്തിൽ പരിവർത്തന വിധേയമാകേണ്ട മനുഷ്യജീവിത മുഹൂർത്തങ്ങളായിരുന്നു. എന്നാൽ നമുക്കോ അർത്ഥരഹിതമായ വാക്കുകൾ കൊണ്ടുള്ള അവമാനവികതയാണ് പരിചയം. പാപം എന്ന വാക്ക് എത്ര വട്ടം ഉപയോഗിച്ചാലും ആർക്കും അർത്ഥം പിടികിട്ടാതായിരിക്കുന്നു. പുണ്യവും അങ്ങിനെ തന്നെ. നമുക്ക് പ്രധാനം കാലിലെ ചെരുപ്പും, തലയിലെ മുണ്ടും, നെറ്റിയിലെ ബിന്ദിയും, ആവർത്തന വിരസങ്ങളും അർത്ഥരഹിതങ്ങളുമായ അപേക്ഷകളും ഒക്കെയാണ്. കൗദാശികത്വത്തിന്റെ ഒരു പുനഃസ്ഥാപനം നമുക്കാവശ്യമാണ്. ഇതിലൂടെ മാത്രമേ ജീവിത പ്രശ്നങ്ങളെ നേരിടാൻ മനുഷ്യനെ സജ്ജനാക്കാൻ കഴിയൂ.

4. ഞാൻ പരാമർശിക്കുന്ന രണ്ടാമത്തെ പ്രശ്നം പൗരോഹിത്യ ശുശ്രൂഷയിലെ കൊളിജിയാലിറ്റി എന്നതാണ്. ഇത് സഭയെക്കുറിച്ചും, പൗരോഹിത്യത്തെക്കുറിച്ചും വ്യക്തമായ ധാരണകൾ മനുഷ്യർക്ക് നൽകുന്നു. അപ്പോസ്തോലികത്വത്തിലെ കാതോലികത്വം കൊളീജിയാലിറ്റിയിലാണ് എന്ന് നാം പഠിക്കുന്നു. അതുകൊണ്ടു തന്നെ അപ്പോസ്തോലസംഘതലവൻ എന്ന പദത്തെ നാം ഭരണാധികാരപരമായ അർത്ഥത്തിൽ സ്വീകരിക്കുന്നുമില്ല. എന്നാൽ സഭാ ശുശ്രൂഷയുടെ എല്ലാ തലത്തിലും ഇന്ന് കൊളിജീയാലിറ്റി അസ്തമയമാർന്നിരിക്കുന്നു. പാത്രിയർക്കീസ്, കാതോലിക്ക എന്നൊക്കെ പറയുമ്പോൾ - നാം ഉപയോഗിക്കുമ്പോൾ നാം ഉപയോഗിക്കുന്ന പദം സഭാതലവൻ എന്നതാണ്. മെത്രാന് ഭദ്രാസനാധിപൻ എന്നും, അല്ലാതെ അദ്ധ്യക്ഷൻ എന്നല്ല. മെത്രാന്മാരും മെത്രാൻ സംഘാദ്ധ്യക്ഷന്മാരും തമ്മിൽ അതുകൊണ്ടുതന്നെ ഉടയോൻ-അടിയാൻ ബന്ധമാണ് വിവക്ഷിക്കപ്പെടുന്നത് പലപ്പോഴും.

ഇത് ഏറ്റവും പ്രകടമായിരിക്കുന്നത് മെത്രാൻ - പുരോഹിത (കാദീശോ) ബന്ധത്തിലാണ്. അതാണല്ലോ ഈ സന്ദർഭത്തിൽ സംഗതമായിരിക്കുന്ന വിഷയവും. തികച്ചും ജന്മി കുടിയാൻ സ്വഭാവമാണിതിനുള്ളത്. വൈദികർക്കിടയിൽ തന്നെ ചിലർക്ക് വീതി കൂടിയ വട്ടക്കെട്ടും പൊക്കമുള്ള തൊപ്പിയും നൽകി ഇമ്മിണി മുഴുത്ത പട്ടക്കാരനാക്കും. സഭാ ചരിത്രത്തിൽ വലിയ അധികാരമുള്ള പദവിയായിരുന്നു എങ്കിലും ഇന്ന് അദ്ദേഹം ഒരു പരിഹാസ ആദരവിന്റെ വിഷയമായി പലരും വ്യാഖ്യാനിച്ചു കേട്ടിട്ടുണ്ട്. എന്നാൽ ആദരവ്



അല്ലാതെ മുമ്പിൽ കാണുമ്പോൾ മുണ്ടഴിച്ചിടുന്നതും, നേര്യത് അരയിൽ ചുറ്റുന്നതും, വായ്കൈ പൊത്തി നില്ക്കുന്നതും, മണിക്കൂറുകളോളം കാലു മാറിമാറി ചവുട്ടി പഴയകാലത്തെ കുടികിടപ്പുകാരന്റെ ഭാവത്തിൽ മുമ്പിൽ ഇരിപ്പും നില്പുമുറയ്ക്കാതെ നില്ക്കുന്നതുമല്ല. പിന്നാലെ നടന്ന് "കർത്താവേ കർത്താവേ എന്ന് വിളിക്കുന്നവനല്ല ദൈവരാജ്യ അവകാശി പിതാവിന്റെ ഇഷ്ടം ചെയ്യുന്നവനാണ്" (മത്തായി 7:21). അല്പസമയമെങ്കിലും എന്നോടൊത്തുണർന്നിരിപ്പാൻ ഈ വിമോചന പ്രക്രിയയുടെ സർഗ്ഗസമരത്തിന്റെ വേദനയിൽ ക്രിയാത്മക പങ്കാളിയാകാൻ നിങ്ങൾക്കാകില്ലേ? (മത്തായി 26:40, മർക്കോസ് 14:37) എന്ന ചോദ്യം വികാര നിർഭരവും ദുഃഖപൂരിതവും മാത്രമല്ല ശിഷ്യന്മാരെന്നഭിമാനിച്ച് പിന്നാലെ നടക്കുകയും അത്ഭുതപ്രവൃത്തിയുടെയും അപ്പവിതരണത്തിന്റെയും പങ്കു പറ്റുകയും ചെയ്തവരുടെ ഉത്തരവാദിത്വ നിർവ്വഹണത്തിന്റെ കാര്യം വന്നപ്പോഴുള്ള പ്രകടമായ പങ്കാളിത്തത്തിനുള്ള വിമുഖതയ്ക്ക് എതിരെ ഉതിർത്ത ശക്തമായ പ്രതിഷേധ ശബ്ദവുമാണ്. ഇരിക്കുന്ന കസേരയുടെ വലിപ്പത്തെ പ്രതിയല്ല, ചെയ്യുന്ന കാര്യത്തെ പ്രതി മനുഷ്യൻ അന്യോന്യം ആദരിക്കുന്ന കാലം വരണം. സെബദിമക്കളോടുള്ള യേശുവിന്റെ നിർദ്ദേശവും ഇതാണ്. എവിടെ ഇരിക്കാൻ പറ്റും എന്നാകരുത് ശ്രദ്ധ, തന്റെ സ്നാനത്തിലും പാനപാത്രത്തിലും പങ്കാളിയാകാൻ കഴിയുമോ എന്നതായിരിക്കണം. (മർക്കോസ് 10:38).

കൊളജിയാലിറ്റിയുടെ നിർണ്ണായകമായ ഒരു ഭാവം അന്യോന്യമുള്ള ആദരവും അംഗീകാരവുമാണ് (1 കൊരി. 12). സംയുക്തതയിലെ വൈവിദ്ധ്യത്തിന്റെ പ്രവർത്തനത്തിൽ തുല്യപങ്കാളികൾ എന്നത് സുപ്രധാനമാണ് (ഇവിടെ ആരുടെ എങ്കിലും മേൽനോട്ടസ്ഥാനം നഷ്ടപ്പെടുകയില്ല, ഓരോരുവനും അവനവൻ ചെയ്യേണ്ട ജോലി അന്യോന്യ ആദരവിൽ നിർവ്വഹിക്കുകയാണ് ചെയ്യുന്നത്). ഇക്കാര്യത്തിലും കൂടുതൽ പ്രശ്നപൂരിതമായി കാണുന്നത് മെത്രാനും അച്ചനും തമ്മിലുള്ള ബന്ധമാണ്. 'എവിടെ എപ്പിസ്കോപ്പായുണ്ടോ അവിടെ സഭയുമുണ്ട്' എന്ന നിർവചനം ഒരറ്റത്തിനു മാത്രമേ നാം കാണുന്നുള്ളു. എപ്പിസ്കോപ്പായുണ്ടാകണമെങ്കിൽ ആരാധനാസംഘം ഉണ്ടാകണം എന്നത് പലപ്പോഴും നാം സൗകര്യപൂർവ്വം മറക്കുന്നു. ഉണ്ടാക്കുന്നവന് പ്രാധാന്യം നഷ്ടപ്പെടുകയും ഉല്പന്നത്തിന് പ്രാധാന്യം വർദ്ധിക്കുകയും ചെയ്യുന്നു. ഇത്തരം സാഹചര്യത്തിൽ ആരാധനാ സംഘം ആരാധക സംഘമായി വിദൂഷകക്കൂട്ടമായി മാറുന്നു. അധികാരത്തിലേറുന്നവൻ ജനത്തെയും ജനമദ്ധ്യത്തിൽ ജീവിക്കുന്ന വൈദികനേയും മറക്കുന്ന ദുര്യോഗമാണ് ഇവിടെ എമ്പാടും കാണുന്നത്. ഈ മറന്നവനോടൊത്ത് എങ്ങിനെയാണ് പങ്കാളിത്തം നിർവ്വഹിക്കുക?

വൈദികൻ എപ്പിസ്കോപ്പയുടെ പ്രതിനിധിയായിരിക്കുന്നത് ഉത്തരവാദിത്വ നിർവ്വഹണത്തിലെ പങ്കാളിത്തത്തിലാണ്. അയാൾ എപ്പിസ്കോപ്പായുടെ ദാസനായിരിക്കാൻ ഒരിക്കലും ഉദ്ദേശിക്കപ്പെട്ടിട്ടില്ല (ചിലർക്ക് ദാസവേഷമാണ് യോജിക്കുക എങ്കിലും). എന്നാൽ ഈ ആയിക്കൂടാത്തത് ആയിരിക്കുമ്പോൾ പരസ്പര ആദരവ് നഷ്ടപ്പെട്ടിട്ട് ആജ്ഞാനുവർത്തികളുടെ

സംഘം ആയിത്തീരുന്നു വൈദിക സംഘം. ഇങ്ങനെ ആയിരിക്കുമ്പോൾ തന്നെ സംഘത്തിന് നിശ്ചയമായും തങ്ങൾ ആയിക്കൂടാത്തതാണ് ആയിരിക്കുന്നത് എന്ന ഉൾദ്ധാരണയുണ്ടാകും. ഈ ധാരണയാണ് പ്രവർത്തനത്തിലെ പ്രതിസന്ധിയായി അവതരിക്കുന്നത്. ആത്മാർത്ഥരഹിതവും ഉത്തരവാദിത്തരഹിതവുമായ ശുശ്രൂഷാ ശൈലി ഇവിടെ ജനിക്കുന്നു. പ്രചരിക്കുന്നു, സ്ഥിര പ്രതിഷ്ഠ നേടുന്നു.

കൊളീജിയാലിറ്റിയുടെ മറ്റൊരു സുപ്രധാന പ്രകടഭാവം നിർണ്ണായക ഘട്ടങ്ങളിലെ പരസ്പര ആശയവിനിമയമാണ്. പങ്കാളിത്തത്തിന്റെ അടിസ്ഥാനം തുല്യഭാവം ആയിരിക്കുമ്പോൾ മുൻപറഞ്ഞ ഉച്ചനീചത്വത്തിന്റെ ശൈലി പൊതു ഇടപെടലിൽ നിലനില്ക്കുന്നതിനാൽ തുറന്ന ആശയവിനിമയം അസാദ്ധ്യമായിത്തീരുന്നു. ഒപ്പമിരിക്കാൻ പറ്റാത്തവനുമായി കൂടിയാലോചനയൊ കൂട്ടായ പ്രവർത്തനമോ നടക്കില്ല. ഭയവും സംശയവുമാണ് ഇത്തരം ബന്ധത്തിൽ മുന്നിട്ടു നിൽക്കുക. അതിനാൽ പരസ്യമായ മുഖസ്തുതിയുടേയും രഹസ്യമായ കുറ്റാരോപണത്തിന്റെയും ശൈലിയായിരിക്കും പ്രകടമാകുക. ഇതു രണ്ടും കൂടിയാലോചനയുടെ ഫലം നൽകുന്നില്ല. അതുകൊണ്ടുതന്നെ തീരുമാനങ്ങൾ ഏകപക്ഷീയം ആവുകയും അതിന്റെ അടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾ പ്രശ്നപരിഹാരത്തിന് ഉതകാതെ വരികയും ചെയ്യും.

ഓരോരുവനും അവനവന്റെ നിലനില്പ് മാത്രം ശ്രദ്ധേയമാവുകയും അതിനായി വർദ്ധിച്ച വിധേയത്വം പ്രദർശിപ്പിക്കുകയും, പരസ്പരം കുറ്റാരോപണം നടത്തുകയും ചെയ്യും. പരസ്പര വിശ്വാസവും അഭിപ്രായങ്ങളുടെ വിശ്വസനീയതയും നഷ്ടമാകുന്നു. ഇത്തരം സാഹചര്യത്തിൽ തെറ്റിദ്ധാരണകളും അബദ്ധധാരണകളുമായിത്തീരുന്നു നേതാവിന്റെ പ്രവർത്തനത്തിന്റെ അടിസ്ഥാനം. അങ്ങിനെയുള്ള പ്രവർത്തനങ്ങൾ കൂടുതൽ അപകടങ്ങൾ ക്ഷണിച്ചു വരുത്തുകയും ചെയ്യും എന്നതാണ് നമ്മുടെ അനുഭവം. വികസനപരവും വിമോചനപരവുമായ കർമ്മനിരതത്വ സാദ്ധ്യത നഷ്ടപ്പെട്ടിട്ട് പതിവുകൾ അർത്ഥരഹിതമായി ആവർത്തിക്കുന്ന അവസ്ഥ വന്നുചേരുന്നു. ഇവിടെയാണ് പ്രസ്ഥാനത്തിന്റെ മരണം സംഭവിക്കുന്നത്. ഇനി ആരെങ്കിലും ഇതുകൂടാതെ സ്വയമായി വളർന്നാൽ അത് വ്യക്തിപരമായും അടിസ്ഥാന ബന്ധം നഷ്ടപ്പെട്ടതുമായ പങ്കാളിത്തരഹിതമായ വളർച്ച മാത്രമായിരിക്കും താനും.

മറ്റൊരു പ്രശ്നം സഭയിൽ ആശയവിനിമയവും പങ്കാളിത്തവും ഇല്ലാത്തതിനാൽ പദ്ധതി രൂപീകരണവും മുൻകുറി ആലോചനയും (Planning and research) നഷ്ടപ്പെടുന്നു എന്നതാണ്. മുന്നോട്ടു നോക്കാനും സ്വയം വിമർശിക്കാനും നാളകളെ ദീർഘവീക്ഷണത്തോടും, ഉൾക്കാഴ്ചയോടും, വിവേകത്തോടും, അഭിമുഖീകരിക്കാനും സഭക്ക് മൊത്തത്തിലും ഇടവകൾക്ക് പ്രത്യേകമായും ഭയമായിത്തീരുന്നു. കാലത്തിന്റെ ഗതിയെയും, ഗതിയിലെ മാറ്റത്തെയും ഉൾക്കൊള്ളാനോ പ്രതികരിക്കാനോ വിശ്വാസികളെ സജ്ജമാക്കാനോ കഴിയാതെയും വരുന്നു. മാറ്റങ്ങൾക്കുള്ള നിർദ്ദേശത്തെ വിവശതയോടെയും, അരക്ഷിതത്വ ബോധത്തോടെയും മാത്രം വീക്ഷിക്കുന്നു. അതുകൊണ്ട് നിർദ്ദിഷ്ടവും, സുരക്ഷിതവുമായ മേഖലകളില്ലാതെ മറ്റൊരു കാര്യത്തിലും ഇടപെടാനും സഭക്ക് കഴിയാതെ വരുന്നു. ഈ ശൈലി പരിശീലിച്ച ജനം ഗൗരവതരമായ പ്രശ്നങ്ങൾക്കൊന്നും പരിഹാര നിർദ്ദേശത്തിനായി സഭയിലേക്ക് ഉറ്റുനോക്കാതെയും വരുന്നു. മനുഷ്യന്റെ നാളകളെ ആശങ്കാകുലമാക്കുന്ന പ്രതിഭാസങ്ങൾക്കും പ്രശ്നങ്ങൾക്കും എതിരെ പ്രതിരോധവുമായി മുന്നിൽ നടക്കേണ്ടുന്ന സഭ അവന് മുന്നറിയിപ്പും മാർഗ്ഗനിർദ്ദേശവും നൽകാൻ കഴിയാതെ അമ്പരന്ന് നില്ക്കുന്നു. ഇനി അബദ്ധവശാൽ വല്ല നിർദ്ദേശവും നൽകിയാൽ അത് മൂരാച്ചി പിൻതിരിപ്പൻ സ്വഭാവമുള്ളതും അവഗണിക്കപ്പെടുന്നതുമായി തീരുന്നു. സഭക്ക് സഭയുടെ സ്വഭാവം തന്നെ നഷ്ടപ്പെടുന്നു.



സഭ പ്രാഥമികമായും സ്വാഭാവികമായും പ്രാദേശികമാണ്. ഇവിടെ പ്രാദേശിക പങ്കാളിത്തവും സജീവതയും നഷ്ടപ്പെട്ട് കേന്ദ്രീകൃതവും ഏകപക്ഷീയവുമായി ഭവിക്കുന്നു. അങ്ങിനെ സഭ, സഭയല്ലാതായിട്ട് സഭയായി പ്രവർത്തിക്കാൻ പറ്റാത്തതായിത്തീരുകയും ചെയ്യുന്നു. ഉപ്പിന് കാരം നഷ്ടപ്പെടുന്നു! ഇതാണിന്നത്തെ സഭ. ഈ പ്രശ്ന സങ്കീർണ്ണമായ പ്രതിസന്ധികളും വെല്ലുവിളികളും നിറഞ്ഞ കാലഘട്ടത്തെ യാഥാർത്ഥ്യ ബോധത്തോടെ വിലയിരുത്താനൊ മാർഗ്ഗനിർദ്ദേശം നൽകാനോ കഴിയാത്ത മറ്റൊരു സംഘടനയായി അത് അധഃപതിക്കുന്നു.

5. ഈ സാഹചര്യത്തിൽ പരിഹാരമാർഗ്ഗം ഒന്നേയുള്ളു. വൈദികസംഘം അതിന്റെ ആർജ്ജവം പുനഃസമാഹരിക്കണം. കാരണം അവരാണ് മനുഷ്യമദ്ധ്യത്തിൽ ജീവിക്കുന്നത്. മനുഷ്യരുടെ ഭാഷ അവരുടെ ഭാഷയും, മനുഷ്യരുടെ പ്രശ്നങ്ങൾ അവരുടെ പ്രശ്നങ്ങളുമാകണം. അധികാരി വർഗ്ഗത്തിനെതിരെ ഒന്നിച്ചു നില്ക്കാനും വെല്ലുവിളിയാകാനും കഴിയണം. അഭിമാനവും വ്യക്തി പ്രഭാവവും നഷ്ടപ്പെടുത്തി ആരുടെയും അടിമയാകാതെ സൂക്ഷിക്കണം. സ്വത്വാവബോധവും ആർജ്ജവവും ഉയർത്തിപ്പിടിക്കണം. ദൈവവും ദൈവജനവുമാകണം പിൻബലം. പുതുസമൂഹ സൃഷ്ടിയാകണം ലക്ഷ്യം. എക്കാലവും ഇത്തരം പരിവർത്തിത സാഹചര്യത്തിൽ ആരംഭത്തിൽ പരാമർശിച്ച പ്രശ്നങ്ങൾക്ക് ക്രിയാത്മകമായ പരിഹാരം നിർദ്ദേശിക്കാൻ വൈദികർക്ക് സാധിക്കുകയും അതുവഴി സഭയുടെ ശുശ്രൂഷ നിർവ്വഹിക്കാൻ സഭയ്ക്ക് കെല്പ് ലഭിക്കുകയും ചെയ്യും. ഈ പ്രശ്ന സങ്കീർണ്ണതയാർന്ന കാലഘട്ടത്തിലെ ആശ്വാസത്തിന്റെ തുരുത്തായി പ്രശോഭിക്കാൻ സഭക്ക് കഴിയും. ഇല്ലാതെ വന്നാൽ അകാരണമായി ഇലതഴുപ്പുള്ളതും എന്നാൽ ജീവിതയാത്രയുടെ മാർഗ്ഗമദ്ധ്യത്തിൽ വിശപ്പടക്കാൻ സമീപിക്കുന്നവനെ നിരാശനും ക്രുദ്ധനും ആക്കുന്ന മച്ചിവൃക്ഷമായി കല്പാന്തത്തോളം പിടിച്ചു നില്ക്കുകയും ചെയ്യും ഈ സംഘടന.

C-mw `mKw

# വിശുദ്ധ കുർബ്ബാനയുടെ അർത്ഥവ്യാപ്തി


## സി. ബേബി

(ചെറുമല പടിഞ്ഞാറ്റേൽ, പന്തളം)


"ഇനിയും ജീവിക്കുന്നതു ഞാനല്ല,
ക്രിസ്തുവത്രെ എന്നിൽ ജീവിക്കുന്നു" (ഗലാത്യർ 2: 20)

# പ്രസ്താവന

വിശുദ്ധ സഭയിൽ പെട്ട എല്ലാ അംഗങ്ങൾക്കും നിത്യപരിചയമുള്ള ഒരു വി. കർമ്മമാണ് വി. കുർബ്ബാന. എന്നാൽ കുർബാനയുടെ മഹത്വവും, പ്രാഭവവും വേദപുസ്തക വെളിച്ചത്തിലോ, വേദശാസ്ത്രാടിസ്ഥാനത്തിലോ എത്രമാത്രം ആഴമേറിയതാണെന്ന് ആരായുകയും, ചിന്തിക്കയും ചെയ്തിട്ടുള്ളവർ വളരെ ചുരുക്കമാണ്. വി. കുർബാനയിൽ സംബന്ധിക്കുന്ന സാധാരണ ജനങ്ങൾക്ക് ഒരു സാമാന്യ ജ്ഞാനം ലഭിക്കുവാൻ ഉതകത്തക്കവണ്ണം ഏറ്റവും ലളിതമായ ഭാഷയിൽ ചില കാര്യങ്ങൾ എഴുതാൻ മാത്രമേ ആഗ്രഹിക്കുന്നുള്ളു.

വിശുദ്ധ കുർബാനയിലെ ഒരു ചെറിയ ഭാഗത്തെക്കുറിച്ചു തന്നെ അനേകം കാര്യങ്ങൾ എഴുതാനുണ്ട്. ഉദാ: അപ്പവീഞ്ഞുകളെപ്പറ്റി എഴുതുമ്പോൾ പലസ്തീൻ രാജ്യത്തെപ്പറ്റിയും പുളിപ്പുള്ള അപ്പം, ഇതര സഭകൾ ഉപയോഗിക്കുന്ന അപ്പത്തിന്റെ സ്വഭാവം, കർത്താവു വാഴ്ത്തിയ അപ്പം പുളിപ്പുള്ളതായിരുന്നുവെന്നത് തെളിയിക്കാനുള്ള വേദഭാഗങ്ങൾ തിരുശരീര രക്തങ്ങൾ എങ്ങനെയായിത്തീരുന്നു തുടങ്ങി അതിന്മേലുള്ള വാദപ്രതിവാദങ്ങൾ എല്ലാം എടുത്തുപറയണം. എന്നാൽ ഈ ഗ്രന്ഥത്തിന്റെ ഉദ്ദേശ്യമതല്ല. സാധാരണ ജനങ്ങൾക്ക് ആവശ്യമായ അറിവ് ലഭിക്കാൻ തക്കവണ്ണം ചില സൂചനകൾ മാത്രം കൊടുക്കുന്നു. ഏറ്റവും ചുരുങ്ങിയ ഒരു വിവരണം നൽകാൻ മാത്രമേ ഞാൻ ആഗ്രഹിക്കുന്നുള്ളു.

'വിശുദ്ധ കുർബാനയുടെ അർത്ഥവ്യാപ്തി' എന്ന ചെറു ഗ്രന്ഥം പലർക്കും പ്രയോജനപ്പെടുമെങ്കിൽ ഗ്രന്ഥകർത്താവിന്റെ പ്രയത്നം സഫലമായിത്തീരും. അങ്ങനെ സംഭവിക്കട്ടെ എന്നു പ്രാർത്ഥിച്ചുകൊണ്ട് ഈ പുസ്തകം സഭാംഗങ്ങൾക്ക് വിശിഷ്യ പന്തളത്തെ അതിപുരാതനമായ അറത്തിൽ ഇടവകയ്ക്കു സസന്തോഷം സമർപ്പിച്ചുകൊള്ളുന്നു.

**സി. ബേബി**
ചെറുമല പടിഞ്ഞാറ്റേൽ

പന്തളം
1 – 4 – 1971





# വിശുദ്ധ കുർബാനയുടെ അർത്ഥ വ്യാപ്തി

കുർബോനോ – സുറിയാനി പദം. കുർബാന – മലയാള പദം. കൊർബാൻ – എബ്രായ ഭാഷ (മർക്കൊ. 7:11).

ബലി വസ്തുക്കൾക്കും ബലിക്കും കുർബാന എന്നു അർത്ഥമുണ്ട്. ഉദാ. അവൻ തന്റെ കൈകൾ ഹോമബലിയുടെ തലയിൽ വയ്ക്കണം (ലേവ്യ 1:4). പാപബലിയുടെ രക്തം. പാപബലിയാകുന്ന കോലാട്ടിൻകുട്ടി (ലേവ്യ 6:30).

**1. കുർബാന എന്നാലെന്ത്?**

1. കുർബാന രഹസ്യമാണ്. വി. കുർബ്ബാനയിലെ പ്രാർത്ഥനകളിൽ ഇതു വ്യക്തമാകുന്നു.

a) അനുഗ്രഹിക്കുന്നവനായ .....

b) ഈ രഹസ്യത്തിൽ സംബന്ധിക്കുമ്പോ....

c) ഈ വി. രഹസ്യം വഹിച്ചിരിക്കുന്നവരുടെ ....

d) നൽകപ്പെട്ട ഈ വി. രഹസ്യങ്ങളെ കൈക്കൊ...

2. ഈ കുർബാന അനുഗ്രഹവും സമാധാനവും ബലിയും സ്തോത്രവുമാകുന്നു.

a) പരമയാഗം മൂലം രക്ഷ നൽകിയതിനാൽ അനുഗ്രഹവും

b) അവൻ ക്രൂശിൽ ചൊരിഞ്ഞ രക്തം കൊണ്ട് അവൻ മുഖാന്തിരം സമാധാനമുണ്ടായി (കൊലൊ. 1:20).

c) അവൻ നമ്മുടെ പാപത്തെ തന്റെ ശരീരത്തിൽ ചുമന്നും ക്രൂശിൽ കയറി (1 പത്രൊ. 2:21) ബലിയായിത്തീർന്നു.

d) അവൻ മുഖാന്തിരം നാം അവന്റെ നാമത്തെ ഏറ്റുപറയുന്ന അധരഫലം എന്ന സ്തോത്രയാഗം ഇടവിടാതെ അർപ്പിപ്പീൻ.

3. കർത്താവിന്റെ ക്രൂശുമരണം, പാപപരിഹാര ബലിയും പെസഹാബലിയും, പുതിയനിയമ ബലിയും ഹോമബലിയും ആയതിനാൽ വി. കുർബാന അതെല്ലാമാണ്.

1. കണ്ടാലും ലോകത്തിന്റെ പാപത്തെ വഹിക്കുന്ന ദൈവത്തിന്റെ കുഞ്ഞാട് (യോഹ 1:29). ഇത് അനേകർക്കുവേണ്ടി പാപമോചനത്തി

നായി ചൊരിയപ്പെടുന്ന പുതിയനിയമത്തിനുള്ള എന്റെ രക്തം (മത്താ. 21:28). നമ്മുടെ പെസഹാ കുഞ്ഞാടും അറക്കപ്പെട്ടിരിക്കുന്നു ക്രിസ്തു തന്നെ.

2. ഫറവോന്റെ അടിമത്തത്തിൽ നിന്നും, സംഹാര ദൂതനിൽ നിന്നും പഴയ യിസ്രായേൽ, പെസഹാ കുഞ്ഞാടിന്റെ രക്തം കട്ടിളപ്പടിയിൽ പുരട്ടി യതിനാൽ രക്ഷ പ്രാപിച്ചു. പുതിയ യിസ്രായേൽ യേശുക്രിസ്തുവാകുന്ന കുഞ്ഞാടിന്റെ രക്തം ഹൃദയകവാടങ്ങളിൽ പുരട്ടി രക്ഷ പ്രാപിക്കുന്നു.

3. പുതിയനിയമ ബലി. ഇത് അനേകർക്കുവേണ്ടി പാപമോചനത്തിനായി ചൊരിയപ്പെടുന്ന പുതിയ ഉടമ്പടിക്കുള്ള എന്റെ രക്തം (മത്താ. 26:28) എന്നാണ് വി. കുർബാന സ്ഥാപിച്ചപ്പോൾ കർത്താവു പറഞ്ഞത്. ഞാൻ വരുവോളം എന്റെ ഓർമ്മയ്ക്കായി നിങ്ങൾ ചെയ്‌വിൻ (1 കൊരി. 11:26). ഇത് ഗഹനമേറിയതും ചിന്തോദ്ദീപകവുമായ ഒരു സംഭവമായിരുന്നു. എന്താണ് ഇതിന്റെ പൊരുളും മർമ്മവും. യേശു മനുഷ്യാവതാരത്തിന്റെ വലിയ രഹസ്യം ശിഷ്യന്മാരെ പഠിപ്പിക്കയായിരുന്നു. ഒരു വസ്തു ദൈവത്തിനു സമർപ്പിച്ച് അതിന്റെ മുമ്പിൽ നിന്ന് ദൈവത്തെ ആരാധിക്കുമ്പോൾ അതിൽ പ്രസാദിച്ച് അതിൽ ബന്ധപ്പെടുന്നവരെ അതുമൂലം അനുഗ്രഹിക്കുന്ന കർമ്മ മാണ് യാഗം.

4. കർത്താവിന്റെ ക്രൂശുമരണം ഹോമബലിയാണ്. ഹോമബലിയുടെ പ്രത്യേകത ഹോമബലിയിൽ ബലി മൃഗത്തെ പൂർണ്ണമായി അർപ്പിക്കുന്നു എന്നതാണ്. “പിതാവെ ഞാൻ എന്റെ ആത്മാവിനെ തൃക്കൈയിൽ ഏല്പി ക്കുന്നു.” ഇത് തന്നെത്തന്നെ പൂർണ്ണമായി പിതാവിന് ഹോമബലിയായി അർപ്പിക്കുകയാണ്.

4. പുതിയ നിയമത്തിലെ മന്ന. ഞാൻ ജീവന്റെ അപ്പമാകുന്നു. നിങ്ങ ളുടെ പിതാക്കന്മാർ മരുഭൂമിയിൽ മന്നാ തിന്നിട്ടും മരിച്ചു. എന്റെ മാംസം തിന്നുകയും എന്റെ രക്തം കുടിക്കയും ചെയ്യുന്നവന് നിത്യജീവൻ ഉണ്ട്. ഞാൻ ഒടുക്കത്തെ നാളിൽ അവനെ ഉയിർപ്പിക്കും (നദിപോലെ പിൻതുടർന്നു സങ്കീ. 105:41).

### 1. വി. കുർബാനയുടെ വേദശാസ്ത്രപരമായ പശ്ചാത്തലം

രക്തം ചൊരിഞ്ഞിട്ടല്ലാതെ വിമോചനം ഇല്ല (എബ്രായ 9:22). ഇത് ദൈവ കല്പനയാണ്. യഹൂദ സഭയിൽ പ്രധാനമായി രണ്ടു തരം ബലി കൾ ഉണ്ടായിരുന്നു. 1. വ്യക്തിപരം. 2. സാമൂഹ്യം. സാമൂഹ്യം ആണ്ടിൽ ഒരിക്കൽ എല്ലാവർക്കും വേണ്ടി പ്രധാനാചാര്യൻ അനുഷ്ഠിക്കുന്നു.

### വ്യക്തിപരം 5 വിധ ബലികളാണ്.

1. ഹോമയാഗം. 2. സമാധാന യാഗം. 3. പാപയാഗം. 4. അകൃത്യ



യാഗം. 5. സസ്യയാഗം (ലേവ്യ 6:7 അദ്ധ്യായം). ബലി അർപ്പണത്തെക്കുറി ച്ചുള്ള എല്ലാ ചട്ടങ്ങളും ലേവ്യ പുസ്തകത്തിൽ പരാമർശിച്ചിട്ടുണ്ട്. യഹൂദ സഭയിൽ വിവിധ രീതിയിലുള്ള ബലികളുടെ കൂട്ടത്തിൽ നിലവിലിരുന്ന രക്തബലിയെപ്പറ്റി ചുരുക്കമായി പ്രതിപാദിക്കട്ടെ. യഹൂദ സഭയിലെ രക്ത ബലിക്കു പ്രധാനമായി 3 ഘട്ടങ്ങൾ ഉണ്ടായിരുന്നു.

1. അർപ്പണം (ബലി അറുക്കൽ) ലേവ്യ 5:5 – 14.

2. ചാമ്പൽ സ്ഥലത്തെ പിണ്ഡദഹനവും മേദസ്സു കൊണ്ടുള്ള ശുശ്രൂ ഷയും (ലേവ്യ 3:16).

3. രക്തം കൊണ്ടുള്ള ശുശ്രൂഷയും ആശീർവാദവും (ലേവ്യ 1:9–13).

യഹൂദ സഭയിലെ രക്തബലിയിലെ ഒന്നാം ഘട്ടം യാഗാർപ്പണം ആയി രുന്നു. യാഗം നടത്തുവാൻ ആദ്യം പുരോഹിതന്റെ അടുത്തുവന്ന്, പാപം ഏറ്റു പറയണം. അപ്പോൾ പുരോഹിതൻ നിശ്ചയിക്കുന്നതനുസരിച്ചുള്ള യാഗമൃഗത്തെ കൊണ്ടുവന്ന് കൈ രണ്ടും മൃഗത്തിന്മേൽ വെച്ച് മൗന പ്രാർത്ഥന നടത്തുന്നു. അതിന്റെശേഷം അവന്റെ പാപം മൃഗത്തിന്മേൽ ചുമ ത്തണം. പിന്നെ യാഗപീഠത്തിന്റെ കൊമ്പിൽ ബന്ധിച്ച് ഗളഛേദം ചെയ്ത് യാഗരക്തം പാത്രത്തിൽ എടുത്ത് പുരോഹിതനെ ഏൽപ്പിക്കുന്നു.

2. യാഗകർമ്മത്തിന്റെ രണ്ടാം ഘട്ടം, ചാമ്പൽ സ്ഥലത്തെ പിണ്ഡദഹ നവും മേദസ്സു കൊണ്ടുള്ള ശുശ്രൂഷയും.

യാഗമൃഗത്തെ കരൾ അറത്ത ശേഷം വഴിപാടുകാരൻ യാഗമൃഗത്തിന്റെ ശുദ്ധവും അശുദ്ധവുമായ മാംസത്തെയും മേദസ്സിനെയും വേർതിരിക്കുന്നു. മേദസ്സ് എല്ലാം യഹോവയ്ക്കുള്ളതാകുന്നു. ബലി മൃഗത്തിന്റെ സകല മേദസ്സും, കുടലുകളെ പൊതിയുന്ന കൊഴുപ്പും, വൃക്കകളും, മൂത്രപിണ്ഡ ത്തോടുകൂടി കരളിലെ വലയും (നെയ്‌വല) വേർതിരിച്ച് പുരോഹിതനെ ഏല്പിക്കുന്നു. യാഗമൃഗത്തിന്റെ മാർഖണ്ഡവും, മുൻതുടയും, കർമ്മത്തി നുള്ള വിഹിതമായി പുരോഹിതനു നൽകുന്നു. യാഗമൃഗത്തിന്റെ ബാക്കി മാംസവും, ചർമ്മവും തലയോട്ടിയും അസ്ഥിപഞ്ജരവും ചാണകവും പ്രാകാരത്തിൽ കൂടി കടത്തി, പാളയത്തിനു വെളിയിൽ ബലിയുടെ ശ്മശാ നമായ ചാമ്പൽ സ്ഥലത്തു കൊണ്ടുപോയി ദഹിപ്പിക്കുന്നു. ഇതിന് ചാമ്പൽ സ്ഥലത്തെ പിണ്ഡദഹനം എന്നു പറയുന്നു. പുരോഹിതനെ ഏൽപ്പിക്കുന്ന വസ്തുക്കൾ രക്തവും മേദസ്സും ആകുന്നു.

ചാമ്പൽ സ്ഥലത്തെ പിണ്ഡദഹനത്തിനു മുമ്പ് പുരോഹിതൻ തന്നെ ഏൽപ്പിച്ചിരിക്കുന്ന മേദസ്സു എടുത്ത് താമ്രത്തൊട്ടിയിലെ വെള്ളത്തിൽ കഴുകി പ്രാകാരത്തിലെ യാഗപീഠത്തിൽ നിരത്തി ഹോമക്രിയ നടത്തുന്നു. ഇതിന് മേദസ്സു കൊണ്ടുള്ള ശുശ്രൂഷ എന്നു പറയുന്നു. യാഗകർമ്മത്തിൽ

ഇതു പ്രഥമ ശുശ്രൂഷയാണ്.

3. യാഗകർമ്മത്തിന്റെ മൂന്നാമത്തെ ഘട്ടം രക്തം കൊണ്ടുള്ള ശുശ്രൂഷ യാണ്.

കൊല്ലപ്പെട്ട മൃഗത്തിന്റെ രക്തം പാത്രത്തിലെടുത്ത് യാഗപീഠത്തിൽ യാഗ രക്തത്തോടു കൂടി ചുറ്റും തളിച്ച് തിരുനിവാസത്തിൽ പ്രവേശിച്ച് രണ്ടാം വാതിൽ മറയ്ക്കു നേരെ ഏഴു പ്രാവശ്യം തളിച്ച്, അതുവഴി അതി വിശുദ്ധ സ്ഥലത്തു പ്രവേശിച്ച് യാഗരക്തം കൃപാസനത്തിൽ തളിച്ചും പകർന്നും അഭിഷേകം ചെയ്യുന്നു. ഇതിന് രക്തം കൊണ്ടുള്ള ശുശ്രൂഷ എന്നു പറ യുന്നു.

4. നാലാമത്തെ ഘട്ടം. ചാമ്പൽ സ്ഥലത്തെ പിണ്ഡദഹനവും കഴിഞ്ഞ്, വഴിപാടുകാരൻ അലക്കി, കുളിച്ച് പ്രാകാര വാതിലിൽ വന്ന് ബലിയുടെ അനുഗ്രഹത്തിനായി കാത്തു നിൽക്കുന്നു. മേദസ്സു കൊണ്ടുള്ള ശുശ്രൂ ഷയും രക്തം തളിപ്പും കഴിഞ്ഞ് വരുന്ന പുരോഹിതൻ, യാഗപീഠത്തിൽ നിന്ന് ബലിയുടെ പ്രസാദമാകുന്ന, പാപപരിഹാരവും വഹിച്ച് കൊണ്ടു വന്നു പുറത്തു കാത്തുനിൽക്കുന്ന വഴിപാടുകാരനെ അനുഗ്രഹിച്ച് പാപപരിഹാരം നൽകി പറഞ്ഞയയ്ക്കുന്നു (യാഗവിരുന്ന്). അങ്ങനെ യാഗ ക്രിയ അവസാനിക്കുന്നു.

യേശുക്രിസ്തുവിന്റെ 'കുർബ്ബാനയിലും' (യാഗം) ഈ മൂന്ന് ഘട്ടങ്ങ ളുമുണ്ട്. യാഗാരംഭം മുതൽ മനുഷ്യാവതാരം വരെ ഒരു ഘട്ടവും, മനു ഷ്യാവതാരം മുതൽ സ്വർഗ്ഗാരോഹണം വരെ രണ്ടാമത്തെ ഘട്ടവും, സ്വർഗ്ഗാ രോഹണം മുതൽ യുഗാന്ത്യം വരെ മൂന്നാമത്തെ ഘട്ടവും ആകുന്നു. ഇതിൽ ഒന്നും രണ്ടും ഘട്ടങ്ങൾ കഴിഞ്ഞു. നാം ഇന്ന് വസിക്കുന്നത് മൂന്നാ മത്തെ ഘട്ടത്തിലാണ്.

യഹൂദ സഭയിലെ രക്തബലിയുടെ ഒന്നാമത്തെ ഘട്ടമായ യാഗാർപ്പണം അല്ലെങ്കിൽ ബലി അറുക്കൽ യേശുക്രിസ്തുവിന്റെ കുർബ്ബാനയിൽ (യാഗം) ദൈവത്തിന്റെ ആട്ടിൻകുട്ടി യുഗാരംഭത്തിൽ 'ഏദൻകൂടാരത്തിന്റെ' കവാടത്തിൽ പിതൃസന്നിധിയിൽ കുർബാനയായി അർപ്പണം ചെയ്യപ്പെട്ടു. ലോകസ്ഥാപനത്തിന് മുൻപ് താൻ കരൾ അറക്കപ്പെട്ട കുഞ്ഞാടായി വേർതി രിക്കപ്പെട്ടു എന്ന വേദസൂക്തത്തിൽ നിന്ന് വി. കുർബ്ബാന യുഗാരംഭത്തിൽ തന്നെ ആരംഭിച്ചു എന്ന് സ്പഷ്ടമാണ്. മനുഷ്യവർഗ്ഗം പാപാധീനമായപ്പോൾ തന്നെ ദൈവപുത്രന്റെ പാപപരിഹാരയജ്ഞമാകുന്ന കുർബാന (യാഗം) ആരംഭിച്ചു. സ്ത്രീയുടെ സന്തതി സർപ്പത്തിന്റെ തലയെ ചതയ്ക്കും എന്നുള്ള വാഗ്ദത്തം ദൈവപുത്രന്റെ കുർബാനയുടെ (യാഗം) ആരംഭമാ യിരുന്നു. യാഗമൃഗം കുർബാനയായി (യാഗം) അർപ്പിക്കപ്പെടുമ്പോൾ അത് യാഗം കഴിക്കുന്നവന്റെ പാപത്തെ വഹിച്ചിരുന്നതുപോലെ, യേശു



ക്രിസ്തുവും യുഗാരംഭത്തിൽ കുർബാനയായി അർപ്പിക്കപ്പെട്ടിരുന്നതിനാ ലാണ് താൻ ലോകത്തിന്റെ പാപത്തെ വഹിക്കുന്ന ദൈവത്തിന്റെ ആട്ടിൻകുട്ടി എന്ന് വിളിക്കപ്പെട്ടത്. കുർബ്ബാന അർപ്പിക്കപ്പെട്ട ശേഷം ബലി മൃഗത്തിന്റെ കരൾ അറക്കുന്നതു പോലെ യേശുക്രിസ്തുവിന്റെ കുർബ്ബാ നയും (ബലി) അർപ്പിക്കപ്പെട്ടശേഷം ഏദൻ തോട്ടത്തിന്റെ പ്രാകാരത്തിൽ വെച്ചു ആന്തരികമായി കരൾ അറക്കപ്പെട്ടു. രക്ഷണ്യമായ ഈ മഹാസംഭ വത്തെ അനുസ്മരിപ്പിച്ചുകൊണ്ടാണ് അവൻ ലോകസ്ഥാപനത്തിന് മുൻപ് കരൾ അറക്കപ്പെട്ട കുഞ്ഞാടെന്ന് പരിശുദ്ധാത്മാവ് വെളിപ്പെടുത്തിയത്. ഏദൻതോട്ടത്തിൽ വച്ച് ആന്തരികമായി കരൾ അറക്കപ്പെട്ടെങ്കിലും തന്റെ ബലി അവിടെ വച്ച് അവസാനിച്ചില്ല. തന്റെ ബലി മനുഷ്യാവതാരം വരെ തുടർന്നുകൊണ്ടിരുന്നു. അതിനുശേഷം താൻ തന്നെ ഏറ്റ് നടത്തി ഇന്നും തുടർന്നുകൊണ്ടിരിക്കുന്നു.

ഏദൻതോട്ടത്തിൽ വച്ച് അറുക്കപ്പെട്ട തന്റെ ബലിയുടെ മുന്നോടിയെ പരിശുദ്ധ പിതാക്കന്മാർ ആത്മീയ കണ്ണുകളാൽ ദർശിച്ചുകൊണ്ടിരുന്നു. ആദാം ഏദൻതോട്ടത്തിൽ വച്ച് ജീവവൃക്ഷത്തിന്റെ കനി രുചിച്ചു നോക്കി. എന്നേക്കും ജീവിക്കുവാൻ ആഗ്രഹിച്ച ജീവവൃക്ഷത്തിന്റെ ഫലം ഈ യാഗ ത്തിന്റെ നിഴലായിരുന്നു.യേശുക്രിസ്തുവിന്റെ ബലിയിൽ യാഗവും, യാഗ വസ്തുവും, കാർമ്മികനും താൻ തന്നെ ആയിരുന്നു. അതുകൊണ്ട് ആദാം രുചിച്ചു നോക്കാൻ ആഗ്രഹിച്ച ജീവവൃക്ഷത്തിന്റെ ഫലത്തിൻ യാഗവും, യാഗവസ്തുവും, പുരോഹിതനുമായ ക്രിസ്തുവിനെ അവൻ കണ്ടു.

അതുകൊണ്ടാണ് ആ ഫലം ഭംഗിയുള്ളതും ഭക്ഷിച്ചാൽ എന്നേക്കും ജീവിക്കുവാൻ സാധിക്കും എന്ന് അവന് ബോദ്ധ്യമായത്. ഹാബേലിന്റെ കുഞ്ഞാടും നോഹിന്റെ കാഴ്ചയും ഈ കുർബ്ബാനയുടെ (ബലിയുടെ) സൂചന ആയിരുന്നു.

അബ്രഹാം തന്റെ മകനായ ഇസഹാക്കിനെ മോറിയാ മലയിൽ വെച്ച് ദൈവത്തിന് യാഗം കഴിക്കാൻ ഒരുമ്പെട്ടു (ഉല്പ. 22:10–14). അബ്രഹാ മിന്റെ ബലി ഈ കുർബ്ബാനയുടെ നിഴലായിരുന്നു. അബ്രഹാമിനെ പിതാവാം ദൈവത്തോടും യിസ്ഹാക്കിനെ പുത്രൻ തമ്പുരാനോടും മോറിയാ മലയെ ഗോഗുൽത്തായോടും പിതാക്കന്മാർ സാമ്യപ്പെടുത്തിയി ട്ടുണ്ട്. അബ്രഹാം തന്റെ ബലിയിൽ യേശുക്രിസ്തുവിന്റെ ബലിയെ കണ്ടു എന്ന് 'നിങ്ങളുടെ പിതാവായ അബ്രഹാം എന്റെ ദിവസങ്ങളെ കണ്ടിരിക്കുന്നു എന്നു പറഞ്ഞ് യേശുക്രിസ്തു സാക്ഷീകരിച്ചിട്ടുണ്ട്'.

യാക്കോബ് ബഥേലിൽ വച്ച് കല്ലുകൾ നാട്ടി എണ്ണ ഒഴിച്ച് ഒരു യാഗം നടത്തി, ദൈവദൂതന്മാർ കയറുകയും ഇറങ്ങുകയും ചെയ്ത യാക്കോബിന്റെ ബലി ഈ കുർബ്ബാനയുടെ മുന്നോടി ആയിരുന്നു (ഉല്പത്തി 28:16–19).

യെശയ്യാ പ്രവാചകൻ ധ്യാനനിരതനായി യഹോവയുടെ ആലയത്തിൽ നിൽക്കുമ്പോൾ, സാറാഫുകളിൽ ഒരുവൻ (അഗ്നിമയനായ ഒരു ദൈവദൂതൻ) യാഗപീഠത്തിൽ നിന്ന് കൊടിൽ കൊണ്ട് ഒരു തീക്കട്ടയെടുത്ത് ഏശയ്യായുടെ അധരത്തിൽ തൊടുവിച്ച് 'ഇതു നിന്റെ അധരത്തെ തൊട്ടതിനാൽ നിന്റെ അകൃത്യം നീങ്ങി നിന്റെ പാപത്തിന് പരിഹാരം വന്നിരിക്കുന്നു' എന്നറിയിച്ച സംഭവം യേശുക്രിസ്തുവിന്റെ കുർബ്ബാനയുടെ സൂചനയായിരുന്നു. ആ സന്ദർഭത്തെ അനുസ്മരിച്ചുള്ള ഗീതമാണ് വി. കുർബ്ബാനയിലെ സ്രാപ്പികളെ കണ്ടേശയാ... എന്നത് (യെശയ്യാ: 6–6:8).

ബാൽ എന്ന ദേവന്റെ പുരോഹിതന്മാരെ വെല്ലുവിളിച്ചുകൊണ്ട് ഏലിയാ ദീർഘദർശി യാഗം അണയ്ക്കുകയും അവന്റെ യാഗത്തിൽ പ്രകൃത്യാതീതമായി സ്വർഗ്ഗത്തിൽ നിന്ന് അഗ്നി ഇറങ്ങി യാഗത്തെ ദഹിപ്പിക്കുകയും ചെയ്തത് വി. കുർബ്ബാനയുടെ മുന്നോടി ആയിരുന്നു. ഏലിയാ ദീർഘദർശിയുടെ സ്വർഗ്ഗത്തിലേക്ക് നോക്കിയുള്ള വിളിയെ അനുസ്മരിപ്പിക്കുന്നതാണ് 'കർത്താവേ എന്നോട് ഉത്തരമരുളിച്ചെയ്യേണമേ' എന്ന് മൂന്നു പ്രാവശ്യം വി. കുർബ്ബാനയിൽ പട്ടക്കാരൻ നടത്തുന്ന പ്രാർത്ഥന (1 രാജാ. 18:37–38). ദാവീദ് രാജാവ് രക്ഷയുടെ പാനപാത്രം എടുത്ത് 'ഞാൻ യഹോവയെ സ്തുതിക്കുമെന്ന്' പറഞ്ഞതും, ഈ ബലിയുടെ മുൻകുറി ആയിരുന്നു. അങ്ങിനെ കർത്താവിന്റെ മനുഷ്യാവതാരം വരെ പൂർവ്വിക പിതാക്കന്മാർ ഈ ബലിയെ വിവിധ സൂചനകളിൽ കൂടി ദർശിച്ചുകൊണ്ടിരുന്നു.

യഹൂദ സമൂഹത്തിലെ രൂപംകൊണ്ടിരുന്ന രക്തബലിയുടെ രണ്ടാം ഘട്ടമായ ചാമ്പൽ സ്ഥലത്തെ പിണ്ഡദഹനവും മേദസ്സു കൊണ്ടുള്ള ശുശ്രൂഷയും യേശുക്രിസ്തുവിന്റെ ബലിയിൽ മനുഷ്യാവതാരം മുതൽ സ്വർഗ്ഗാരോഹണം വരെയുള്ള കാലയളവിനെ കുറിക്കുന്നു. യഹൂദ പുരോഹിതന്റെ സാന്നിദ്ധ്യത്തിൽ, അറുക്കപ്പെട്ട ബലിമൃഗത്തിന്റെ മേദസ്സും, ജഡവും തമ്മിൽ വേർതിരിച്ചതു പോലെ, യേശുക്രിസ്തുവും ഏദൻതോട്ടത്തിൽ വെച്ച് അറുക്കപ്പെട്ട തന്റെ ബലിയുടെ മേദസ്സും മർത്യജഡവും തമ്മിൽ തന്റെ ഒടുവിലത്തെ അത്താഴത്തിൽ വെച്ച് വിഭജിച്ചു. മേദസ്സു കൊണ്ടുള്ള ശുശ്രൂഷ അവിടെ വെച്ച് ആരംഭിക്കുകയും, പിണ്ഡം ദഹിപ്പിക്കുന്നതിന് മനുഷ്യവർഗ്ഗത്തെ ഏൽപ്പിക്കുകയും ചെയ്തു. തന്റെ മേദസ്സു കൊണ്ടുള്ള ശുശ്രൂഷയാണ് പെസഹാ യാഗം. യാഗ കർമ്മങ്ങളിൽ അറുക്കപ്പെട്ട ബലിയുടെ പിണ്ഡം ദഹിപ്പിക്കുന്നതിന് മുൻപു അതിന്റെ മേദസ്സ് യാഗപീഠത്തിൽ ഹോമിക്കാൻ തുടങ്ങിയതു പോലെ, യേശുക്രിസ്തുവും തന്റെ മർത്യജഡം ദഹിപ്പിക്കുന്നതിന് മുൻപ് അറുക്കപ്പെട്ട തന്റെ ബലിയുടെ മേദസ്സു കൊണ്ടുള്ള അന്തിമ അത്താഴത്തിൽ വെച്ച് താൻ തന്നെ തുടങ്ങി. അറുക്കപ്പെട്ട തന്റെ യാഗത്തെ സെഹിയോൻ മാളികയിൽ വെച്ച് രണ്ടായി വിഭജിച്ചു.

കന്യകയിൽ നിന്നെടുത്ത തന്റെ മർത്യ ജഡമാകുന്ന പിണ്ഡം



ചാമ്പൽസ്ഥലത്തെ ദഹനത്തിനായി മാറ്റിവെച്ചു. തന്റെ ബലിയുടെ മേദസ്സാകുന്ന ശരീരത്തെ അപ്പവീഞ്ഞുകളിൽ കൂടി പകർന്ന് 'ഇതെന്റെ ശരീരമെന്നും, ഇതെന്റെ രക്തമെന്നും, എല്ലാവരും ഇതിൽ നിന്ന് കുടിപ്പിൻ, എന്തെന്നാൽ പാപമോചനത്തിനായി ചൊരിഞ്ഞ എന്റെ രക്തത്തിലെ പുതിയ നിയമമാകുന്നു എന്ന് അരുളിച്ചെയ്തു. 'എന്റെ ഓർമ്മയ്ക്കായി ഇപ്രകാരം നിങ്ങൾ ചെയ്വീൻ' എന്ന് തന്റെ പുനരാഗമനം വരെ അതു തുടരാൻ ശിഷ്യന്മാരെ ഭരമേല്പിച്ചു. യഹൂദ പുരോഹിതൻ, അറുക്കപ്പെട്ട ബലിയുടെ മേദസ്സ് മാറ്റി വച്ചിട്ട് പിണ്ഡം ചാമ്പൽ സ്ഥലത്ത് കൊണ്ടുപോയി ദഹിപ്പിക്കാൻ യിസ്രായേൽ ജനതയെ ഭരമേല്പിച്ചതുപോലെ, യേശുക്രിസ്തുവും അറുക്കപ്പെട്ട തന്റെ ബലിയുടെ മേദസ്സ് എടുത്തിട്ട് 'കന്യകയിൽ നിന്നെടുത്ത തന്റെ മർത്യ ശരീരം പാളയത്തിന് വെളിയിൽ, അതായത്, ഊർശ്ലേമിന് വെളിയിൽ ചാമ്പൽ സ്ഥലമായ – രാഷ്ട്രീയ വധക്കളമായ ഗോഗുൽത്തായിൽ വെച്ചു നശിപ്പിക്കുന്നതിന് ഏൽപ്പിച്ചുകൊടുത്തു. യഹൂദന്മാരുടെ ക്രോധാഗ്നിയിൽ അതു വെന്തെരിഞ്ഞു. ആകയാൽ ഗോഗുൽത്തായിലെ ക്രൂശുമരണം ക്രിസ്തുവിന്റെ ബലിയുടെ പാളയത്തിന് വെളിയിൽ വെച്ചുള്ള ഉടൽ ദഹനം മാത്രമാണ് (എബ്രായർ 13:11–13). അതുപോലെ, കുർബ്ബാന സെഹിയോൻ മാളികയിൽ വെച്ച് തന്റെ അറുക്കപ്പെട്ട ബലിയുടെ മേദസ്സാകുന്ന പരമാത്മ ശരീരത്തെ അപ്പവീഞ്ഞുകളിൽ ആക്കിക്കൊണ്ട് നടത്തിയ മേദസ്സു കൊണ്ടുള്ള ശുശ്രൂഷ മാത്രമാകുന്നു.

## യഹൂദസഭയും ക്രിസ്തുസഭയും

യഹൂദ സഭയും ക്രിസ്തുസഭയും തമ്മിൽ വളരെയധികം ബന്ധമുണ്ട്. കാരണം യിശ്ശായുടെ കുറ്റിയിൽ നിന്ന്, ഒരു ചുള്ളിക്കോൽ പുറപ്പെടും. അവന്റെ വേരുകളിൽ നിന്ന് ഒരു കൊമ്പു മുളച്ചു വരികയും ചെയ്യും എന്നുള്ള ദീർഘദർശനമനുസരിച്ച് യിശ്ശായിയുടെ ചുവടും മൂലവുമായ യഹൂദസഭയിൽ നിന്ന് മൊട്ടിട്ടു വന്ന ഒരു തളിരാണ് ക്രിസ്തു സഭ. ക്രിസ്തുസഭയുടെ മൂലാധാരം മുറിക്കപ്പെട്ട യഹൂദ സഭയാണ്. യഹൂദന്മാരുടെ ദേവാലയങ്ങളും ആരാധനക്രമങ്ങളും നമ്മുടെ ഇടയിൽ കടന്നുകൂടി. നമ്മുടെ ദേവാലയങ്ങൾക്ക് യഹൂദ ദേവാലയങ്ങളോടു സാദൃശ്യമുണ്ടായി. യഹൂദ സഭയിൽ ഉപയോഗിക്കുന്ന ഉപകരണങ്ങൾ, ആരാധനാക്രമങ്ങൾ എന്നിവയ്ക്ക് എല്ലാം ക്രിസ്തുസഭയോടും, പള്ളികളോടും, ആരാധനാ ക്രമങ്ങളോടും വളരെ സാമ്യമുണ്ട്.

യഹൂദ പുരോഹിതന്റെ കുർബ്ബാന (ബലി) യിൽ യാഗക്രിയകൾ അവസാനിക്കുമ്പോൾ അവൻ പുറത്തുവന്ന് തനിക്കായി കാത്തുനിൽക്കുന്ന വഴിപാടുകാരനെ അനുഗ്രഹിച്ച് ബലി അവസാനിപ്പിക്കുന്നതു പോലെ. യേശുക്രിസ്തുവിന്റെ കുർബ്ബാനയിലും (യാഗ) തന്റെ രക്തം തളിപ്പ് ശുശ്രൂഷ പര്യവസാനിക്കുമ്പോൾ താൻ കൃപാസനമാകുന്ന പിതൃസന്നിധിയിൽ നിന്ന് പാപ

പരിഹാരവും വഹിച്ചുകൊണ്ട് തനിക്കായി കാത്തു നിൽക്കുന്ന വിശ്വാസി കളായ ജനതയുടെ രക്ഷയ്ക്കായി വീണ്ടും വരുമെന്ന് വിശ്വസിക്കുന്നു. അതാണ് യേശുക്രിസ്തുവിന്റെ പരമയാഗത്തിന്റെ (കുർബ്ബാനയുടെ) അന്ത്യം. അത് ലോകാവസാനത്തിലാണ്.

യഹൂദ പുരോഹിതൻ പ്രാകാരം, ശുദ്ധസ്ഥലം, അതിവിശുദ്ധ സ്ഥലം എന്നീ മൂന്ന് മേഖലകളിൽ പ്രവേശിച്ച് യാഗരക്തം തളിച്ച് പാപപരിഹാര യജ്ഞം നിറവേറ്റിയതു പോലെ യേശുക്രിസ്തുവും പാതാളം, ഭൂമി, സ്വർഗ്ഗം എന്നീ മൂന്ന് മേഖലകളിൽ പ്രവേശിച്ച് തന്റെ യാഗരക്തം പ്രദർശിപ്പിച്ച് പരമയാഗം നിറവേറ്റി കബറിൽ അടക്കപ്പെട്ടു (1 പത്രോസ് 3:18–21). ക്രിസ്തു തന്റെ യാഗരക്തം സ്വശരീരത്തിൽ പഞ്ച മുറിവുകളിൽ സംഭരിച്ചുകൊണ്ട് ഭൂതകാല ജനതയ്ക്കുവേണ്ടി പാപപരിഹാരം ചെയ്യുവാൻ പാതാളത്തി ലേയ്ക്ക് ഇറങ്ങി. തന്റെ പരമയാഗത്തിന്റെ നിഴൽ, ആദാം മുതലുള്ള പരേ തർക്ക് തന്റെ യാഗരക്തം കാണിച്ചുകൊടുത്ത് അവരുടെ അറിവ് സമ്പൂർണ്ണവും യാഥാർത്ഥ്യവുമാക്കി. അനന്തരം വർത്തമാന ജന തയ്ക്കുവേണ്ടി പരിഹാരം ചെയ്യുവാൻ കബറിന്റെ മുദ്രയ്ക്ക് കോട്ടംവരാതെ, താൻ ഉയിർത്തെഴുന്നേറ്റു. തന്റെ യാഗരക്തം സംശയാ ലുവായ തോമസ് അപ്പോസ്തോലനും കാണിച്ചു കൊടുത്തു. താൻ ജീവി ച്ചിരിക്കുന്നു എന്നതിന് അടയാളമായി നാൽപ്പതു ദിവസം ഭൂമിയിൽ സഞ്ച രിച്ചു. അനന്തരം ഭാവികാല ജനതകൾ ഉൾപ്പെടെ എല്ലാവർക്കും വേണ്ടി പാപപരിഹാരം ചെയ്യുവാനായി യാഗരക്തവുമായി സ്വർഗ്ഗത്തിലേക്ക് കയറി. തന്റെ യാഗരക്തം പിതൃസന്നിധിയിൽ കാഴ്ചവെച്ചുകൊണ്ട് അവിടെ 'തളി പ്പിൻ' ശുശ്രൂഷ നടത്തിക്കൊണ്ടിരിക്കുന്നു.

വി. കുർബ്ബാനയിൽ പ്രധാനമായി ഉപയോഗിക്കുന്ന ഏതാനും ബാഹ്യ വസ്തുക്കളും അവയുടെ ആവശ്യവും ചുവടെ ചേർക്കുന്നു.

**1. തക്സാ.** വി. കുർബാന നമ്മുടെ കർത്താവ് സെഹിയോൻ മാളിക യിൽ വച്ചു സ്ഥാപിച്ചു. താൻ വരുവോളം നിങ്ങളും ഇപ്രകാരം ചെയ്യുവിൻ എന്നു തന്റെ അപ്പോസ്തോലന്മാരെ ചുമതലപ്പെടുത്തി. അതനുസരിച്ച് നാം ഇന്നു കാണുന്ന രീതിയിലുള്ള ആരാധന (കുർബാന) അർപ്പിക്കുന്നു. ആദ്യ മായി വി. കുർബാന അർപ്പിച്ചത് നമ്മുടെ കർത്താവിന്റെ സഹോദരനായ യാക്കോബായിരുന്നു. അദ്ദേഹം രചിച്ച കുർബാനക്രമം (തക്സാ) ഉപയോ ഗിച്ചാണ് ആദ്യമായി കുർബാന ചൊല്ലിയത്. പെന്തിക്കൊസ്തിക്കു ശേഷ മുള്ള ആദ്യത്തെ ബുധനാഴ്ചയാണ് വി. യാക്കോബ് വി. കുർബാന ചൊല്ലി യതെന്നു പറയപ്പെടുന്നു. അദ്ദേഹം രചിച്ച കുർബാന ക്രമത്തിന് യാക്കോ ബിന്റെ തക്സാ എന്നു പറയുന്നു. പല തക്സാകൾ ഉണ്ടെങ്കിലും എല്ലാ തക്സാകളും യാക്കോബിന്റെ തക്സായുടെ അടിസ്ഥാനത്തിൽ എഴുതിയി ട്ടുള്ളതാണ്. കൂടാതെ യാക്കോബ് നമ്മുടെ കർത്താവിന്റെ സഹോദര



നാകയാലും കർത്താവിന്റെ വായിൽ നിന്നു കേട്ട് രചിച്ച തക്സാ ആയതി നാലും യാക്കോബിന്റെ തക്സായ്ക്ക് വളരെ പ്രാധാന്യം ഉണ്ട്. ഏകദേശം 100 ൽ പരം തക്സകൾ സഭയുടെ പാരമ്പര്യത്തിൽ ഉണ്ടെങ്കിലും പ്രധാന മായി 12 തക്സ ഉപയോഗിക്കുന്നു. പുത്തൻ കുർബ്ബാനയ്ക്കും പള്ളി കൂദാ ശയ്ക്കും മറ്റും യാക്കോബിന്റെ തക്സാ നിർബ്ബന്ധമായും ഉപയോഗിക്കണം. സന്ദർഭം പോലെ മറ്റു തക്സാകളും മാറി മാറി ഉപയോഗിക്കാം.

### മദ്ബഹാ

ഇതു വിശുദ്ധ ദേവാലയത്തിന്റെ ഒരു ഭാഗമാണ്. നിഴലായ യഹൂദ സഭ യിൽ ബലിയുടെ മേദസ്സ് ഹോമിക്കപ്പെടുകയും, ബലി അർപ്പിക്കപ്പെടുകയും ചെയ്യുന്ന സ്ഥലത്തിന് 'മദ്ബഹ' എന്ന് പറയുന്നു. ഇതുപോലെ ക്രിസ്തു സഭയിലും, യേശുക്രിസ്തുവാകുന്ന ആട്ടിൻകുട്ടിയുടെ മേദസ്സിനെ പ്രതിനി ധാനം ചെയ്യുന്ന അപ്പവീഞ്ഞുകൾ അർപ്പണം ചെയ്യുകയും ഹോമിക്കപ്പെടു കയും ചെയ്യുന്ന സ്ഥലത്തിനു മദ്ബഹാ എന്നു പറയുന്നു. മദ്ബഹാ എന്ന വാക്കിന്റെ അർത്ഥം ബലിപീഠം എന്നാണ്. ത്രോണോസ്സിനും ബലിപീഠ മെന്നു പറയാം. യേശു ക്രിസ്തു പിതാവിനോടും പരിശുദ്ധ റൂഹായോടും കൂടി ത്രോണോസ്സിൽ വാണരുളുന്നതിനാൽ ഇതു 'മഹാ വിശുദ്ധ സ്ഥല'മാണ്.

### കുരിശ്

ത്രോണോസിലെ മരക്കുരിശ്, അഹറോന്റെ തളിർത്ത വടിയെ കുറി ക്കുന്നു. ഇത് നിരവധി ഭൂതകാല സംഭവങ്ങൾ നമ്മുടെ ഓർമ്മയിൽ കൊണ്ടു വരുന്നു. ക്രൂശിനെ ത്യാഗത്തിന്റെ പ്രതീകമായി പൗലോസ് ശ്ലീഹാ കണ്ടു. ക്രൂശ് ശുഭചിഹ്നം ആണ്. വിജയക്കൊടി ആണ്. രക്ഷകന്റെ കാൽവറിയിലെ യാഗത്തിലെ യാഗപീഠമാണ്. പഴയനിയമ കാലത്ത് ക്രൂശ് നിന്ദ്യമായിരുന്നു. കർത്താവിന്റെ ക്രൂശുമരണത്തോടുകൂടി സ്ലീബാ വന്ദ്യമായിത്തീർന്നു. അതു കൊണ്ടത്രെ പൗലോസ് ശ്ലീഹാ പറയുന്നത്: ക്രിസ്തുവിന്റെ ക്രൂശിലല്ലാതെ മറ്റൊന്നിലും തനിക്കു പ്രശംസിപ്പാനില്ലെന്ന്. നാം കുരിശു കാണുമ്പോൾ കർത്താവിനെയും തന്റെ കുരിശുമരണത്തെയും ഓർക്കുന്നു. ക്രിസ്തു സ്വയം ബലിയായി തീർന്നപ്പോൾ തന്റെ ബലിപീഠം ക്രൂശായിരുന്നു. യേശുവിന്റെ ക്രൂശുമരണം നമ്മുടെ പാപത്തിന്റെ വീണ്ടെടുപ്പിനെ സൂചിപ്പിക്കുന്നുവെന്ന് കുരിശു നമ്മെ അനുസ്മരിപ്പിക്കുന്നു.

### ത്രിവർണ്ണ വിരിക്കൂട്ടം

ചുവന്ന വലിയ വിരിയുടെ ഉള്ളിൽ അല്പം ചെറുതായ പച്ചവിരിയും, അതിന്റെ ഉള്ളിൽ വെള്ള വിരിയും ഇട്ട് കാസാ, പീലാസ എന്നിവ വെള്ള വിരിയിൽ വെയ്ക്കുന്നു. തബ്ലൈത്ത പലക ഇവയുടെ വെളിയിലായി വെച്ചി

രിക്കും.

ത്രിവർണ്ണ വിരിക്കൂട്ടിലെ കളറുകൾ വിവിധ അർത്ഥങ്ങൾ ഉൾക്കൊള്ളുന്നു. ചുമപ്പ് – പ്രപഞ്ചം, സർവ്വസൃഷ്ടിയും, ആകാശഗോളങ്ങളും.

പച്ച – സസ്യാദികൾ അടങ്ങിയ ഭൂമി.

വെള്ള – കുഞ്ഞാടിന്റെ രക്തത്തിൽ അങ്കി വെളുപ്പിച്ച സഭ.

കർത്താവ് തിരുശരീര രക്തങ്ങൾ സഭയ്ക്കു നൽകിയതിനാൽ അപ്പവീഞ്ഞുകൾ ഉള്ള കാസാ, പീലാസ എന്നിവ വെള്ളവിരിയിൽ വെയ്ക്കുന്നു.

### തബ്ലൈത്ത

ത്രിവർണ്ണ വിരിക്കൂട്ടിന്റെ അടിയിൽ ഇട്ടിരിക്കുന്ന ഒരു പലക. ഇത് മേൽപട്ടക്കാരൻ വിശുദ്ധ മൂറോൻ കൊണ്ട് കൂദാശ ചെയ്ത പലകയാണ്. സഭയുടെ അടിസ്ഥാനമായ യേശു ക്രിസ്തുവിനെ കുറിക്കുന്നു. യേശുക്രിസ്തു തന്നെ മൂലക്കല്ലായിരിക്കുന്നു. തബ്ലൈത്ത പലകയില്ലാതെ വി. കുർബാന ചൊല്ലാൻ പാടില്ല. പള്ളിയില്ലാത്ത സ്ഥലങ്ങളിൽ തബ്ലൈത്താ പലക .. വച്ച് താൽക്കാലിക ബലിപീഠം ക്രമീകരിച്ച് വി. കുർബ്ബാന അർപ്പിക്കുവാൻ സാധിക്കും.

### അപ്പവും വീഞ്ഞും

പലസ്തീൻ നാട്ടിൽ സാധാരണയായി ഉണ്ടായിരുന്ന രണ്ടു വസ്തുക്കളാണ് അപ്പവും വീഞ്ഞും. നമ്മുടെ കർത്താവ് വാഴ്ത്തിക്കൊടുത്ത അപ്പം പുളിപ്പുള്ളതായിരുന്നു എന്നതിന് പല തെളിവുകൾ ഉണ്ട്. കുർബാന അപ്പവും പുളിപ്പുള്ളതാണ്. ഗോതമ്പു കൊണ്ടാണ് അപ്പം ഉണ്ടാക്കുന്നത്. തലേ പ്രാവശ്യം ഉപയോഗിച്ച അപ്പത്തിൽ നിന്നു അല്പം എടുത്ത് ഗോതമ്പു മാവിൽ ചേർത്ത് തലേ ദിവസം കുഴച്ചുവെച്ച് പുളിപ്പിക്കുന്നു. പിന്നീട് ഒരച്ചിന്മേൽ വെച്ച് അടിച്ചു കാച്ചി എടുത്ത വൃത്താകാരമായ അപ്പം പീലാസായിൽ വെക്കുന്നു. സെഹിയോൻ മാളികയിൽ വെച്ച് കർത്താവു കൊടുത്ത അപ്പത്തിന്റെ തുടർച്ച അങ്ങനെ ഇതിൽ നിലനിൽക്കുന്നു.

അപ്പവീഞ്ഞുകൾ വാഴ്ത്തിക്കഴിയുമ്പോൾ നമ്മുടെ കർത്താവിന്റെ പ്രത്യേക സാന്നിദ്ധ്യം ഉള്ളതിനാൽ അപ്പവീഞ്ഞുകൾക്ക് പ്രത്യേക പ്രാധാന്യം ഉണ്ട്. വീഞ്ഞ് മുന്തിരിയുടെ ചാറാണ്. മുന്തിരിച്ചാറിൽ അത്രയും വെള്ളം കൂടിച്ചേർത്താണ് കാസായിൽ വയ്ക്കുന്നത്. കർത്താവിന്റെ ചങ്കിൽ നിന്നു രക്തവും വെള്ളവും ഒഴുകിയതിനാലാണ് മുന്തിരിച്ചാറിൽ വെള്ളം ചേർക്കുന്നതെന്നും മുന്തിരിച്ചാറ് കർത്താവിന്റെ ദൈവത്വത്തെയും വെള്ളം മനുഷ്യത്വത്തെയും സൂചിപ്പിക്കുന്നു എന്നും വ്യാഖ്യാനമുണ്ട്. മുന്തിരിച്ചാറ് നമ്മുടെ കർത്താവിനെയും വെള്ളം വിശ്വാസികളെയും കുറിക്കുന്നതായി



പിതാക്കന്മാർ പഠിപ്പിക്കുന്നു.

### മെഴുകുതിരി

പ്രകാശം ദൈവസാന്നിദ്ധ്യത്തെ കുറിക്കുന്നു. പഴയനിയമ കാലത്ത് ഏഴ് തിരിയുള്ള പൊൻ വിളക്കുകൾ വേണമെന്ന് യഹോവയായ ദൈവം കല്പിച്ചിട്ടുണ്ട്. എല്ലാ സമയവും സൽപ്രവൃത്തികൾ ചെയ്ത് മറ്റുള്ളവർക്ക് പ്രകാശം നൽകണം എന്ന് മെഴുകുതിരി സൂചിപ്പിക്കുന്നു. മെഴുകുതിരി പ്രകാശം നൽകി എരിഞ്ഞുതീരുന്നപോലെ നാം മറ്റുള്ളവർക്ക് പ്രകാശം നൽകി സ്വയം എരിഞ്ഞുതീരണം.

### ശോശപ്പ

കാസായും പീലാസായും ഒന്നിച്ചു മൂടുന്ന വെള്ളത്തുണി. കൃപാസനത്തിലെ ദൈവതേജസ്സിന്റെ (ഷെക്കീന) സൂചന. യിസ്രായേലിന്റെ 12 ഗോത്രങ്ങൾക്ക് വെള്ളം പുറപ്പെടുവിച്ച തീക്കൽപാറ. രക്ഷകന്റെ കബറിങ്കൽ വെച്ച തീക്കൽ പാറയോടും ഇതിനെ ഉപമിച്ചിരിക്കുന്നു. ശോശാപ്പ കൊണ്ടു മൂടുമ്പോൾ 'മഹത്വമുള്ളവന്റെ മഹത്വം കൊണ്ടു ആകാശം മൂടപ്പെട്ടിരിക്കുന്നു, തന്റെ മഹത്വം കൊണ്ട് സൃഷ്ടി മുഴുവൻ നിറയപ്പെട്ടിരിക്കുന്നു' എന്നുള്ള പ്രാർത്ഥന പട്ടക്കാരൻ ചൊല്ലുന്നു. പഴയനിയമ കാലത്ത് കൃപാസനത്തിനു മുകളിലുണ്ടായിരുന്ന ദൈവതേജസ്സിനെ ശോശപ്പാ സൂചിപ്പിക്കുന്നു.

### ഏവൻഗേലിയോൻ മേശ

പഴയനിയമ കാലത്ത് നിയമത്തിന്റെ കല്പലകകൾ പെട്ടകത്തിൽ സൂക്ഷിച്ചിരുന്നതിനെ ഇതു കുറിക്കുന്നു.

### ധൂപക്കുറ്റി

നമ്മുടെ കർത്താവിന്റെ തിരുബലിയുമായി അഭേദ്യബന്ധമുള്ള ഒരു അടയാളമത്രെ ധൂപക്കുറ്റി. താഴത്തെ തട്ട് ഭൂമിയായും മുകളിലത്തെ തട്ട് സ്വർഗ്ഗമായും സങ്കല്പിച്ചിരിക്കുന്നു. നാലു ചങ്ങലയാണ് ഇതിനുള്ളത്. ഒന്നാമത്തെ ചങ്ങല പിതാവാം ദൈവത്തേയും, രണ്ടും മൂന്നും പുത്രൻ തമ്പുരാനേയും (ദൈവവും മനുഷ്യനും), നാലാമത്തേത് പരിശുദ്ധ റൂഹായേയും ഉദ്ദേശിച്ചിരിക്കുന്നു. 12 മണികൾ അപ്പോസ്തോലന്മാരേയും 72 കണ്ണികൾ അറിയിപ്പുകാരേയും ഉദ്ദേശിക്കുന്നു. പഴയനിയമ കാലത്ത് സുഗന്ധ ധൂപാർപ്പണം മൂലം ബലി ദൈവത്തിങ്കലേക്ക് ഉയർത്തുന്ന ഒരു വാഹനമായി കരുതിയിരുന്നു. വിശുദ്ധ കുർബ്ബാന അങ്ങനെ ഒരു സ്വർഗ്ഗീയ ആരാധനയായിത്തീരുന്നു.

**മറുവഹസ, മണി**

ഇത് ഇരുവശങ്ങളിലും പിടിച്ച് ഉയർത്തി കുലുക്കുന്നത് മാലാഖമാർ ചിറകടിച്ചു നിൽക്കുന്നതിനെ സൂചിപ്പിക്കുന്നു. കൈമണി കിലുക്കുന്നത്, ആരാധനയിലെ പ്രധാന സന്ദർഭങ്ങളെ കുറിക്കുന്നു.

യാമപ്രാർത്ഥനകൾ ജനങ്ങളെ ഓർമ്മിപ്പിക്കുന്നതിനും വിശുദ്ധ കുർബ്ബാനയുടെ ആരാധനാസമയം അറിയിക്കുന്നതിനും കുർബ്ബാനയിൽ അതിപ്രധാനമായ ഭാഗങ്ങളിലും വലിയ മണി അടിക്കുന്നു.

**മറ**

സ്വർഗ്ഗത്തെ മറയ്ക്കുന്ന ആകാശമായി സങ്കല്പിച്ചിരിക്കുന്നു. നമ്മുടെ കർത്താവിന്റെ കഷ്ടാനുഭവ സമയം യരുശലേം ദേവാലയത്തിന്റെ മറ രണ്ടായി ചീന്തിപ്പോയതായി കാണുന്നു (മർ. 15:38). വിശുദ്ധ കുർബ്ബാന സമയം മറ ഇടുന്നതിനും നീക്കുന്നതിനും പ്രത്യേക അർത്ഥം ഉണ്ട്.

**വിശുദ്ധ കുർബ്ബാനയിൽ, സംബന്ധിക്കുന്നവരുടെ പങ്ക്**

**പട്ടക്കാരൻ**

മേൽപ്പട്ടക്കാരനിൽ നിന്നു കൈവെപ്പ് ലഭിച്ച ആളാണ് പട്ടക്കാരൻ. ദൈവത്തിന്റെയും ജനത്തിന്റെയും പ്രതിനിധി. പട്ടക്കാരന്റെ അധികാരം ജനത്തിൽ നിന്നു കിട്ടിയതല്ല. സ്വന്തമായി ഒന്നും ചെയ്യുവാൻ സാധിക്കുകയില്ല എന്ന പ്രമാണം ആസ്പദമാക്കി ദൈവത്തിൽ നിന്നു അധികാരം കിട്ടിയതിന്റെ അടയാളമായ അംശവസ്ത്രങ്ങൾ ധരിച്ചുകൊണ്ട് കൂദാശ അനുഷ്ഠിക്കുന്നു. പട്ടക്കാരന്റെ വെള്ളക്കുപ്പായം ജീവിത വിശുദ്ധിയെ കുറിക്കുന്നു. ഇത് കുരിശാകൃതിയിലാണ്.

**കറുത്ത കുപ്പായം**

മനുഷ്യനാകയാൽ ബലഹീനതയുള്ളവനാണെന്നും പാപിയാണെന്നും സൂചിപ്പിക്കുന്നു. എന്നാൽ അതിനു മുകളിലിടുന്ന ശുശ്രൂഷക്കുപ്പായം തനിക്ക് പശ്ചാത്താപം മൂലം പാപത്തിൽ നിന്നു വിശുദ്ധി കിട്ടിയതിനേയും സൂചിപ്പിക്കുന്നു.

**കാപ്പ**

രക്തസാക്ഷിയായി ക്രിസ്തുവിനു വേണ്ടി മരിക്കുവാൻ തയ്യാറാണെന്നതിന്റെ സൂചനയാണ്. കൈഉറ, ഊറാറ, ഇടക്കെട്ട്, ചെരുപ്പ് ഇതെല്ലാം സാത്താനുമായുള്ള പോരാട്ടത്തിൽ ഒരു പടയാളിയെപ്പോലെ ആത്മധൈര്യത്തോടെ പൊരുതുവാൻ തന്നെ അനുസ്മരിപ്പിക്കുന്നു. പട്ടക്കാരന് കൈവെപ്പ് മൂലം ആത്മികാധികാരം ആണ് ലഭിക്കുന്നത്. 'നീ ഭൂമിയിൽ കെട്ടപ്പെട്ടിരിക്കുന്നത്



സ്വർഗ്ഗത്തിലും കെട്ടപ്പെട്ടിരിക്കുന്നു. നീ ഭൂമിയിൽ അഴിക്കുന്നതെല്ലാം സ്വർഗ്ഗത്തിലും അഴിയപ്പെട്ടിരിയ്ക്കും' എന്നുള്ള കർത്താവിന്റെ വാഗ്ദാനത്തിൽ അടങ്ങിയിരിക്കുന്നു. പട്ടക്കാരന്റെ അധികാരം എത്ര വലുതാണ്. പട്ടക്കാരൻ ചെയ്യുന്ന ഈ പ്രവർത്തനത്തിന് സ്വർഗ്ഗത്തിൽ നിന്ന് നേരിട്ട് അംഗീകാരം ലഭിച്ചിരിക്കുകയാണ്. പാപമോചനത്തിനുള്ള സമ്പൂർണ്ണ അധികാരം പട്ടക്കാരനിൽ നിഷിപ്തമായിരിക്കുന്നു. കർത്താവായ യേശുമിശിഹായുടെ തിരുശരീര രക്തങ്ങൾ എടുക്കുകയും മുറിക്കുകയും കൊടുക്കുകയും ചെയ്യുന്ന കൈകൾ ആയതിനാലാണ് നാം പട്ടക്കാരുടെയും മേൽപട്ടക്കാരുടെയും കൈകൾ മുത്തി വണങ്ങുന്നത്.

**ശുശ്രൂഷകൻ**

മേൽപ്പട്ടക്കാരനിൽ നിന്നും കൈവെപ്പ് ലഭിച്ച ശെമ്മാശ്ശനും കൈവെപ്പു ലഭിച്ച അവൈദികർക്കും ശുശ്രൂഷകരായി വി. മദ്ബഹായിൽ നിൽക്കാം.

**ജനങ്ങൾ**

വിശുദ്ധ മാമോദിസായിലൂടെ മൂറോൻ അഭിഷേകം ലഭിച്ച വിശ്വാസികളുടെ സമൂഹമാണ് ജനങ്ങൾ. ജനങ്ങൾക്ക് പ്രത്യക്ഷമായോ പരോക്ഷമായോ പങ്കില്ലാത്ത ഒന്നും വിശുദ്ധ കുർബ്ബാനയിൽ ഇല്ല. പട്ടക്കാരന്റെ പ്രാർത്ഥനകൾ ജനങ്ങൾ സ്വന്ത പ്രാർത്ഥനയായി അംഗീകരിച്ച് ആമ്മീൻ പറയുന്നു. പട്ടക്കാരൻ ചൊല്ലുന്നത് ജനം പ്രതിവാക്യം ചൊല്ലിയും ആമ്മീൻ പറഞ്ഞും അവസാനിപ്പിക്കുമ്പോഴത്രെ കുർബ്ബാന പൂർത്തീകരിക്കുന്നത്.

## വിശുദ്ധ കുർബ്ബാന പരസ്യമായി ആരംഭിക്കുന്നതിന് മുമ്പുള്ള ഭാഗം.

വിശുദ്ധ കുർബ്ബാന പരസ്യമായി ആരംഭിക്കുന്നതിനു മുമ്പ് മറ ഇടുന്നത് ന്യായപ്രമാണ യവനികയെ സൂചിപ്പിക്കുന്നു. പഴയനിയമ വായനകൾ, ഗീതങ്ങൾ മുതലായവ ന്യായപ്രമാണ കാലത്തെയും അന്നുണ്ടായിരുന്ന യാഗത്തേയും സൂചിപ്പിക്കുന്നു. പഴയനിയമ കാലത്ത് മഹാപുരോഹിതൻ തിരശ്ശീലയ്ക്കകത്തു പോയി പ്രാർത്ഥിക്കുമ്പോൾ ജനം പുറമെ നിന്നുകൊണ്ട് പ്രാർത്ഥിക്കുകയും ധ്യാനിക്കുകയും ചെയ്തിരുന്നു. ഇങ്ങനെ ചെയ്യുമ്പോൾ പട്ടക്കാരൻ ഭക്ഷണം വെടിഞ്ഞ് യാമപ്രാർത്ഥനകൾ എല്ലാം തികച്ച് വ്രതം ഉള്ളവനായി അനുതാപ പ്രാർത്ഥനകൾ എല്ലാം ചൊല്ലിത്തികച്ച് മുടിയനായ പുത്രനെപ്പോലെ പാപ ദുഃഖത്തോടു കൂടി കറുത്ത കുപ്പായവും ധരിച്ച് പള്ളിയിൽ വന്ന് 51-ാം സങ്കീർത്തനം ചൊല്ലുന്നു.

മദ്ബഹായുടെ പടിയിൽ നിന്ന് മുടിയനായ പുത്രന്റെ "അപ്പാ ഞാൻ സ്വർഗ്ഗത്തോടും നിന്നോടും പാപം ചെയ്തു. ഇനിയും നിന്റെ പുത്രനെന്നു

വിളിപ്പാൻ ഞാൻ യോഗ്യനല്ല" എന്ന പ്രാർത്ഥനയെ ആസ്പദമാക്കി 'ദൈവമേ നിന്റെ ഭവനത്തിൽ ഞാൻ പ്രവേശിച്ചു നിന്റെ സിംഹാസനത്തിന്റെ മുമ്പാകെ ഞാൻ വന്ദിക്കുന്നു. സ്വർഗ്ഗസ്ഥനായ പിതാവേ നിനക്കു വിരോധമായി ചെയ്ത സകല പാപങ്ങളും എന്നോടു ക്ഷമിക്കേണമേ' എന്ന് ചൊല്ലിക്കൊണ്ട് മദ്ബഹായിൽ പ്രവേശിച്ച് ത്രോണോസിന്റെ കോണുകളെ മറ്റൊരു അനുതാപ പ്രാർത്ഥന ചൊല്ലി മുത്തുന്നു. പിതാവു മുടിയനായ പുത്രനെ ചുംബിച്ചതിനെ ഇതു സൂചിപ്പിക്കുന്നു. 'പിതാവ് പുത്രനെ ആലിംഗനം ചെയ്ത് വേഗം മേൽത്തരമായ അങ്കി കൊണ്ടുവന്ന് ഇവനെ ധരിപ്പിപ്പിൻ. ഈ എന്റെ മകൻ മരിച്ചവനായിരുന്നു, വീണ്ടും ജീവിച്ചു. കാണാതെ പോയി കണ്ടെത്തിയിരിക്കുന്നു.' ഇതിനെ ആസ്പദമാക്കി ത്രോണോസിന്റെ കോണുകളെ മുത്തിവരുന്ന പട്ടക്കാരനെ കൈകൾ കഴുകിച്ച് വിശേഷ വസ്ത്രങ്ങൾ അണിയിക്കുന്നു. ഈ വസ്ത്രങ്ങൾക്ക് അഹറോന്റെ പൗരോഹിത്യ വസ്ത്രങ്ങളോട് സാമ്യമുണ്ട്. വിശേഷ വസ്ത്രങ്ങൾ ധരിക്കുമ്പോൾ സമർപ്പണത്തോടൊപ്പം ആത്മീയ പോരാട്ടം ഉൾക്കൊള്ളുന്നതുമായ പ്രാർത്ഥനകളും ചൊല്ലുന്നു.

### ശുശ്രൂഷക്കുപ്പായം, ഊറാറ ധരിക്കുമ്പോൾ

ദൈവമായ കർത്താവേ, പരിശുദ്ധ റൂഹായുടെ ശക്തിയാൽ നാശമില്ലാത്ത അങ്കി എന്നെ ധരിപ്പിക്കേണമേ എന്ന് ശുശ്രൂഷക്കുപ്പായം ധരിക്കുമ്പോൾ പ്രാർത്ഥിക്കുന്നു.

യുദ്ധത്തിൽ ശക്തികൊണ്ട് എന്നെ അര കെട്ടിക്കുകയും എനിക്കു വിരോധമായി നിൽക്കുന്നവരെ എന്റെ കാൽക്കീഴിൽ മുട്ടുമടക്കിക്കുകയും ചെയ്യണമെ. സാത്താനുമായുള്ള പോരാട്ടത്തിൽ ഒരു പടയാളിയെപ്പോലെ ആത്മധൈര്യത്തോടെ പ്രവർത്തിക്കുവാൻ ദൈവത്തിന്റെ കൃപാദാനങ്ങളെ യാചിച്ചുകൊണ്ട് ഊറാറ ധരിക്കുമ്പോൾ പ്രാർത്ഥിക്കുന്നു.

### കൈയുറ, ചെരിപ്പ് ധരിക്കുമ്പോൾ

കർത്താവേ നീ എന്റെ കൈകളെ നീതിയുടെ ആയുധങ്ങളും വലത്തേതിനടുത്ത പ്രവൃത്തികൾക്കും ഒരുക്കമുള്ളതാക്കിത്തീർക്കണമെ എന്ന് പ്രാർത്ഥിക്കുന്നു. ചെരിപ്പ് ഇടുമ്പോൾ: ദൈവമായ കർത്താവേ സർപ്പങ്ങളേയും തേളുകളേയും ശത്രുവിന്റെ സകല സൈന്യങ്ങളെയും എന്നേക്കും ചവിട്ടുവാൻ തക്കവണ്ണം സമാധാനത്തിന്റെ ഒരുക്കം കൊണ്ട് എന്നെ ചെരുപ്പ് ഇടുവിക്കണമേ. ചെരിപ്പ് വലതു കാലിൽ ധരിക്കുമ്പോൾ ഇങ്ങനെ പ്രാർത്ഥിക്കുന്നു: ദൈവമായ കർത്താവേ നിന്റെ അറിവിന് എതിരായി ഉണ്ടാകുന്ന എല്ലാ ഉന്നതഭാവത്തേയും എന്റെ പാദപീഠത്തിൻ കീഴിൽ താഴ്ത്തേണമേ. അതിനുശേഷം പട്ടക്കാരൻ തന്റെ രക്തസാക്ഷിത്വത്തിന്റെ അടയാളമായ കാപ്പ ധരിക്കുന്നു. പിന്നീട് അപ്പവീഞ്ഞുകൾ സമർപ്പിച്ച് ബലിയെ സംബന്ധിച്ചുള്ള തൂയോബോ പ്രാർത്ഥനകൾ തുടങ്ങുന്നു. അപ്പം കൈയിൽ



എടുത്തുകൊണ്ട് കുഞ്ഞാടുപോലെ അവൻ കൊലക്കായി കൊണ്ടുപോകപ്പെട്ടു. രോമം കത്രിക്കുന്നവന്റെ മുമ്പിൽ പെണ്ണാടുപോലെ അവൻ മിണ്ടാതെ നിന്നു. അവന്റെ താഴ്മ കൊണ്ടവൻ വായ് തുറന്നില്ല എന്നും വെള്ളം കലർത്തിയ വീഞ്ഞ് കാസായിലൊഴിക്കുമ്പോൾ നമ്മുടെ കർത്താവിന്റെ ചങ്കിൽ നിന്നു രക്തവും വെള്ളവും ഒഴുകി എന്ന പ്രാർത്ഥനയും ചൊല്ലുന്നു. തുടർന്ന് 116 -ാം സങ്കീർത്തനവും 'എന്നോടുള്ള നന്മകൾക്കായി ഞാൻ എന്തുപകാരം ചെയ്യേണ്ടു' എന്ന ഭാഗവും ചൊല്ലുന്നു.

അനന്തരം ജനങ്ങളെ പ്രതിനിധാനം ചെയ്തുകൊണ്ട് "ബലിയിലല്ല കരുണയിൽ ഇഷ്ടപ്പെടുന്നവനും ദഹനബലികളേക്കാൾ അധികം നുറുങ്ങിയ ഹൃദയത്തെ സ്നേഹിക്കുന്നവനും തടിപ്പിച്ച കാളക്കുട്ടിയുടെയും ആട്ടിൻകുട്ടിയുടെയും രക്തത്തേക്കാളും സുഗന്ധബലിയേക്കാളും താഴ്മയുള്ള ആത്മാവിനെ കൈക്കൊള്ളുന്ന ദൈവമായ കർത്താവേ ആത്മീയമായ ഈ ഞങ്ങളുടെ ബലിയെ നിന്റെ വിശേഷ ജ്ഞാനമുള്ള ബലിപീഠത്തിന്മേൽ ഈ സമയത്തു നീ കൈക്കൊള്ളേണമേ. ബോധശക്തിയുള്ള ശുശ്രൂഷയിൽ തിരുമനസ്സിന് പ്രസാദകരമായിരിക്കുന്ന ജീവനുള്ളതും സ്വീകാര്യവുമായിരിക്കുന്ന ബലിയായി ഞങ്ങളെ പ്രതിഷ്ഠിക്കുവാൻ അടിയങ്ങളെ നീ യോഗ്യതയുള്ളവരാക്കിത്തീർക്കേണമേ.

പട്ടക്കാരൻ മുട്ടുകുത്തി തന്നെത്തന്നെ സമർപ്പിച്ചുകൊണ്ട് ഞാൻ മുഴുവൻ നിനക്കായി തീരുന്നതിനും ദൈവികമായ രഹസ്യങ്ങളുടെ നൽവരം നിന്നിൽ നിന്ന് ലഭിക്കുന്നതിനും ഞാൻ അയോഗ്യനെങ്കിലും ശത്രുവിന്റെ എല്ലാ വ്യാപാരങ്ങളിൽ നിന്നും എന്റെ ബുദ്ധിയേയും കാമപരമായി നോക്കാതിരിക്കേണ്ടതിന് എന്റെ കണ്ണുകളെയും വ്യർത്ഥകാര്യങ്ങളെ കേൾക്കാതിരിക്കേണ്ടതിന് എന്റെ ചെവികളെയും തിന്മയുടെ പ്രവർത്തനത്തിൽ നിന്ന് എന്റെ കൈകളെയും നിന്നിൽ ചലിക്കുന്നതിന് എന്റെ അന്തർഇന്ദ്രിയങ്ങളെയും നീ കാത്തുകൊള്ളേണമേ എന്ന് നിന്നോടു ഞാൻ അപേക്ഷിക്കുന്നു.

അതിനു ശേഷം കാസായും പീലാസായും കൈയിൽ എടുത്ത് കുരിശാകൃതിയിൽ പിടിച്ചുകൊണ്ട് കർത്താവിന്റെ മനുഷ്യാവതാരത്തിലെ ഓരോ സംഭവത്തെയും അനുസ്മരിപ്പിച്ചുകൊണ്ട് മദ്ധ്യസ്ഥ പ്രാർത്ഥന ചൊല്ലുന്നു.

ദൈവമായ കർത്താവേ, ഞങ്ങൾക്കു വേണ്ടിയുള്ള രക്ഷാകരമായ നിന്റെ സകല നടപടികളേയും പ്രത്യേകിച്ച് ഈറേമോലാഖയുടെ ദൂത്, മഹത്വമുള്ള നിന്റെ ഗർഭവാസം, ജഡപ്രകാരമുള്ള ജനനം, യോർദ്ദാനിലെ സ്നാനം, 40 ദിവസത്തെ നോമ്പ്, രക്ഷാകരമായ കഷ്ടാനുഭവം, സ്ലീബാ മേലുള്ള ആരോഹണം, ജീവപ്രദായകമായ മരണം, ബഹുമാനമുള്ള കബറടക്കം, മഹത്വ

മുള്ള പുനരുത്ഥാനം, സ്വർഗ്ഗാരോഹണം, പിതാവാം ദൈവത്തിന്റെ വലത്തു ഭാഗത്തുള്ള ഇരുപ്പ് എന്നിവയെ ഞങ്ങളുടെ മുമ്പാകെ വെച്ചിരിക്കുന്ന ഈ സ്തോത്രബലിയിൽ ഞാൻ ഓർക്കുന്നു. ഞങ്ങളുടെ പിതാവായ ആദാമിനേയും ഹവ്വായേയും വി. മറിയാമിനേയും ദീർഘദർശിമാരേയും ശ്ലീഹന്മാരേയും ഞങ്ങളോട് ഒരുമിച്ചുനിന്ന് പ്രാർത്ഥിക്കുന്ന ഈ ജനത്തേയും ആദാം മുതൽ ഇന്നുവരെ നിന്നെ പ്രസാദിപ്പിച്ചിട്ടുള്ള എല്ലാവരേയും ഞാൻ ഓർക്കുന്നു.

ഈ ആലയത്തിന്റെ പണിയിൽ സംബന്ധിച്ചവരേയും സംബന്ധിക്കുന്നവരെയും ഈ സ്ഥലത്തിന്റെ നിലനിൽപ്പിനുവേണ്ടി പരിശ്രമിച്ചിട്ടുള്ളവരെയും ഞങ്ങൾ ഓർക്കുന്നു. തുടർന്ന് വി. കുർബ്ബാനയിൽ ഓർക്കുവാൻ പേരു കൊടുത്തവരുടെ പേര് ഓർത്ത് പ്രാർത്ഥിക്കുന്നു. കുർബ്ബാന ആരംഭിക്കുന്നതിനു മുമ്പേ തന്നെ പേരു കൊടുക്കണമെന്ന് പറയുന്നത് ഇതുകൊണ്ടാണ്. പലരും ഈ വസ്തുത അറിയാതെ കുർബ്ബാനയുടെ ഈ ഭാഗം കഴിഞ്ഞ ശേഷം പേരു കൊടുക്കുന്നത് സാധാരണയാണ്. അതിനുശേഷം രോഗികൾ, വാങ്ങിപ്പോയവർ, പട്ടക്കാരന്റെ സ്വന്തത്തിൽപ്പെട്ടവർ എന്നിങ്ങനെ ഓരോരുത്തരെ ഓർക്കുന്നു. അനന്തരം കാസായും പീലാസായും ത്രോണോസിൽ വെച്ച് ശോശപ്പാ കൊണ്ട് മൂടുന്നു.

തുടർന്നു ധൂപം അണച്ചുകൊണ്ടുള്ള മദ്ധ്യസ്ഥ പ്രാർത്ഥനയാണ്. ഈ സമയം മുഴുവൻ ജനം പുറമേ നിന്ന് പ്രാർത്ഥിക്കുകയും പട്ടക്കാരൻ രഹസ്യമായി ഒരുക്ക ശുശ്രൂഷ (തൂയോബോ) എത്തിക്കുകയും ധൂപാർപ്പണം നടത്തി അവസാനിപ്പിക്കുകയും ചെയ്യുന്നു. ഈ ഭാഗം ന്യായപ്രമാണ കാലയളവിനേയും അതിലെ കുർബാനയേയും പുരോഹിതൻ തിരശീലയ്ക്കകത്തു പോയി പ്രാർത്ഥിക്കുമ്പോൾ ജനങ്ങളും പുറമെ നിന്ന് പ്രാർത്ഥിക്കുന്നതിനേയും സൂചിപ്പിക്കുന്നു.

അനന്തരം *എരിതീ നിരവിട്ടീറേ ദൂതനിറങ്ങിച്ചെന്ന്...... നിൽക്കണമവർ വലഭാഗത്തിൽ* എന്നുള്ള ഗീതം ആരംഭിക്കുന്നു. ഈ ഗീതത്തിൽ വി. കന്യകമറിയാമിനെയും സഹദേന്മാരേയും നമ്മുടെ രക്ഷകനേയും വാങ്ങിപ്പോയവരേയും എല്ലാം ഓർക്കുന്നു. വളരെ അർത്ഥവ്യാപ്തിയുള്ള മനോഹരമായ ഒരു ഗീതമാണിത്. മുൾപടർപ്പ് എരിയുന്നില്ല. എന്നാൽ അഗ്നി കത്തിക്കൊണ്ടിരിക്കുന്നു എന്ന അത്ഭുത കാഴ്ച മോശ കണ്ടു. അതുപോലെ ദഹിപ്പിക്കുന്ന അഗ്നിയായവനെ വഹിച്ചിട്ട് മറിയാമിന്റെ ശരീരത്തിനോ കന്യാവ്രതത്തിനോ ഒരു കുഴപ്പവും ഉണ്ടായില്ല. ഈ ഗീതം ആരംഭിക്കുമ്പോൾ ത്രോണോസിലെ വടക്കുഭാഗത്തെ മെഴുകുതിരി കത്തിക്കുകയും തുടർന്ന് എല്ലാ മെഴുകുതിരികളും കത്തിക്കുകയുമാണ്. ആട്ടിടയർ പ്രത്യക്ഷപ്പെട്ടതിന്റെ സൂചനയാണിത്.



വടക്കുഭാഗത്തിന് കൂടുതൽ പ്രാധാന്യം ഉണ്ട്. മേൽപ്പട്ടക്കാർ കുർബാനയിൽ സംബന്ധിക്കുമ്പോൾ വടക്കുഭാഗത്താണ് നിൽക്കുകയോ ഇരിക്കുകയോ ചെയ്യുന്നത്. വി. കുർബ്ബാനയുടെ ഇടയ്ക്കുള്ള രണ്ടു ആശീർവാദങ്ങളും നൽകുന്നത് തെക്കുവശം തിരിഞ്ഞ് ആണെങ്കിലും വി. കുർബ്ബാന പടിഞ്ഞാറോട്ട് എഴുന്നെള്ളിക്കുന്നത് വടക്കുവശം തിരിഞ്ഞുകൊണ്ടാണ്. ഇതോടെ വിശുദ്ധ കുർബ്ബാനയുടെ പരസ്യമായ ഭാഗങ്ങൾ ആരംഭിക്കുന്നതിനു മുൻപുള്ള ക്രമങ്ങൾ അവസാനിക്കുന്നു.

## വി. കുർബ്ബാനയുടെ പരസ്യമായ ഭാഗം

മറ നീക്കുന്നത് ന്യായപ്രമാണ തിരശീല പൂർണ്ണമായി മാറി സ്വർഗ്ഗം തുറക്കപ്പെടുന്നതായി സൂചിപ്പിക്കുന്നു. ഉടനെ പട്ടക്കാരൻ "നിന്നെ പ്രസവിച്ച മറിയാമും നിന്നെ മാമോദീസാ മുക്കിയ യോഹന്നാനും ഞങ്ങൾക്കുവേണ്ടി നിന്നോടപേക്ഷിക്കും. കാരുണ്യവാനായ കർത്താവേ ഞങ്ങളുടെ മേൽ കരുണ ചെയ്യേണമെ" എന്ന് ആരംഭിക്കുന്നു. ഈ ഭാഗം നമ്മുടെ കർത്താവിന്റെ ജനനത്തേയും മാമോദീസായേയും കുറിക്കുന്നു. ജനം ചൊല്ലുന്ന പ്രതിവാക്യത്തിൽ നിന്ന് തന്റെ ജനനം കുരിശുമരണത്തിനുള്ള ഒരുക്കമാണെന്നു കാണുന്നു. മെഴുകുതിരി പിടിച്ച ശെമ്മാശ്ശൻ മുമ്പിലും ധൂപം വീശുന്ന പട്ടക്കാരൻ പിൻപിലും ആയി ത്രോണോസിനെ വലം വെയ്ക്കുന്നു. മെഴുകുതിരി മുമ്പിലായി വരുന്നത് ആട്ടിടയന്മാരും വിദ്വാന്മാരും യേശുക്കുഞ്ഞിനെ ആരാധിച്ചതിനെ കുറിക്കുന്നു. കർത്താവിന്റെ മുന്നോടിയായ യോഹന്നാൻ സ്നാപകനെ സൂചിപ്പിക്കുന്നതായും ചിലർ വ്യാഖ്യാനിക്കുന്നു. മറുവഹസാ ഇരുവശവും പിടിച്ചു കുലുക്കുന്നത് മാലാഖമാരുടെ അകമ്പടിയെ കുറിക്കുന്നു.

അതിന്റെ ശേഷം പട്ടക്കാരൻ 'ദൈവമേ നീ ശുദ്ധമുള്ളവനാകുന്നു' എന്ന് ചൊല്ലുന്നു. തന്റെ ജനനത്തിൽ സ്വർഗ്ഗീയ കവാടങ്ങൾ തുറക്കപ്പെടുകയാൽ മാലാഖമാർ ഇറങ്ങിവന്ന് ആട്ടിടയന്മാർ കാൺകെ ദൈവത്തെ മഹത്വപ്പെടുത്തി. അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം ഭൂമിയിൽ ദൈവപ്രസാദമുള്ള മനുഷ്യർക്കു സംപ്രീതി എന്ന് പാടി. അതുപോലെ തന്റെ ക്രൂശുമരണസമയത്തും മാലാഖമാർ ഇറങ്ങിവരികയും ക്രൂശിന്റെ ചുറ്റും നിന്നുകൊണ്ട് ദൈവമേ നീ ശുദ്ധമുള്ളവനാകുന്നു എന്നു മൂന്നു വരികൾ ചൊല്ലി തന്റെ ക്രൂശു ചുമന്നുകൊണ്ടുപോയ ശീമോൻ ഭൂമിയിൽ നിന്നുകൊണ്ട് ഇതു വ്യക്തമായി കേൾക്കുകയും നാലാമത്തെ വരി "ഞങ്ങൾക്കുവേണ്ടി കുരിശിൽ തൂങ്ങപ്പെട്ടവനെ ഞങ്ങളുടെ മേൽ അനുഗ്രഹം ചെയ്യേണമെ" എന്ന് ചൊല്ലി പൂർത്തീകരിക്കുകയും ചെയ്തു. അങ്ങനെ സ്വർഗ്ഗീയരും ഭൗമികരും കൂടിചേർന്ന് ചൊല്ലി അവസാനിപ്പിച്ച ഒരു പ്രാർത്ഥനയാണ് പ്രസ്തുത ഭാഗം. ഇതിനെ ത്രൈശുദ്ധ കീർത്തനം എന്നും വിളിക്കുന്നു.

ലേഖന വായനകൾ ദീർഘദർശിമാർ മുൻപ് പ്രവചിച്ച നിഗൂഢ മർമ്മങ്ങളുടെ പൂർത്തീകരണമാണ് ക്രിസ്തുവിന്റെ മനുഷ്യാവതാരമെന്നും അനുസ്മരിപ്പിക്കുന്നു. വടക്കുവശത്തുള്ള വായന യഹൂദരോടു സുവിശേഷം അറിയിച്ചതിനേയും തെക്കു വശത്തുള്ള വായന പുറജാതികളോടു സുവിശേഷം അറിയിച്ചതിനേയും കുറിക്കുന്നു. ഈ രണ്ടു വായനാഭാഗത്തിനു മുമ്പ് ചൊല്ലുന്ന ഗീതങ്ങളിൽ നിന്നും അതു വ്യക്തമാകുന്നു.

ഏവൻഗേലിയോൻ വായന യേശുവിന്റെ പരസ്യ ശുശ്രൂഷയുടെ പ്രാരംഭത്തെ കുറിക്കുന്നു. ഏവൻഗേലിയോൻ കേൾക്കുന്നത് വിമർശന ബുദ്ധിയോടെയല്ല, വിശ്വാസത്തോടും അടക്കത്തോടും ഭയത്തോടും കൂടി വേണം എന്ന് അനുശാസിക്കുന്നു. തുടർന്ന് "യജമാനൻ വരുമന്നേരത്തുണർവുള്ളോരായ് - മുന്തിരിത്തോപ്പിൽ പണിയായ്...." എന്നഗീതം ജീവനുള്ള വചനങ്ങളെ കേട്ടതിനു ശേഷം തന്റെ സുവിശേഷവേലയുടെ വയലാകുന്ന മുന്തിരിത്തോപ്പിൽ വേല ചെയ്യണമെന്നുള്ള ആഹ്വാനമാണ്. അങ്ങനെയുള്ളവരെ എങ്ങനെ പരിപാലിക്കുമെന്നും അവർക്കെന്തെല്ലാം ലഭിക്കും എന്നും മറ്റും ഈ ഗീതത്തിൽ പ്രതിപാദിച്ചിരിക്കുന്നു.

### പ്രൊമിയോൻ (പ്രാരംഭ പ്രാർത്ഥന)

പാപമോചന പ്രാർത്ഥന നാം എല്ലാവരും പ്രാർത്ഥിച്ച് കർത്താവിൽ നിന്ന് അനുഗ്രഹങ്ങളും മനോഗുണവും യാചിക്കണമെന്നും 'അനുഗ്രഹിക്കുന്നവനായ കർത്താവേ ഞങ്ങളുടെ മേൽ അനുഗ്രഹം ചെയ്തു ഞങ്ങളെ സഹായിക്കണമെ' എന്നും മറ്റുമുള്ള പ്രാർത്ഥനയ്ക്കു ശേഷം പട്ടക്കാരൻ പ്രൊമിയോൻ ചൊല്ലുന്നു. കടങ്ങളെ പരിഹരിക്കുന്നവനും പാപങ്ങളെ ക്ഷമിക്കുന്നവനും എന്നു തുടങ്ങുന്ന പ്രൊമിയോൻ പുത്രൻ തമ്പുരാനെ സ്തുതിക്കുന്ന ഒരു പ്രാർത്ഥനയാണ്. അതിനെ തുടർന്ന് ശെമ്മാശൻ 'അനുഗ്രഹിക്കുന്നവനായ കർത്താവിന്റെ മുൻപാകെയും....' എന്ന പ്രാർത്ഥന ആരംഭിക്കുന്നു. ഇവിടെ കുർബാനയുടെ പ്രധാന ഘട്ടത്തെ സൂചിപ്പിക്കുന്നു. മേൽപറഞ്ഞ എല്ലാ പ്രാർത്ഥനയുടെയും ഒടുവിൽ അതായത് പട്ടക്കാരൻ ചൊല്ലുന്നതും ശെമ്മാശൻ ചൊല്ലുന്നതും ജനം ചൊല്ലുന്നതുമായ എല്ലാ ഭാഗങ്ങളിലും അനുഗ്രഹിക്കുന്നവനായ കർത്താവിൽ നിന്ന് അനുഗ്രഹങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കുകയും യാചിക്കുകയും ചെയ്യണമെന്നുള്ള ആഹ്വാനമാണ്.

### സെദറാ (നീണ്ട പ്രാർത്ഥന)

പാപമോചനത്തിനു വേണ്ടിയുള്ള ഒരു പ്രാർത്ഥനയാണ്. 'പുണ്യമാക്കുന്നവനും' എന്നുള്ള പ്രാർത്ഥന. പാപമോചനത്തെയാണ് ഇവിടെ പരിപൂർണ്ണമായി വർണ്ണിക്കുന്നത്. ക്ഷമിക്കുകയും അവയെ ഓർക്കാതിരിക്കുകയും വേണം എന്നുള്ള അഭ്യർത്ഥനയാണ്. ക്ഷമിച്ചുകിട്ടിയാലും ഒരാൾ ഇന്ന



തെല്ലാം ചെയ്തിട്ടുള്ളവനാണ് എന്ന് ഓർക്കാതിരിക്കുമോ എന്നുള്ള സംശയം നമ്മിൽ ഉണ്ടായെന്നു വരാം. അതുകൊണ്ട് ദൈവം ഓർമ്മയിൽ നിന്നുപോലും മായിച്ചുകളയണമെന്നുള്ള അഭ്യർത്ഥനയാണ് ഈ പ്രാർത്ഥനയിൽ പറയുന്നത്.

### ധൂപക്കുറ്റി വാഴ്വ്

ഒരു ചങ്ങലയിൽ പിടിച്ചുകൊണ്ട് പിതാവിനെ സ്തുതിക്കുകയും പുത്രൻ തമ്പുരാൻ പൂർണ്ണ ദൈവവും പൂർണ്ണ മനുഷ്യനുമാകയാൽ രണ്ടും മൂന്നും ചങ്ങലയിൽ ഒന്നിച്ചുപിടിച്ച് പുത്രനെ സ്തുതിക്കുകയും മൂന്നാമത്തെ ചങ്ങലയിൽ പിടിച്ച് പരിശുദ്ധ റൂഹായെ സ്തുതിക്കുകയും ചെയ്യുന്ന ഈ പ്രാർത്ഥന ത്രിത്വത്തെ മഹത്വപ്പെടുത്തുന്ന പ്രാർത്ഥനയാണ്.

അടുത്തത് വിശ്വാസപ്രമാണം ആകുന്നു. കുർബാനയുടെ ഈ ഭാഗം വരെ വിശ്വാസികൾക്കും അവിശ്വാസികൾക്കും ഒന്നിച്ചു സംബന്ധിക്കാം. ഇനിയുമുള്ള ഭാഗങ്ങളിൽ അവിശ്വാസികൾ സംബന്ധിക്കുവാൻ പാടില്ല. മുൻകാലങ്ങളിൽ ശെമ്മാശൻ ധൂപം വീശിക്കൊണ്ട് ഹൈക്കലായിലൂടെ നടന്നുവരുമ്പോൾ അവിശ്വാസികൾ പൊയ്ക്കൊള്ളും. അഥവാ അവിശ്വാസികൾ പോകാതെ നിന്നാൽ പറഞ്ഞയക്കുന്നതിന് ശെമ്മാശന് അധികാരമുണ്ട്. ഇക്കാലത്ത് അവിശ്വാസികൾ സംബന്ധിക്കുന്നതായി കാണാത്തതിനാൽ അങ്ങനെ പറഞ്ഞയക്കുന്നില്ല. നമ്മുടെ കർത്താവിനോടു കൂടി എപ്പോഴും ഒരു ജനസമൂഹം ഉണ്ടായിരുന്നെങ്കിലും താൻ സെഹിയോൻ മാളികയിൽ വെച്ച് കുർബാന സമർപ്പിക്കുമ്പോൾ തന്റെ അപ്പോസ്തോലന്മാരെ മാത്രമേ അതിൽ സംബന്ധിക്കുവാൻ അനുവദിച്ചുള്ളു. അതുകൊണ്ടാണു കുർബാനയുടെ ഇനിയുമുള്ള ഭാഗങ്ങളിൽ വിശ്വാസികൾ മാത്രമെ സംബന്ധിക്കാവൂ എന്ന് നിഷ്കർഷിച്ചിരിക്കുന്നത്. കാരണം, 'അനുഭവിച്ചീടുന്നോർക്കായി അനുഷ്ഠിക്കുന്നീ കുർബാന..' എന്ന് പറഞ്ഞിരിക്കുന്നു.

വിശ്വാസപ്രമാണ സമയത്ത് പട്ടക്കാരൻ കൈകഴുകുന്നത് നമ്മുടെ കർത്താവ് ശിഷ്യന്മാരുടെ കാലുകളെ കഴുകിയതിനെ കുറിക്കുന്നു. പീലാത്തോസ് വിസ്താരസമയം കൈ കഴുകിയതിനെ സൂചിപ്പിക്കുന്നതായി ചിലർ വ്യാഖ്യാനിക്കുന്നുണ്ട്. എന്നാൽ അത് അത്ര കണ്ട് ശരിയല്ല. പട്ടക്കാരൻ പദവിയിൽ കയറുന്നത് കർത്താവ് മാളികയുടെ മുകളിൽ കയറി തന്റെ ശിഷ്യന്മാരുമായി കുർബാന സ്ഥാപിച്ചതിനെ അനുസ്മരിപ്പിക്കുന്നു. മാത്രമല്ല ബലി അർപ്പിക്കുന്നവർ എല്ലാവിധ ഭൗതിക ചിന്തകൾക്കും അതീതരായിരിക്കണമെന്ന് പട്ടക്കാരനെ ഓർമ്മിപ്പിക്കുന്നു. പട്ടക്കാരൻ ത്രോണോ

സിന്റെ മുമ്പാകെ മുട്ടുകുത്തി പ്രത്യേകമായ രഹസ്യപ്രാർത്ഥന നടത്തി തന്നെത്തന്നെ ദൈവത്തിന് താഴ്മയോടു കൂടി സമർപ്പിച്ചുകൊണ്ടാണ് കുർബ്ബാനയുടെ ഇനിയുമുള്ള ഭാഗങ്ങൾ തുടരുന്നത്.

### സമാധാന ചുംബനം

അടുത്തത് സമാധാന ചുംബനം ആകുന്നു. ആദിമകാലങ്ങളിൽ വിശ്വാസികൾ പരസ്പരം ചുംബിച്ചിരുന്നു. സ്ത്രീകൾ തമ്മിലും പുരുഷന്മാർ തമ്മിലും (സ്ത്രീയും പുരുഷനും തമ്മിലും) ഭക്തിപുരസ്സരം ചുംബിച്ചുകൊണ്ടിരുന്നു. പിന്നീട് സമാധാന ചുംബനം കൈകസ്തൂരിയായി മാറി. ഇപ്പോൾ ഭക്തിനിർഭരമായി ആർക്കും തമ്മിൽ കൈകസ്തൂരി നൽകാം. ദൈവത്തിന് ബലി അണയ്ക്കുമ്പോൾ ദൈവവുമായി നിരപ്പാകുന്നതിന് മുൻപ് സഹോദരീ സഹോദരന്മാരുമായി നിരപ്പാകണമെന്നുള്ള വേദഭാഗമാണ് ഇതിന്റെ അടിസ്ഥാനം.

ഈ കൈകസ്തൂരി സ്വീകരിക്കുമ്പോൾ ഇഷ്ടമില്ലാത്തവരിൽ നിന്ന് അതുണ്ടാവാതിരിക്കാനായി ചിലർ മാറിനിൽക്കുന്നത് നീചവും സങ്കടകരവുമാണ്. വിശ്വാസപ്രമാണത്തിനു ശേഷം പട്ടക്കാരൻ സ്നേഹത്തിനും സമാധാനത്തിനും ഐകമത്യത്തിനും വേണ്ടിയുള്ള പ്രത്യേകമായ പ്രാർ ത്ഥന ചൊല്ലുന്നു.

കുർബാനയുടെ ഇനിയുമുള്ള ഭാഗങ്ങളിൽ ഏറ്റവും കൂടുതൽ ഭയഭക്തിയോടുകൂടി പങ്കെടുക്കണമെന്നുള്ള ശെമ്മാശന്റെ ആഹ്വാനമാണ് അടുത്തത്. 'സഹോദരന്മാരേ നാം എല്ലാവരും ഭംഗിയോടും ഭയത്തോടും വണക്കത്തോടും വിശുദ്ധിയോടും സ്നേഹത്തോടും സത്യവിശ്വാസത്തോടും നല്ല ദൈവഭക്തിയോടും നിന്നുകൊണ്ട്' കുർബാനയിൽ സൂക്ഷിക്കണമെന്നുള്ള ആഹ്വാനമാണ്.

### ശോശപ്പാ ആഘോഷം

അടുത്തത് ശോശപ്പാ ആഘോഷമാണ്. ശോശപ്പാ ആഘോഷിക്കുന്നത് ഒരു രഹസ്യപ്രാർത്ഥന ചൊല്ലിക്കൊണ്ടാണ്. 'ഇസ്രായേലിന്റെ പന്ത്രണ്ട് ഗോത്രങ്ങൾക്ക് ജലപ്രവാഹത്തെ ഒഴുക്കിയ തീക്കൽപാറ നീ ആകുന്നു. ഞങ്ങളുടെ രക്ഷകന്റെ  കബറിങ്കൽ വെക്കപ്പെട്ട തീക്കൽപാറയും നീയാകുന്നു.' ശോശപ്പാ ആഘോഷിച്ച് മാറ്റിവെക്കുന്നത് നമ്മുടെ കർത്താവ് മറുരൂപപ്പെട്ടതിനെ സൂചിപ്പിക്കുന്നു. അടുത്തത് പട്ടക്കാരൻ പടിഞ്ഞാറോട്ട് തിരിഞ്ഞ് റൂശ്മാ ചെയ്തുകൊണ്ട് 'പിതാവാം ദൈവത്തിന്റെ സ്നേഹവും ഏകജാതനായ പുത്രന്റെ കൃപയും പരിശുദ്ധ റൂഹായുടെ സംബന്ധവും സഹവാസവും നിങ്ങൾ എല്ലാവരോടും കൂടി എന്നേക്കും ഉണ്ടായിരിക്കട്ടെ' എന്ന് ആശീർവദിക്കുന്നു. ഇത് അപ്പോസ്തോലിക ആശീർവാദമാണ്. വി.



കുർബാന തുടങ്ങി ഈ ഭാഗം വരെ പ്രധാനമായി പുത്രൻ തമ്പുരാനെയാണ് സ്തുതിക്കുന്നത്. ഇനിയുമുള്ള ഭാഗങ്ങളിൽ പ്രാധാന്യം നൽകുന്നത് പിതാവായ ദൈവത്തിനാണ്.

അതായത് ഇതുവരെയുള്ള പട്ടക്കാരന്റെ എല്ലാ പ്രാർത്ഥനയുടെയും അവസാന ഭാഗത്ത് "ഞങ്ങൾ നിനക്കും നിന്റെ പിതാവിനും ശുദ്ധമുള്ള നിന്റെ റൂഹായിക്കും സ്തുതിയും സ്തോത്രവും കരേറ്റുന്നു" എന്നത് "ഞങ്ങൾ നിനക്കും നിന്റെ ഏകജാതനായ പുത്രനും ശുദ്ധമുള്ള നിന്റെ റൂഹായ്ക്കും" എന്ന് മാറ്റിച്ചൊല്ലുന്നു. അടുത്തത് കൈ ഉയർത്തിപ്പിടിച്ചു കൊണ്ട് 'നാം എല്ലാവരുടെയും ബോധങ്ങളും വിചാരങ്ങളും' എന്നുള്ള പ്രാർത്ഥനയാണ്.

പഴയനിയമ കാലത്ത് യഹൂദന്മാർ പ്രാർത്ഥിക്കുമ്പോൾ കൈ ഉയർത്തിപ്പിടിച്ചിരുന്നു. ദൈവത്തിന്റെ കൃപകൾ സ്വീകരിക്കുന്നതിനായിരുന്നു അവർ അപ്രകാരം ചെയ്തിരുന്നത്. നമ്മുടെ കർത്താവ് സ്വർഗ്ഗത്തിലേക്ക് ദൃഷ്ടി ഉയർത്തി സ്തോത്രം ചെയ്തതുപോലെ പട്ടക്കാരനും ജനവും ദൃഷ്ടി ഉയർത്തി സ്തോത്രം ചെയ്യുന്നു. വി. കുർബാനയിലെ ഈ ക്രിയകൾ മൂലം സഭ ആത്മികമായി പറന്നുയർന്ന് യേശുക്രിസ്തുവിന്റെ പുണ്യാഹരക്തത്തിന്റെ അടുത്ത് ചെന്ന് ചേർന്ന് ആ സ്വർഗ്ഗീയ ജനവുമായി ഒന്നിക്കുന്നു.

അനന്തരം 'ശരീരികളും അശരീരികളും മാലാഖമാരും സൂര്യനും ചന്ദ്രനും നക്ഷത്രങ്ങളും മഹത്വീകരിക്കുന്നവനെ നാമും മഹത്വീകരിക്കണമെന്നുള്ള' പട്ടക്കാരന്റെ ആഹ്വാനമാണ്. ഇത് യേശുതമ്പുരാന്റെ സ്വർഗ്ഗീയ യജ്ഞത്തിൽ ബന്ധപ്പെടുന്ന ആത്മസൃഷ്ടികളായ മാലാഖമാരോട് മരണ യവനികയ്ക്ക് അപ്പുറം പോയ വിശുദ്ധന്മാരുടെ കൂട്ടത്തോട് നാമും ഒന്നിക്കുകയും അവരോടു ചേർന്ന് സ്തുതിക്കുകയും ചെയ്യണമെന്ന് അനുസ്മരിപ്പിക്കുന്നു. അതിനാൽ വി. കുർബാന ദൈവകുമാരന്റെ സ്വർഗ്ഗീയ യജ്ഞത്തോടുള്ള ഏകീകരണവും പുതിയനിയമ ആരാധനയുമായിത്തീരുന്നു.

അനന്തരം ജനം "തന്റെ സ്തുതികളാൽ ആകാശവും ഭൂമിയും നിറഞ്ഞിരിക്കുന്ന ബലവാനായ ദൈവം തമ്പുരാൻ പരിശുദ്ധൻ" എന്ന പ്രാർത്ഥന ചൊല്ലുന്നു. ഈ അവസരത്തിൽ പട്ടക്കാരൻ ഒരു രഹസ്യ പ്രാർത്ഥന ചൊല്ലി കൈകളെ പ്രാവിന്റെ ചിറകുകൾ പോലെ ചലിപ്പിച്ച് അപ്പവീഞ്ഞുകളിൽ ആവസിപ്പിക്കുന്നു. പട്ടക്കാരൻ ചൊല്ലുന്ന രഹസ്യപ്രാർത്ഥന "മണ്ണിൽ നിന്ന് നീ മനുഷ്യനെ സൃഷ്ടിക്കുകയും പറുദീസായിൽ നീ അവനെ അയയ്ക്കുകയും ചെയ്തു. അവൻ നിന്റെ കല്പന ലംഘിച്ചു എങ്കിലും വഴിതെറ്റിപ്പോകാനായി നീ അവനെ ഉപേക്ഷിച്ചില്ല. എന്നാലോ ദീർഘദർശിമാർ മുഖാന്തിരം നീ അവനെ നടത്തി. അവസാനം നിന്റെ ഏകജാതനായ പുത്രനെ നീ ലോകത്തിലേക്ക് അയച്ചു. അവൻ പരിശുദ്ധ റൂഹായിൽ നിന്നും കന്യക

യിൽ നിന്നും ജഡം ധരിച്ചുകൊണ്ട് പഴകിപ്പോയ നിന്റെ സാദൃശ്യത്തെ പുതുതാക്കിത്തീർത്തു. പരിശുദ്ധാത്മാവ് ദേഹരൂപത്തിൽ പ്രാവ് എന്ന പോലെ അവന്റെ മേൽ ഇറങ്ങിവന്നു വെന്ന വേദഭാഗത്തെ കുറിക്കുന്നു. പട്ടക്കാരൻ രണ്ട് കൈകളും പ്രാവിന്റെ ചിറകുകൾ പോലെ ചലിപ്പിക്കുന്നതിൽ വലതു കൈകൊണ്ട് ആവസിപ്പിക്കുകയും ഇടതു കൈ പുറകോട്ട് ചലിപ്പിച്ച് സാത്താനേയും അവന്റെ സൈന്യങ്ങളേയും അടിച്ചോടിക്കുകയും ചെയ്യുന്നു.

### അപ്പ വീഞ്ഞുകളുടെ ശുദ്ധീകരണം

അനന്തരം ശരീരരക്തങ്ങളെ വാഴ്ത്തി വി. കുർബാന സ്ഥാപിക്കുകയാണ്. നമ്മുടെ കർത്താവ് മർക്കോസിന്റെ മാളികയിൽ വച്ച് ചെയ്തതിന്റെ വിവരണം പറഞ്ഞുകൊണ്ട് അപ്പം എടുക്കുകയും വാഴ്ത്തി എന്നു പറയുമ്പോൾ കുരിശു വരച്ച് വാഴ്ത്തുകയും, മുറിച്ചു എന്നു പറയുമ്പോൾ അപ്പം മുറിക്കുകയും ചെയ്യുന്നു. എന്നാൽ രണ്ടായി വേർപെടുത്തുന്നില്ല. 'ഇതെന്റെ ശരീരം' എന്നിത്യാദി കർത്താവിന്റെ വചനങ്ങൾ തന്നെ ഉദ്ധരിക്കുന്നു. അപ്പോൾ വി. റൂഹായുടെ ആവാസത്താൽ അപ്പം കർത്താവിന്റെ യഥാർത്ഥ ശരീരമായിത്തീരുന്നു. മാംസവും രക്തവും ചേർന്ന യഥാർത്ഥ ശരീരം എന്നോ മാംസത്തിന്റെയും രക്തത്തിന്റെയും രുചി ഉണ്ടാകുമെന്നോ വിശ്വസിക്കുന്നവർക്കു മാത്രം ഇതു ക്രിസ്തുവിന്റെ ശരീരമെന്നോ അല്ല പ്രത്യുത ബാഹ്യവസ്തുവിന് ആന്തരികമായി രൂപഭേദമുണ്ടായി കർത്താവിന്റെ യഥാർത്ഥ ശരീരമാകുന്നു എന്നത്രേ നമ്മുടെ വിശ്വാസം. ഇതുപോലെ വീഞ്ഞു വാഴ്ത്തി കർത്താവിന്റെ യഥാർത്ഥ രക്തമാക്കിത്തീർക്കുന്നു. 'എന്റെ ഓർമ്മയ്ക്കായി നിങ്ങളും ഇപ്രകാരം ചെയ്യുവിൻ' എന്നുള്ള കർത്താവിന്റെ അന്ത്യശാസനവും ഈ അവസരത്തിൽ പട്ടക്കാരൻ ഓർപ്പിക്കുന്നു. ഈ സമയം ഒരു ചെറിയ കുഷ്യനും ഒരു സ്പൂണും വെച്ച് പടിഞ്ഞാറോട്ട് കാണിക്കുന്നു. കുഷ്യൻ കന്യകമറിയാമ്മിൽ നിന്നും യേശുക്കുഞ്ഞിനെ കിടത്തിയ തുണിയോടു കൂടി യേശുവിനെ ശിമയോൻ വാങ്ങി 'നിന്റെ രക്ഷയെ എന്റെ കണ്ണുകൾ കണ്ടു ഇനിയും സമാധാനത്തോടു കൂടി അടിയനെ പറഞ്ഞയക്കണം' എന്നതിനേയും, സ്പൂൺ സ്രാഫികളിൽ ഒരുവൻ അഗ്നിമയനായ ദൂതൻ യാഗപീഠത്തിൽ നിന്ന് കൊടിൽ കൊണ്ട് ഒരു തീക്കട്ട എടുത്ത് ഏശായയുടെ അധരത്തോടു അടുപ്പിച്ച സംഭവത്തിലെ കൊടിലിനെയും സൂചിപ്പിക്കുന്നു. കർത്താവ് മിന്നൽ വേഗത്തിൽ കിഴക്കു നിന്നും വരുമെന്നും മറ്റും വേണമെങ്കിൽ ഇതിന് മറ്റൊരർത്ഥവും കൊടുക്കാം.

### പ. റൂഹായുടെ ആവാസം

ഇതിനു ശേഷവും വി. റൂഹായുടെ ആവാസത്തിനായി പട്ടക്കാരൻ കൈകൾ ആവസിപ്പിക്കുന്നു. ഈ അവസരത്തിൽ ശെമ്മാശൻ വിളിച്ചു



പറയുകയും കൈമണി കിലുക്കുകയും ചെയ്യുന്നു. 'എന്റെ വാത്സല്യമുള്ളവരെ, ജീവനുള്ള പരിശുദ്ധ റൂഹാ സ്വർഗ്ഗമാകുന്ന മേലുള്ള ഉയരത്തിൽ നിന്ന് പ്രതാപത്തോടു കൂടി ഇറങ്ങി....' എന്നുള്ള ശുശ്രൂഷകന്റെ ശ്രദ്ധക്ഷണിക്കൽ അറിയിപ്പിനെ തുടർന്ന് പട്ടക്കാരൻ വീണ്ടും വിശുദ്ധാത്മാവിന്റെ ആഗമനത്തിനായി കൈകളെ ആവസിപ്പിക്കുന്നു.

പരിശുദ്ധാത്മാവാകുന്ന സ്വർഗ്ഗീയ അഗ്നി അദൃശ്യമായി ബലിപീഠത്തിലിറങ്ങി വി. കുർബാനയിലെ ഹോമക്രിയകൾ നടത്തി അതിനെ ശുദ്ധീകരിച്ച് തിരുശരീരരക്തമാക്കിത്തീർക്കുന്നു. ഈ സന്ദർഭത്തിൽ ആത്മീയ കണ്ണുകൾക്ക് മദ്ബഹാ ഒരു ഹോമകുണ്ഠമായി കാണപ്പെടുന്നു. ഉയരത്തിൽ കൃപാസനത്തെ മൂടിക്കൊണ്ടിരുന്ന ദൈവിക അഗ്നി താഴെ ഭൂമിയിൽ ഇറങ്ങിവന്ന് വി. കുർബാനയെ ഹോമിക്കുന്നതോടു കൂടി കൃപാസനത്തിൽ നടക്കുന്ന സ്വർഗ്ഗീയ ശുശ്രൂഷയും സഭയിൽ നടക്കുന്ന ഭൗമിക ശുശ്രൂഷയും തമ്മിൽ യോജിച്ച് ഒന്നായിത്തീരുന്നു. ഈ സമയം ഒരു പ്രത്യേക തേജസ്സും ചൈതന്യവും വിശ്വാസികൾ ത്രോണോസിൽ ദർശിക്കുന്നു. എന്തെന്നാൽ ഇത് ദൈവിക അഗ്നികുണ്ഠം.

അനന്തരം പട്ടക്കാരൻ കർത്താവേ എന്നോട് നീ ഉത്തരമരുളിച്ചെയ്യേണമെ' എന്നു മൂന്നു പ്രാവശ്യം ചൊല്ലുന്നു. വി. കുർബാനയെ ഏലിയാ ദീർഘദർശിയുടെ ബലിയോട് സാമ്യപ്പെടുത്തിയിട്ടുണ്ട്. ബാൽ എന്ന ദേവന്റെ പരികർമ്മികളെ വെല്ലുവിളിച്ചുകൊണ്ട് ഏലിയാവ് യഹോവയ്ക്കു ഒരു കുർബാന അണച്ചതായി തിരുവെഴുത്തിൽ കാണുന്നു. ഏലിയാവിന്റെ കുർബാനയിൽ നടന്ന അതേ സംഭവം തന്നെയാണ് ഇവിടെയും നടക്കുന്നത്. ഏലിയാവ് തന്റെ യാഗം സമർപ്പിച്ചുകൊണ്ടു 'കർത്താവേ എന്നോടു നീ ഉത്തരമരുളേണമേ' എന്നു മൂന്നു പ്രാവശ്യം ഉച്ചത്തിൽ നിലവിളിച്ചപ്പോൾ അത്ഭുതകരമാംവണ്ണം അഗ്നി ഇറങ്ങി അവന്റെ ബലിയെ ഹോമിച്ചു. ദീർഘദർശിയുടെ അതേ പ്രാർത്ഥനയാണ് പട്ടക്കാരൻ ഇവിടെ ചൊല്ലുന്നത്.

പട്ടക്കാരൻ നെഞ്ചത്തടിച്ചുകൊണ്ട് മൂന്നു പ്രാവശ്യം 'എന്നോട് ഉത്തരമരുളേണമേ' എന്നു പ്രാർത്ഥിക്കുന്നു. തുടർന്ന് പട്ടക്കാരൻ പീലാസാമേൽ കൈ ആവസിപ്പിച്ച് വി. റൂഹായുടെ ആവസിപ്പിന്റെ പൂർത്തീകരണത്തിനായി പ്രാർത്ഥിക്കുന്നു. ജീവനുണ്ടാകുന്ന ശരീരം + രക്ഷാകരമായ ശരീരവും + ഞങ്ങളുടെ ദൈവമായ മശിഹാ തമ്പുരാന്റെ ശരീരവുമായി + താൻ ഇതിനെ തീർക്കുമാറാകട്ടെ എന്ന് കാസ മേൽ കൈ ആവസിപ്പിച്ച് പ്രാർത്ഥിക്കുന്നു. ഇതുപോലെ കാസാ വാഴ്ത്തുമ്പോൾ പുതിയനിയമത്തിന്റെ രക്തവും + രക്ഷാകരമായ രക്തവും + ഞങ്ങളുടെ ദൈവമായ മശിഹായുടെ രക്തവുമായി + താൻ ഇതിനെ പൂർത്തീകരിക്കുമാറാകട്ടെ എന്നു പ്രാർത്ഥിക്കുന്നു.

### മദ്ധ്യസ്ഥ പ്രാർത്ഥനകൾ

അടുത്തത് തുബ്ദേൻ ആണ്. ജീവനോടിരിക്കുന്ന മേൽപ്പട്ടക്കാർക്കുവേണ്ടിയും വിശുദ്ധ സഭയുടെ മക്കളായ എല്ലാവർക്കുവേണ്ടിയും രാജാക്കന്മാർക്കു വേണ്ടിയും വാങ്ങിപ്പോയ പരിശുദ്ധന്മാർ, മേൽപട്ടക്കാർ, പട്ടക്കാർ, അൽമേനി എന്നിവർക്കു വേണ്ടിയും ഉള്ള മദ്ധ്യസ്ഥതയാണ്. അനന്തരം യേശു മശിഹായുടെ നാമത്തിലുള്ള ആശീർവാദം കഴിഞ്ഞു മറ ഇടുന്നു. തന്റെ ക്രൂശാരോഹണ സമയത്തെ ഇത് കുറിക്കുന്നു. 'അൻപുടയോനെ' എന്ന ഗീതം ചൊല്ലുമ്പോൾ മദ്ബഹായിൽ ഖണ്ഡിപ്പിന്റെ ശുശ്രൂഷ നടക്കുന്നു. ഗോഗുൽഥായിൽ വെച്ചു നടന്ന തന്റെ ജഡപരിത്യാഗത്തേയും അഥവാ പീഡാനുഭവത്തേയും സൂചിപ്പിക്കുന്നു. ഈ അവസരത്തിൽ പട്ടക്കാരൻ തിരുശരീരം മുറിച്ച് രക്തത്തിൽ കലർത്തി കർത്താവിന്റെ മരണത്തേയും ഉയിർത്തെഴുന്നേല്പിനേയും ഓർത്ത് പ്രാർത്ഥിക്കുകയും ചെയ്യുന്നു. ജനം പുറമെ നിന്ന് 'അൻപുടയോനെ' എന്ന ഗീതമോ അതിനു പകരമുള്ള ഗീതമോ ചൊല്ലി അവസാനിപ്പിക്കുന്നു.

കുർബാനയുടെ ഏറ്റവും മർമ്മപ്രധാനമായ ഈ ഘട്ടത്തിൽ പലരും ദേവാലയം വിട്ടിറങ്ങി പരിസരങ്ങളിൽ പോയി കുശലപ്രശ്നം ചെയ്യുന്നത് വളരെ സങ്കടകരമായ കാര്യമാണ്. ഈ സന്ദർഭത്തിന്റെ പ്രാധാന്യത്തെക്കുറിച്ചുള്ള അജ്ഞത കൊണ്ടാണ് പലരും ഇപ്രകാരം അലക്ഷ്യ മനോഭാവം കാണിക്കുന്നത്. മറ നീക്കുന്നതിനു മുൻപ് ചില നിമിഷങ്ങൾ മദ്ധ്യസ്ഥ പ്രാർത്ഥനകൾക്കായിട്ടുള്ളതാകുന്നു. മറ നീക്കുന്നത് യരുശലേം ദേവാലയത്തിലെ മറ കീറപ്പെട്ടതിനേയും പറുദീസായുടെ അടയ്ക്കപ്പെട്ട വാതിൽ തുറക്കപ്പെടുന്നതിനേയും സ്വർഗ്ഗം തുറക്കപ്പെട്ടതിനേയും ഉയിർത്തെഴുന്നേറ്റ കർത്താവ് ശിഷ്യന്മാർക്ക് പ്രത്യക്ഷപ്പെട്ടതിനേയും ഓർക്കുന്നു. അതുകൊണ്ടാണ് തുടർന്നുള്ള പ്രാർത്ഥനയിൽ രണ്ടു പ്രാവശ്യം അടുപ്പിച്ച് നിങ്ങൾക്ക് സമാധാനം എന്നു പട്ടക്കാരൻ പറയുന്നത്.

തിരുശരീര രക്തങ്ങൾ അടക്കം ചെയ്തിരിക്കുന്ന പൂജാ പാത്രങ്ങൾ ഉയർത്തി ആഘോഷിക്കുന്നത് ക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണത്തെ സൂചിപ്പിക്കുന്നു. ഈ അവസരം തിരുശരീര രക്തങ്ങൾ അനുഭവിക്കുന്നതിനുള്ള ഒരുക്കത്തെ അനുസ്മരിപ്പിക്കുന്നു. അതുകൊണ്ടാണ് 'ഭയത്തോടും വിറയലോടും കൂടി നാം സൂക്ഷിക്കണം' എന്ന് വിളിച്ചുപറയുന്നത്.

### കാസാ പീലാസ ആഘോഷം

പട്ടക്കാരൻ പീലാസ ഉയർത്തിക്കൊണ്ട് വിശുദ്ധിയുള്ളവർക്കും വെടിപ്പുള്ളവർക്കും ഈ വിശുദ്ധതകൾ നൽകുന്നു എന്നു പറയുമ്പോൾ ജനം 'പരിശുദ്ധനായ ഏക പിതാവും പരിശുദ്ധനായ ഏക പുത്രനും പരിശുദ്ധനായ



ഏക റൂഹായും അല്ലാതെ പരിശുദ്ധൻ ഇല്ല' എന്നു പ്രതിവാക്യം ചൊല്ലുന്നു. പട്ടക്കാരൻ പറയുന്നതും ജനം പറയുന്നതും തമ്മിലുള്ള ബന്ധം എന്താണ്. ത്രീയേക ദൈവമല്ലാതെ പരിശുദ്ധൻ ഇല്ല എന്നു പറയുന്നതിന്റെ അർത്ഥം വിശുദ്ധിയും വെടിപ്പും ഉള്ളവരായി ഒരു മനുഷ്യനും ഇല്ലെന്നാണ്. ആകയാൽ സ്വന്തനിലയിൽ ആശ്രയിക്കാതെ ദൈവത്തിന്റെ അളവറ്റ കൃപയിൽ ആശ്രയിച്ചുകൊണ്ടു മാത്രമേ ഈ വിശുദ്ധതകൾ ഭക്ഷിക്കുന്നതിന് സാധിക്കുകയുള്ളു എന്ന് ഈ ഭാഗം നമ്മെ ചൂണ്ടിക്കാണിക്കുന്നു.

ഒന്നായിരിക്കുന്ന പിതാവിനും പുത്രനും ജീവനുള്ള പരിശുദ്ധ റൂഹായിക്കും എന്നേക്കും സ്തുതി എന്ന് പറയുന്നത് ത്രീയേക ദൈവത്തിന്റെ രക്ഷണ്യമായ പ്രവൃത്തികളെ അനുസ്മരിപ്പിച്ചുകൊണ്ടുള്ള സ്തുതിപ്പാകുന്നു. ഈ അവസരത്തിൽ മെഴുകുതിരി കത്തിച്ചുപിടിക്കുന്നതും മറുവഹ്സാ ഉയർത്തിപ്പിടിച്ച് കുലുക്കുന്നതും നമ്മുടെ കർത്താവിന്റെ സ്വർഗ്ഗാരോഹണ സമയം മാലാഖമാർ ഇരുവശവും പ്രത്യക്ഷപ്പെട്ടതിനെ സൂചിപ്പിക്കുന്നു. തുടർന്നു പട്ടക്കാരൻ 'തന്റെ മനോഗുണത്താൽ ലോകത്തെ മനഞ്ഞുണ്ടാക്കിയ പരിശുദ്ധനായ ഏക പിതാവ് നമ്മോടു കൂടെ' എന്നു തുടങ്ങുന്ന പ്രാർത്ഥന ചൊല്ലുന്നു.

അതിന്റെ ശേഷം 'നാം ദൈവസുതന്മാരായിടുവാനായുഷ്ക്കാലത്തിൽ ചൊല്ലി' എന്ന ഗീതം ആലപിക്കുന്നത് വി. ത്രിത്വത്തോട് ഒരുമിച്ച് വാങ്ങിപ്പോയ സകല പിതാക്കന്മാരും ഇറങ്ങിവന്ന് നമ്മോടിടകലരുന്നു എന്ന അർത്ഥത്തിലാണ്. തുടർന്നുള്ള ഗീതങ്ങൾ ദൈവമാതാവ്, വാങ്ങിപ്പോയ പരിശുദ്ധന്മാർ, മേൽപട്ടക്കാർ, പട്ടക്കാർ, അൽമേനികൾ ഇവരെ പ്രത്യേകമായി ഓർത്തുകൊണ്ടുള്ളതാണ്. തുടർന്ന് മറ ഇടുന്നു. ഇത് മണവറയുടെ വാതിൽ അടയ്ക്കപ്പെട്ടതിനെ സൂചിപ്പിക്കുന്നു. തന്റെ സ്വർഗ്ഗാരോഹണത്തോടു കൂടി കർത്താവ് അദൃശ്യനാകുന്നതിനാൽ മദ്ബഹാ മറയ്ക്കുന്നു. മദ്ബഹായിലുള്ളവർ ഈ അവസരത്തിൽ തിരുശരീര രക്തങ്ങൾ അനുഭവിക്കുന്നു.

### വി. കുർബ്ബാനാ സ്വീകരണം

തുടർന്ന് മറ നീക്കുകയും മെഴുകുതിരി, മറുവഹ്സ ഇവ ഇരുവശത്തും പിടിച്ച് മണി കിലുക്കി കാസായും പീലാസായും പിടിച്ച് പട്ടക്കാരൻ ഇടതുവശം തിരിഞ്ഞ് പടിഞ്ഞാറോട്ടു നോക്കി "ഞങ്ങളുടെ രക്ഷയ്ക്കായിട്ട് വന്നവനും ഞങ്ങളുടെ ഉയിർപ്പിനും എന്നേക്കും ഞങ്ങളുടെ വർഗ്ഗത്തിന്റെ പുതുക്കത്തിനുമായി വരുവാനിരിക്കുന്നവനുമായ ദൈവപുത്രാ...." എന്നുള്ള ഭാഗങ്ങൾ പറയുന്നത് കർത്താവിന്റെ രണ്ടാമത്തെ വരവിനെ സൂചിപ്പിക്കുന്നു. മറ നീക്കുന്നത് സ്വർഗ്ഗം തുറന്നിരിക്കുന്നതിനെ ചിത്രീകരിക്കുന്നു. മെഴുകുതിരി, മറുവഹസാ എന്നിവ മാലാഖമാരുടെ അകമ്പടിയേയും,

മണി തന്റെ രണ്ടാമത്തെ വരവിലുള്ള കാഹള നാദത്തേയും സൂചിപ്പിക്കുന്നു. ജനത്തിനും തിരുശരീര രക്തങ്ങൾ കൊടുക്കുന്നതിനാണ് പട്ടക്കാരൻ കൊണ്ടുവരുന്നത് എന്ന് അപ്പോൾ ചൊല്ലുന്ന പ്രാർത്ഥനയിൽ നിന്നു വ്യക്ത മാണ്.

'വിലയേറിയ നിന്റെ തിരുശരീരവും തിരുരക്തവും കൈക്കൊള്ളുന്ന നിന്റെ ഈ ആരാധകരുടെ സംഘത്തെ നീ അനുഗ്രഹിക്കേണമേ.' ഈ അവസരത്തിലാണ് കുർബാന അനുഭവിക്കേണ്ടത്. 'ഞങ്ങളുടെ കർത്താ വായ യേശുമശിഹാ, ഞങ്ങൾ ഭക്ഷിച്ചതായ നിന്റെ തിരുശരീരവും തിരു രക്തവും എന്നുള്ള പ്രാർത്ഥനയിൽ നിന്നു തിരുശരീര രക്തങ്ങൾ ഭക്ഷി ക്കുകയും പാനം ചെയ്യുകയും ചെയ്തു എന്ന് വ്യക്തമാണ്. സൗകര്യപൂർവ്വ മാണ് പിന്നീട് ചില പട്ടക്കാർ ഇത് നൽകുന്നത്. തിരുശരീര രക്തങ്ങൾ വീണ്ടും ത്രോണോസ്സിൽ വച്ചിട്ട് യാത്ര അയയ്ക്കുന്നു. അവസാനത്തെ ആശീർവാദത്തിനു മുൻപായി "നൽകപ്പെട്ട വിശുദ്ധ രഹസ്യങ്ങൾ കൈക്കൊ ണ്ടതിനു ശേഷം" എന്ന് ശെമ്മാശൻ വിളിച്ചുപറയുന്നതിൽ നിന്നു കുർബാന അനുഭവിച്ചു കഴിഞ്ഞു എന്ന് വ്യക്തമാണ്.

ഒടുവിലത്തെ ആശീർവാദത്തിൽ 'നിങ്ങൾ കൈക്കൊണ്ട വഴിആഹാര ത്തോടും സമാധാനത്തോടും കൂടി പോകുവീൻ.' പട്ടക്കാരനും ജനവും സ്വർഗ്ഗീയ കനാനിലേക്കുള്ള തീർത്ഥാടനത്തിനാവശ്യമായ ആഹാരം അനു ഭവിച്ചെന്നും അങ്ങനെ യാത്ര തുടരണമെന്നും, യാത്ര തുടരുന്നതിനാൽ പട്ടക്കാരനു വേണ്ടി പ്രാർത്ഥിക്കണമെന്നുമാണ് പറയുന്നത്. ആശീർവാദം പറയുമ്പോൾ പട്ടക്കാർ മൂന്നു പ്രാവശ്യം തല വണങ്ങി ജനങ്ങളെ അനു ഗ്രഹിക്കുകയും ആശീർവദിക്കുകയും ചെയ്യുന്നു.

### സമാപന ശുശ്രൂഷ

ഇത് പട്ടക്കാരൻ രഹസ്യമായി നടത്തുന്നു. പട്ടക്കാരൻ 23-ാം സങ്കീർത്തനം രഹസ്യമായി ചൊല്ലി അവസാനം ത്രോണോസിനോടും മദ്ബഹായോടും യാത്ര ചോദിക്കുന്നു.

'ദൈവത്തിന്റെ വിശേഷ ജ്ഞാനമുള്ള ബലിപീഠമേ സമാധാനത്തോടു കൂടി ഇരിക്കുക. ഞാൻ ഇനിയും നിന്റെ അടുക്കലേക്ക് തിരിച്ചുവരുമോ ഇല്ലയോ എന്ന് ഞാൻ അറിയുന്നില്ല. അതുകൊണ്ട് നിന്റെ മുമ്പിൽ നിന്നു കൊണ്ട് ശുശ്രൂഷ ചെയ്തിട്ടുള്ള ആചാര്യന്മാരുടെ പട്ടികയിൽ എന്റെ പേരു കൂടി നീ ഓർക്കേണമേ' എന്ന് പ്രാർത്ഥിച്ച് യാത്ര ചോദിച്ച് വിശുദ്ധ കുർബാന അവസാനിപ്പിക്കുന്നു.

❑

ആക്കനാട്ടുതുണ്ടിൽ തോമസച്ചൻ